യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 14 ഏപ്രിൽ 2016 ലക്കം 4



## ശക്തിയുടെ രഹസ്യം

സാമുവൽ ലോഗൻ ബ്രെങ്കിൾ

## 'ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നേ...'

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 14 ഏപ്രിൽ 2016 ലക്കം 4

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി. അയയ്ക്കേണ്ട വിലാസം:


**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃപ്പൂണിത്തുറ | 9037472484 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |

*മൊഴിമുത്തുകൾ*

# നിരന്തരമുള്ള അനുതാപം പിന്മാറ്റത്തിൽ നിന്നു രക്ഷിക്കും.



വിശ്വാസികൾ അനുതാപം ഇല്ലാത്തവരായി കാണപ്പെടുമ്പോൾ അവിശ്വാസികൾ തങ്ങളുടെ പാപങ്ങളിൽ നിന്ന് അനുതാപത്തോടെ പിന്തിരിയുമെന്നു പ്രതീക്ഷിക്കുന്നതെങ്ങനെ? മുമ്പ് അറിഞ്ഞിട്ടില്ലാത്ത നിലയിൽ ക്രിസ്തുവിനെകൂടുതലായി അറിഞ്ഞപ്പോൾ ഞാൻ പതിനായിരം പ്രാവശ്യം കൂടുതൽ അനുതപിക്കുകയുണ്ടായി. താൻ ഒരു 'നീച പാപി'യാണെന്നു മനസ്സിലാക്കാത്ത ഒരു വേർപെട്ട വിശ്വാസി പാറ സ്ഥലത്തെ കേൾവിക്കാരനെപ്പോലെ നിഷ്ഫലനാണ്. എതിർപ്പിന്റെ മുൻപിൽ അവൻ പിന്മാറ്റത്തിലേക്കു പോകും.

***- ഡി.എൽ. മൂഡി***

## നീതിയും നീതീകരണവും




താൻ നീതിമാനും യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെ നീതീകരിക്കുന്നവനും ആകേണ്ടതിനു ഇക്കാലത്തു തന്റെ നീതിയെ പ്രദർശിപ്പിക്കുവാൻ തന്നേ അങ്ങനെ ചെയ്തു (റോമ. 3:26).

## എഡിറ്റോറിയൽ



# 'ലഭിച്ചതല്ല എന്നപോലെ പ്രശംസിക്കുന്നത് എന്ത്?'

**"ഭാഗ്യവശാൽ** അവൾ... ബോവസിനുള്ള വയലിൽ ആയിരുന്നു ചെന്നത്" (രൂത്ത് 2:3).

രൂത്ത്- നാല് അധ്യായങ്ങൾ ഉള്ള ഒരു കൊച്ചു പഴയനിയമ പുസ്തകം. ഒറ്റയിരിപ്പിനു വായിച്ചു പോകാവുന്ന, ഒരു മോവാബ്യ പെൺകുട്ടിയുടെ ഭാഗ്യത്തിന്റെ ലളിത സുന്ദരമായ കഥയാണത്.

കഥ ആരംഭിക്കുന്നതു കൊടിയ നിർഭാഗ്യത്തിലാണ്- ക്ഷാമം, തുടർ മരണങ്ങൾ, അനാഥത്വം, അനിശ്ചിതത്വം എന്നിങ്ങനെ. കഥ അവസാനിക്കുമ്പോഴോ? വീണ്ടെടുപ്പ്, വിവാഹം, ജനനം, അഘോഷം എന്നിങ്ങനെ അനുഗ്രഹ സമൃദ്ധിയിലാണു രൂത്തിന്റെ പുസ്തകത്തിന്റെ പര്യവസാനം.

ദുഃഖത്തിൽ ആരംഭിച്ച രൂത്തിന്റെ പുസ്തകം സന്തോഷ പര്യവസായി ആയതിന്റെ കാരണം കഥയുടെ മധ്യഭാഗത്തിൽ കഥാകാരൻ- ശമുവേലാണു രൂത്തിന്റ ചരിത്രം എഴുതിയതെന്നു യെഹൂദാ തൽമൂദ്- ഇങ്ങനെ കോറിയിട്ടിരിക്കുന്നു: 'ഭാഗ്യവശാൽ അവൾ... ബോവസിനുള്ള വയലിൽ ആയിരുന്നു ചെന്നത്.'

ഭാഗ്യവശാൽ. അതെ, അതു വെറും ഭാഗ്യമല്ലെങ്കിൽ മറ്റെന്താണ്? അവൾ മോവാബ്യ പെൺകുട്ടിയായിരുന്നതിനാൽ ആ പ്രദേശത്തുള്ള ആരെയും അറിയുമായിരുന്നില്ല. 'ഞാൻ ഏതെങ്കിലും വയലിൽ ചെന്ന് എന്നോടു ദയ കാണിക്കുന്നവരെ ആശ്രയിച്ചു കതിർ പെറുക്കട്ടെ' എന്ന് അവൾ അമ്മാവിയമ്മയോടു ചോദിച്ചപ്പോൾ (2:2) നവോമിക്ക് രൂത്തിനോടു തങ്ങളുടെ ചാർച്ചക്കാരനായ ബോവസിനെക്കുറിച്ചു പറയുകയും അവളെ അങ്ങോട്ടു നയിക്കുകയും ചെയ്യാമായിരുന്നു. പക്ഷേ എന്തുകൊണ്ടോ അതുണ്ടായില്ല. എന്നാൽ നൂറുകണക്കിനു വയലുകൾക്കിടയിലൂടെ അവൾ നടന്നു ചെന്നതു കൃത്യമായി ബോവസിന്റെ വയലിലാണ്. അത് അങ്ങനെയങ്ങു സംഭവിച്ചു എന്നേയുള്ളു. ഇംഗ്ലീഷ് ബൈബിളിൽ she happened to come to that field എന്നാണു രേഖപ്പെടുത്തിയിരിക്കുന്നത്. അതെ, ഈ യാദൃച്ഛികതയെ വ്യക്തമാക്കാൻ മലയാളത്തിൽ ഒരു വാക്കേയുള്ളു- 'ഭാഗ്യവശാൽ.'

ഭാഗ്യം ഒരിക്കലും ഒരാളുടെ അർഹത (merit)യുടെ അടിസ്ഥാനത്തിലല്ല സംഭവിക്കുന്നത്. രൂത്തിന് ഒരു അർഹതയും ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല അന്നത്തെ യെഹൂദാ സമൂഹത്തിനു മുന്നിൽ ഒട്ടേറെ കുറവുകൾ ഉള്ളവളായിരുന്നു അവൾ. പത്താം തലമുറ പോലും ദൈവസന്നിധിയിൽ പ്രവേശിക്കാൻ പാടില്ല എന്ന മോവാബ്യരെക്കുറിച്ചുള്ള വിലക്കു തന്നെ അവളുടെ ഒന്നാമത്തെ ന്യൂനത. പുരുഷ മേധാവിത്വം നിലവിലിരുന്ന യെഹൂദാ സമൂഹത്തിൽ ഒരു സ്ത്രീ ദൈവിക വാഗ്ദാനങ്ങളിൽ നിന്ന് എന്നും അകറ്റി നിർത്തപ്പെട്ടിരുന്നു. പോരെങ്കിൽ അവൾ വിധവ ആണെന്ന വസ്തുതയും അന്നത്തെ സമൂഹത്തിന്റെ കണ്ണിൽ അവളെ തീർത്തും അയോഗ്യയാക്കി. ഇതെല്ലാമാണ് അവളുടെ ഇരുണ്ട പൂർവ ചരിത്രം.

ഇതിൽ നിന്ന് അവൾ ചെന്നെത്തിയതോ? മഹാധനികനും പട്ടണ വാതിൽക്കൽ പ്രസിദ്ധനുമായ ബോവസിന്റെ ഭാര്യ, യിസ്രായേലിന്റെ ചരിത്രത്തിൽ എക്കാലത്തും ഏറ്റവും കൂടുതൽ ആദരിക്കപ്പെടുന്ന ദാവീദിന്റെ മുതുമുത്തശ്ശി, കർത്താവായ യേശുക്രിസ്തുവിന്റെ വംശാവലിയിലെ പ്രത്യേക സ്ഥാനം എന്നീ നിലകളിലുള്ള കീർത്തിയെല്ലാം അവൾക്കു സ്വന്തമായി.

ഈ അപൂർവ സൗഭാഗ്യത്തിനു കാരണമെന്താണ്? ഒരു കൊച്ചു വാക്ക് – 'ഭാഗ്യവശാൽ.'

ഒരു വിശ്വാസി ഇന്നു കൈയാളുന്ന ഭാഗ്യാവസ്ഥ രൂത്തിനു ലഭിച്ച സൗഭാഗ്യത്തെക്കാൾ എത്ര ശ്രേഷ്ഠം! നാമും ഒരു കാലത്തു 'യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും' ആയിരുന്നു (എഫെ. 2:12).

എഫെസ്യ ലേഖനം രണ്ടാം അധ്യായത്തിൽ (രൂത്തിന്റെ കാര്യത്തിൽ നേരത്തെ ചിന്തിച്ചതുപോലെ) നമ്മുടെ പഴയ അവസ്ഥ, ഇപ്പോഴുള്ള ഭാഗ്യാവസ്ഥ, വരുംകാലങ്ങളിൽ ലഭ്യമാകുന്ന സൗഭാഗ്യങ്ങൾ എന്നിവ മൂന്നു പട്ടികകളായി ഇനം തിരിച്ചു കൊടുത്തിട്ടുള്ളത് ശ്രദ്ധേയമാണ്. 'മുമ്പേ', 'ഇപ്പോൾ', 'ഇനി' എന്നിങ്ങനെ മൂന്നു കൊച്ചു പ്രയോഗങ്ങൾ ഈ അധ്യായത്തിൽ ആവർത്തിച്ചു വരുന്നത് ഇതിലേക്കു വെളിച്ചം വീശും.

എഫെസ്യർ രണ്ടാം അധ്യായം രണ്ട്, മൂന്ന്, 11 വാക്യങ്ങളിൽ മുമ്പേ എന്ന പ്രയോഗം നാം കാണുന്നു: "നിങ്ങൾ മുമ്പേ ഈ ലോകത്തിന്റെ കാലഗതിയെയും... അനുസരിച്ചു നടന്നു" (2:2). "നാം എല്ലാവരും മുമ്പേ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു... കോപത്തിന്റെ മക്കൾ ആയിരുന്നു" (2:3). "അകയാൽ നിങ്ങൾ മുമ്പേ പ്രകൃതിയാൽ ജാതികൾ ആയിരുന്നു... അഗ്രചർമ്മക്കാർ എന്നു വിളിക്കപ്പെട്ടിരുന്നു" (2:11).

കണ്ടോ? നാം അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവർ ആയിരുന്നു. കോപത്തിന്റെ മക്കൾ ആയിരുന്നു. പ്രകൃതിയാൽ ജാതികൾ ആയിരുന്നു. നമുക്ക് ഒരു പ്രതീക്ഷയ്ക്കും വക ഉണ്ടായിരുന്നില്ല. ഇതു നമ്മുടെ കഴിഞ്ഞ കാലം.

പക്ഷേ ഇപ്പോഴോ? "ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു. അവൻ നമ്മുടെ സമാധാനം" (2:13). ഇപ്പോൾ "കരുണാസമ്പന്നനായ ദൈവം നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം... നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിച്ചു (2:4)– ഇതാണു നമ്മുടെ വർത്തമാനകാലം.

പക്ഷേ കഴിഞ്ഞില്ല. ഈ സൗഭാഗ്യം ഭാവികാലത്തിലേക്കും കൂടെ നീണ്ടു ചെല്ലുന്നതാണ്. "വരും കാലങ്ങളിൽ തന്റെ കൃപയുടെ അത്യന്ത ധനത്തെ കാണിക്കും" (2:6). "നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ" (2:19).

പ്രകൃതിയാൽ ജാതികളും, പ്രകൃതിയാൽ കോപത്തിന്റെ മക്കളും ആയിരുന്ന നാം ദൈവത്തിന്റെ ഭവനക്കാർ ആയിത്തീർന്നതെങ്ങനെ? രൂത്തിന്റെ കാര്യത്തിലെന്നതുപോലെ 'ഭാഗ്യവശാൽ' എന്നല്ലേ മറുപടി പറയുവാൻ കഴിയൂ? ഭാഗ്യം അർഹതയുടെ അടിസ്ഥാനത്തിലല്ല പ്രവർത്തിക്കുന്നതെന്നു നാം കണ്ടു. അർഹതയില്ലാത്തിടത്തു ചൊരിയുന്ന ദാനമാണല്ലോ കൃപ. അതുകൊണ്ടു 'ഭാഗ്യവശാൽ' എന്ന പഴയ നിയമ പ്രയോഗത്തെ പുതിയ നിയമഭാഷയിൽ നമുക്കു 'കൃപയാൽ' എന്നു മാറ്റി വിളിക്കാം.

▶ *ശേഷം പേജ് 41*

# ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ

''**ദൈവസന്നിധിയിൽ** ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ.... 'പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ' എന്ന് എഴുതിയിരിക്കുന്നതുപോലെ ആകേണ്ടതിനുതന്നെ'' (1 കൊരി. 1:29,31).

താൻ ചെയ്തതോ നിർവഹിച്ചതോ ആയ എന്തിനെക്കുറിച്ചെങ്കിലും ഒരുത്തനും നിത്യതയിൽ പ്രശംസിക്കാതെയിരിക്കുമാറാണ് ദൈവം എല്ലാം ചെയ്യുന്നത്. ദൈവം തീക്ഷ്ണതയുള്ളവനാണ്; അവിടുത്തെ മഹത്വം അവിടുന്ന് ആർക്കും കൊടുക്കുകയില്ല (യെശ. 42:8).

യുവാവായ ധനികൻ തന്റെ



*മറ്റൊരാൾ വരച്ച ചിത്രത്തെയാണ് അവർ അഭിനന്ദിക്കുന്നതെങ്കിൽ നിങ്ങൾക്ക് അഭിമാനിക്കുവാനുള്ള പരീക്ഷ എങ്ങനെയാണ് ഉണ്ടാവുക?*

സമ്പത്തുകൾ ഉപേക്ഷിക്കുവാൻ സമ്മതമില്ലാതെ യേശുവിനെ വിട്ടു പോയപ്പോൾ ഒട്ടകത്തിനു സൂചിക്കുഴയിലൂടെ കടന്നുപോകുവാൻ പ്രയാസമായിരിക്കുന്നതുപോലെ ധനവാന് ദൈവരാജ്യത്തിൽ കടക്കുക വിഷമമാണെന്ന് യേശു തന്റെ ശിഷ്യന്മാരോടു പറയുകയുണ്ടായി. 'അങ്ങനെയെങ്കിൽ രക്ഷിക്കപ്പെടുവാൻ ആർക്കാണു കഴിയുക?' എന്ന് ശിഷ്യന്മാർ കർത്താവിനോടു ചോദിച്ചു. മനുഷ്യനു തന്നെത്തന്നെ രക്ഷിപ്പാൻ അസാധ്യമാണെങ്കിലും ദൈവത്തിനു മാത്രം അവനെ രക്ഷിപ്പാൻ കഴിയുമെന്നായിരുന്നു കർത്താവിന്റെ മറുപടി.

ധനവാനെന്നു നാം പറയുന്നത് ധാരാളം പണമുള്ള ഒരുവനെപ്പറ്റി മാത്രമല്ല. പലവിധത്തിൽ ഒരാൾക്കു ധനവാനാകുവാൻ കഴിയും, കഴിവുകളിൽ, വേദപരിജ്ഞാനത്തിൽ, സ്വന്തം ആത്മീയതയെപ്പറ്റിയുള്ള ചിന്തയിൽ, ഇങ്ങനെ പലതിലും.

ദൈവരാജ്യം വളരെ വിശാലമാണ്; എന്നാൽ അതിലേക്കു പ്രവേശിക്കുവാനുള്ള വാതിൽ ഒരു സൂചിക്കുഴപോലെ ഇടുങ്ങിയതത്രേ. ഒരു ഒട്ടകത്തിന് ഇതിലൂടെ കടക്കുക സാധ്യമല്ല. എന്നാൽ ഒട്ടകത്തിന് അസാധ്യമായ ഈ കാര്യം ഒരു അമീബയ്ക്ക് (ജീവികളിൽ ഏറ്റവും ചെറുത്) ഏറ്റവും എളുപ്പമാണ്. എല്ലാം വലുപ്പത്തിന്റെ പ്രശ്നം തന്നെ.

നിഗളമാണ് ഒരുവനെ ധനവാനാക്കിത്തീർക്കയും ദൈവരാജ്യത്തിലേക്കു പ്രവേശിക്കുന്നതിനു തടസ്സം സൃഷ്ടിക്കയും ചെയ്യുന്നത്. നിഗളമെന്നത് ഏറ്റവും സൂക്ഷ്മവും ദോഷകരവുമായ ഒരു കാര്യമാണ്. അതിൽനിന്നു രക്ഷനേടുക എന്നത് ഒരു മനുഷ്യന് അസാധ്യം തന്നെ. പല പാപങ്ങളിൽനിന്നും നമുക്കു മാനസാന്തരപ്പെടുവാൻ കഴിയും. കോപത്തിന്റെമേലും കൺമോഹത്തിന്റെമേലും പണസ്നേഹത്തിന്റെ മേലുമെല്ലാം വിജയം നേടുവാൻ സാധ്യമാണ്. എന്നാൽ അതിന്റെയെല്ലാം അടിയിലായി നമ്മുടെ രക്ഷയെക്കുറിച്ചും വിജയത്തെക്കുറിച്ചും അഹങ്കരിക്കുവാൻ സാധ്യമാണ്. 'ഞാൻ മറ്റുള്ളവരെപ്പോലെയോ മറ്റു സഭാവിഭാഗത്തിലുള്ളവരെപ്പോലെയോ അല്ലായ്കയാൽ ദൈവത്തെ വാഴ്ത്തുന്നു' വെന്നു പറയുന്ന ഒരു മനോഭാവം നമ്മുടെ ആത്മാവിന്റെ ആഴത്തിൽ ഉണ്ടാകുവാൻ സാധ്യതയുണ്ട് (ലൂക്കോ. 18:11).

നിഗളമെന്ന ദോഷത്തിൽനിന്നു നമ്മെത്തന്നെ രക്ഷിക്കുക നമുക്ക് അസാധ്യം തന്നെ. ദൈവത്തിനു മാത്രമേ നമ്മെ രക്ഷിപ്പാൻ കഴിയൂ. ഈ കാര്യം നാം അംഗീകരിക്കുകയും താഴ്മയോടെ ദൈവത്തിനു കീഴടങ്ങി നമ്മെ രക്ഷിക്കുവാൻ അവിടുത്തോട് അപേക്ഷിക്കുകയും വേണം. അല്ലാത്തപക്ഷം നമ്മുടെ ജീവിതാന്ത്യത്തിൽ വിജയത്തെക്കുറിച്ചുള്ള നമ്മുടെ സാക്ഷ്യത്തിനും ക്രിസ്തുവിന്റെ ശരീരത്തിലെ നമ്മുടെ ഇരിപ്പിനുമെതിരായി നാം ഒന്നാംകിട പരീശന്മാരാണെന്നു തെളിയുവാൻ സാധ്യതയുണ്ട്.

"അങ്ങനെയെങ്കിൽ ആർക്കു രക്ഷിക്കപ്പെടുവാൻ കഴിയും?" എന്നു നാം ചോദിക്കുമ്പോൾ കർത്താവു പറയുന്ന ഉത്തരമിതാണ്: "മനുഷ്യർക്ക് ഇത് അസാധ്യം തന്നെ; ദൈവത്തിന് അല്ലതാനും" (മർക്കോ. 10:26,27).

പുതിയനിയമത്തിൽ വിവരിച്ചിരി

ക്കുന്ന രക്ഷയ്ക്ക് മൂന്നു കാലങ്ങൾ ഉണ്ട്: ഭൂതം, വർത്തമാനം, ഭാവി. നാം വീണ്ടും ജനിച്ചവരെങ്കിൽ പാപത്തിന്റെ **ശിക്ഷ**യിൽ നിന്ന് ഇപ്പോൾ തന്നെ നാം രക്ഷ പ്രാപിച്ചിരിക്കുന്നു. ഇനിയും പാപത്തിന്റെ **ശക്തി**യിൽ നിന്നു നാം ജയം നേടണം. ഒരിക്കൽ നമ്മുടെ കർത്താവു മഹത്വത്തിൽ വരുമ്പോൾ പാപത്തിന്റെ **സാന്നിധ്യ**ത്തിൽനിന്നു നാം രക്ഷനേടും.

രക്ഷയുടെ ഈ ഘടകങ്ങളിൽ ഓരോന്നും ദൈവത്തിന്റെ പ്രവർത്തനമാണ്.

ദൈവവചനം വ്യക്തമായി നമ്മോട് ഇപ്രകാരം പറയുന്നു: "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" (എഫേ. 2:8,9).

"രക്ഷ യഹോവയിൽനിന്നു മാത്രം വരുന്നു''വെന്ന് യോനാ അന്തിമമായി അംഗീകരിച്ചപ്പോൾ അദ്ദേഹം മത്സ്യത്തിന്റെ ഉദരത്തിൽനിന്നു വിടുതൽ നേടി (യോനാ 2:9). അടുത്ത വാക്യത്തിൽ ഇപ്രകാരം പറയുന്നു: ''യഹോവ മത്സ്യത്തോടു കല്പിച്ചിട്ട് അതു യോനായെ കരയ്ക്കു ഛർദ്ദിച്ചുകളഞ്ഞു." അദ്ദേഹത്തിനു തന്നെത്തന്നെ രക്ഷിപ്പാൻ കഴിവില്ലെന്നു യോനാ അംഗീകരിക്കുന്നതുവരെ ദൈവം കാത്തിരുന്നു. ഏതെങ്കിലും പാപത്തിൽനിന്നോ ഏതെങ്കിലും വിഷമ സാഹചര്യത്തിൽ നിന്നോ നമ്മെത്തന്നെ രക്ഷിക്കുവാൻ നമുക്കു കഴിവില്ലെന്നു നാമും അംഗീകരിക്കുന്നതുവരെ ദൈവം ഉയരത്തിൽ കാത്തിരിക്കുന്നു. അതു നാം അംഗീകരിച്ചു കഴിയുമ്പോൾ യോനായ്ക്കെന്നപോലെ നമുക്കും ദൈവം വിടുതൽ കല്പിക്കുന്നു.

യോനാ ആയിരുന്നതുപോലെ ഒരു ദുർഘടസാഹചര്യത്തിൽ നാം അകപ്പെടുമ്പോൾ പരാതിപ്പെടുന്നതിനും പിറുപിറുക്കുന്നതിനും പകരം ദൈവത്തിനു സ്തോത്രം കരേറ്റുവാനും രക്ഷ യഹോവയിൽനിന്നു വരുമെന്ന് ഏറ്റുപറയാനും മാത്രം നാം പഠിക്കുമെങ്കിൽ വേഗത്തിൽ വിടുതൽ കൈവരുന്നതായി നാം കാണും.

(നമ്മുടെ ദൃഷ്ടിയിൽ) നാം എത്രയ്ക്കു ചെറിയവരാകുമോ, ദൈവ രാജ്യത്തിലേക്കു ധാരാളമായൊരു പ്രവേശനം (സൂചിക്കുഴയിലൂടെ) നേടുവാൻ അത്രയ്ക്ക് നമുക്ക് എളുപ്പമായിത്തീരും (2 പത്രോ. 1:11). നാം യഥാർത്ഥത്തിൽ നമ്മുടെ ദൃഷ്ടിയിൽ ചെറിയവരാണെന്നുള്ളതിന്റെ ഒരു തെളിവ് ഇതായിരിക്കും: മറ്റൊരു മനുഷ്യജീവിയെ അയാളുടെ മതമോ സഭാവിഭാഗമോ (നമുക്കു ലഭിച്ചിട്ടുള്ള സത്യങ്ങളിലുള്ള) അയാളുടെ വെളിച്ചമോ ഏതുവിധത്തിലുള്ളതായിരുന്നാലും ശരി, ഒരിക്കലും നാം നിന്ദിക്കുകയില്ല. മനുഷ്യരിൽവച്ച് ഏറ്റവും നികൃഷ്ടനായവനെപ്പോലും നോക്കുമ്പോൾ നാം ഇങ്ങനെ പറയും, "ദൈവകൃപയില്ലായിരുന്നെങ്കിൽ അതാ, അതു ഞാനായിരുന്നിരിക്കും."

യേശു എപ്പോഴും തന്നെക്കുറിച്ചു തന്നെ പരാമർശിച്ചത് മനുഷ്യപുത്രൻ എന്നാണ്; മറ്റൊരു രീതിയിൽപ്പറഞ്ഞാൽ, ഒരു സാധാരണ മനുഷ്യവ്യക്തി എന്നാണ്. എല്ലാ സമയത്തും നാം നമ്മെക്കുറിച്ചുതന്നെ അംഗീകരിക്കേണ്ട സത്യം ഇതാണ്. പാപത്തിന്റെ ശിക്ഷയിൽ നിന്നു നാം രക്ഷനേടിയിട്ടുണ്ടെങ്കിൽ ആ രക്ഷ നമുക്കു നൽകിയത് ദൈവ

ത്തിന്റെ കരുണ മാത്രമാണ്. ഇപ്പോൾ പാപത്തിന്റെ ശക്തിയിൽനിന്ന് നാം രക്ഷപ്രാപിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ അതും സൗജന്യമായി നമുക്കു ലഭിച്ച ദൈവകരുണയുടെയും കൃപയുടെയും ഫലമാണ്. അതിനാൽ നമുക്കു പ്രശംസിക്കുവാൻ എന്താണുള്ളത്? ഒന്നും തന്നെയില്ല.

ഒരു ദൃഷ്ടാന്തം ചിന്തിക്കുക. നിങ്ങൾ വരച്ച മനോഹരമായ ഒരു ചിത്രത്തെ മറ്റുള്ളവർ അഭിനന്ദിക്കുന്നുവെങ്കിൽ നിങ്ങളുടെ നേട്ടത്തെപ്പറ്റി അഭിമാനിക്കുവാനുള്ള പരീക്ഷ നിങ്ങൾക്കുണ്ടാകാം. എന്നാൽ മറ്റൊരാൾ വരച്ച ചിത്രത്തെയാണ് അവർ അഭിനന്ദിക്കുന്നതെങ്കിൽ നിങ്ങൾക്ക് അഭിമാനിക്കുവാനുള്ള പരീക്ഷ എങ്ങനെയാണ് ഉണ്ടാവുക? ദൈവം നമ്മുടെ ജീവിതത്തിൽ നിറവേറ്റിയ രക്ഷയെന്ന പ്രവൃത്തിയെപ്പറ്റിയും നമുക്ക് ഇതുപോലെതന്നെ ചിന്തിക്കാം. നമ്മെ മെച്ചപ്പെടുത്തിയതോ വിശുദ്ധീകരിച്ചതോ നാം തന്നെയാണെങ്കിൽ അപ്പോൾ നമുക്ക് അഭിമാനിക്കാൻ വകയുണ്ട്. എന്നാൽ ദൈവമാണ് ഈ പ്രവൃത്തി നമ്മിൽ ചെയ്തതെങ്കിൽ നമുക്കെങ്ങനെ എപ്പോഴെങ്കിലും അതേപ്പറ്റി അഭിമാനിക്കാൻ കഴിയും?

നമ്മുടെ വിശുദ്ധീകരണത്തിന്റെ സ്വഭാവം എങ്ങനെയുള്ളത്? അത് കേവലം സാന്മാർഗ്ഗികമായ ഒരു മെച്ചപ്പെടൽ മാത്രമാണോ? അങ്ങനെയെങ്കിൽ ദൈവികമോ പ്രകൃത്യതീതമോ ആയ ഒന്നും നാം നേടിയിട്ടില്ല. ഏതൊരു മനുഷ്യനും അൽപം ദൃഢനിശ്ചയത്തോടെ ചെയ്‌വാൻ കഴിയുന്ന കാര്യമേ നാം ചെയ്തിട്ടുള്ളു. എന്നാൽ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഒരു യഥാർത്ഥ പ്രവർത്തനമാണു സംഭവിച്ചിട്ടുള്ളതെങ്കിൽ നമുക്ക് നിത്യജീവൻ അഥവാ ദൈവസ്വഭാവം അവിടുന്നു നൽകിയിരിക്കുന്നു. അതു ദൈവത്തിൽനിന്നുള്ള ഒരു സൗജന്യദാനമാണ് (റോമർ 6:23). (എങ്ങനെയായാലും ദൈവസ്വഭാവം നമുക്കു തന്നെ ഉൽപാദിപ്പിക്കുവാൻ സാധ്യമല്ല.) നാം ആയിത്തീർന്നിട്ടുള്ളത് ദൈവ ത്തിന്റെ സൗജന്യദാനത്തിന്റെ ഫലമാണെങ്കിൽ എല്ലാ പ്രശംസയും അസ്ഥാനത്തിൽ തന്നെ.

അതുകൊണ്ടു പാപത്തിന്മേൽ നിങ്ങൾക്കു ലഭിച്ചിട്ടുള്ള വിജയത്തെപ്പറ്റി നിങ്ങൾ അഹങ്കരിക്കുന്നുവെങ്കിൽ ആ വിജയം നിങ്ങൾ സ്വയം ഉൽപാദിപ്പിച്ചതായിരിക്കും! അങ്ങനെയെങ്കിൽ നിങ്ങളുടെ വിജയം നിഷ്പ്രയോജനമാണ്; അത് യഥാർത്ഥമായ വിജയമല്ലതാനും. എത്ര വേഗം നിങ്ങൾ അത് എറിഞ്ഞുകളയുമോ അത്രയും നന്നായിരിക്കും. പകരം ദൈവസ്വഭാവത്തിൽ പങ്കാളിയാകുവാൻ നിങ്ങൾ ആഗ്രഹിക്കുക.

താൻ സ്വയം നേടിയ ഒരു നീതിയുള്ളവനായിരിപ്പാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും ക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവം വിശ്വസിക്കുന്നവർക്കു നൽകുന്ന നീതി പ്രാപിക്കുവാനാണ് താൻ ആഗ്രഹിക്കുന്നതെന്നും പൗലൊസ് പറഞ്ഞിട്ടുണ്ട് (ഫിലി. 3:9).

റോമാലേഖനത്തിൽ അധ്യായം പ്രതി സുവിശേഷസന്ദേശത്തിന്റെ ഒരു ക്രമാഗതമായ വികാസം നാം കാണുന്നുണ്ട്. ആദ്യത്തെ ഏതാനും അധ്യായങ്ങളുടെ ഒരു രൂപരേഖ താഴെ കൊടുത്തിരിക്കുന്നു:

അധ്യായം 1–3 മനുഷ്യന്റെ പാപം വ്യക്തമാക്കപ്പെടുന്നു.

അധ്യായം 4 വിശ്വാസത്താലുള്ള നീതീകരണം (നീതിമാന്മാരെന്നു

ദൈവം പ്രഖ്യാപിക്കുന്നത്.)

അധ്യായം 5 ക്രിസ്തുവിന്റെ രക്തത്തിലൂടെ നമുക്ക് പ്രവേശന സ്വാതന്ത്ര്യം.

അധ്യായം 6 നാം ഇനിമേൽ പാപം ചെയ്യാൻ ഇടയാകാതവണ്ണം പഴയ മനുഷ്യന്റെ ക്രൂശീകരണം.

അധ്യായം 7 ന്യായപ്രമാണത്തിൽ നിന്നും ക്രിസ്തീയജീവിതത്തിൽ നിയമാധിഷ്ഠിതമായ ഒരു മനോഭാവത്തിൽനിന്നും നാം സ്വാതന്ത്ര്യം നേടുന്നു.

അധ്യായം 8 ആത്മാവിനെ അനുസരിച്ചുനടന്ന് മോഹങ്ങളെ നാൾതോറും മരിപ്പിക്കുന്നു.

ഇത്തരമൊരു രക്ഷയുടെ അന്തിമ ഫലം നാം ക്രിസ്തുവിൽ ജയാളികളെക്കാൾ വലിയ ജയാളികളായി (more than conquerors) തീരുന്നു എന്നതാണ് (റോമർ 8:37). എങ്കിലും ഇതിന്റെയെല്ലാം അവസാനത്തിലുണ്ടാകുന്ന അപകടം ഈ രക്ഷ നമ്മുടെ സ്വന്തനേട്ടമാണെന്നു സങ്കല്പിക്കുവാൻ ഇടയായേക്കാം എന്നതാണ്.

അതിനാൽ റോമർ 8നുശേഷം നമുക്ക് മൂന്ന് അദ്ഭുതകരമായ അധ്യായങ്ങൾ നൽകപ്പെട്ടിരിക്കുന്നു. രക്ഷയെന്നത് തുടക്കം മുതൽ ഒടുക്കം വരെ ദൈവത്തിന്റെ ദാനമാണെന്ന് ഈ അധ്യായങ്ങൾ വിശദമാക്കുന്നു. റോമർ 9 മുതൽ 11 വരെയുള്ള ഈ അധ്യായങ്ങൾ പ്രാഥമികമായി പഴയ ഉടമ്പടിയിൻ കീഴിൽ യിസ്രായേൽമക്കളോടുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റിയാണ് പ്രസ്താവിക്കുന്നതെങ്കിലും ഇന്ന് ആ സത്യങ്ങൾ നമ്മുടെ ജീവിതങ്ങളിൽ പ്രായോഗികമാക്കുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു.

**റോമർ 9 ദൈവത്തിന്റെ സർവാധീശത്വം (God's sovereignty)**

അബ്രഹാമിന്റെ രണ്ടു മക്കളായ യിശ്മായേലും യിസ്ഹാക്കും ഒരേ ഭവനത്തിൽ ഒരേ പിതാവിനു കീഴിൽ വളർന്നുവന്നു. എങ്കിലും ദൈവം അവരിലൊരുവനെ, യിസ്ഹാക്കിനെ, മാത്രമേ തെരഞ്ഞെടുത്തുള്ളു (റോമർ 9:7). ഇത് ദൈവം പക്ഷപാതബുദ്ധിയായതുകൊണ്ടല്ല; പിന്നെയോ അവിടുന്നു സർവാധീശനായതുകൊണ്ടാണ്. പ്രപഞ്ച സ്രഷ്ടാവെന്ന നിലയിൽ താൻ ഇഷ്ടപ്പെടുന്നതു ചെയ്‌വാനും ഏതെങ്കിലും കാര്യത്തിനായി തനിക്ക് ഇഷ്ടമുള്ളയാളിനെ തെരഞ്ഞെടുക്കുവാനും അവിടുത്തേക്ക് സമ്പൂർണ്ണമായ അധികാരമുണ്ട്. അവിടുന്നു തന്റെ പ്രസാദത്തിനായി സകലവും സൃഷ്ടിച്ചിരിക്കയാൽ അവിടുത്തെ അവകാശത്തെ ചോദ്യം ചെയ്യുവാൻ ആർക്കും കഴിയുകയില്ല. ഈ മഹത്വകരമായ അധ്യായങ്ങളുടെ അവസാനത്തിൽ പൗലൊസ് പറയുന്നതുപോലെ "സകലവും അവനിൽനിന്നും അവനാലും അവങ്കലേക്കും ആകുന്നു" (റോമർ 11:36).

യിസ്ഹാക്കിന് രണ്ട് ആൺമക്കളുണ്ടായിരുന്നു, ഏശാവും യാക്കോബും. അവർ ഒരേ ഭവനത്തിൽ ഒരേ മാതാപിതാക്കളുടെ കീഴിൽ വളർന്നുവന്നു. എങ്കിലും ദൈവം ഇളയവനായ യാക്കോബിനെയാണ് തെരഞ്ഞെടുത്തത്. ഇരട്ടപിറന്ന ഈ കുട്ടികൾ ജനിക്കുകയോ നന്മയാകട്ടെ തിന്മയാകട്ടെ പ്രവർത്തിക്കുകയോ ചെയ്യുന്നതിനുമുമ്പ് "മൂത്തവൻ ഇളയവനെ സേവിക്കും" എന്ന് ദൈവം അരുളിച്ചെയ്തു (റോമർ 9:11,12). ദൈവത്തിന്റെ തിരഞ്ഞെടു

പ്പിൻപ്രകാരമുള്ള ഉദ്ദേശ്യം പ്രവൃത്തികളാലല്ല, വിളിക്കുന്നവന്റെ ഇഷ്ടത്താൽ തന്നെ നിറവേറേണ്ടതിനാണ് ഇപ്രകാരം അരുളപ്പാടുണ്ടായത്. ദൈവത്തിന്റെ ഈ പ്രവൃത്തിയിൽ അനീതിയായിട്ടൊന്നുമില്ല; കാരണം, അവിടുന്നു പ്രപഞ്ചത്തിന്റെ സർവാധീശനായ ഭരണകർത്താവാണ്.

മോശയും ഫറവോനും ഒരേ കാലത്ത് ഒരേ കൊട്ടാരത്തിൽ ജീവിച്ചിരുന്നു. എങ്കിലും ദൈവം മോശയെ തന്റെ പ്രവാചകനായിരിപ്പാൻ തെരഞ്ഞെടുത്തു. ഫറവോനെയോ ദൈവത്തിന്റെ നാമം ഭൂമിയിലെല്ലാം പ്രഖ്യാപിക്കപ്പെടുന്നതിനും (റോമർ 9:17) ദൈവത്തിന്റെ ശക്തി അവനിൽ പ്രദർശിക്കപ്പെടുന്നതിനുമാണ് അവിടുന്ന് ഉയർത്തിക്കൊണ്ടു വന്നത്. ഫറവോന്റെ ഹൃദയകാഠിന്യംമൂലവും തൽഫലമായി ദൈവം തന്നെ അവന്റെമേൽ നടത്തിയ ന്യായവിധിക്കുവേണ്ടിയും ആയിരുന്നു ഇതു സംഭവിച്ചത്.

ഈ മൂന്നു ദൃഷ്ടാന്തങ്ങളിലും ആളുകളെ തെരഞ്ഞെടുക്കുന്നതിലുള്ള ദൈവത്തിന്റെ സർവാധികാരം നാം കാണുന്നു. നമ്മുടെ രക്ഷയിലും ദൈവത്തിന്റെ ഈ സർവാധികാരത്തെത്തന്നെ നാം കാണേണ്ടതാണ്. ദൈവം നിങ്ങളെ തെരഞ്ഞെടുക്കുകയും നിങ്ങളുടെ സഹോദരീസഹോദരന്മാർ, മാതുലന്മാർ, പിതൃവ്യന്മാർ തുടങ്ങിയ ബന്ധുക്കളെ തെരഞ്ഞെടുക്കാതിരിക്കുകയും ചെയ്തത് എന്തുകൊണ്ട്? നിങ്ങൾ അവരെക്കാൾ മെച്ചമായതുകൊണ്ടാണോ അപ്രകാരം സംഭവിച്ചത്? ഒരു നാളുമല്ല. ഒരുപക്ഷേ യാക്കോബിനെപ്പോലെ നിങ്ങൾ അവരെക്കാൾ അധികം വക്രതയും കാപട്യവും ഉള്ള ഒരുവനായിരുന്നു; എന്നിട്ടും ദൈവം നിങ്ങളെ തെരഞ്ഞെടുത്തു. കേവലം കരുണയാലും കൃപയാലും മാത്രമാണത്.

ഇതിന്റെയെല്ലാം വെളിച്ചത്തിൽ നാമെന്താണു പറയേണ്ടത്? നമുക്കു സർവശക്തനും സർവാധീശനുമായ ഈ ദൈവത്തിന്റെ മുമ്പിൽ വണങ്ങുകയും പൂർണ്ണഹൃദയത്തോടെ അവിടുത്തെ ആരാധിക്കുകയും അവിടുന്നു മാത്രം ആരാധനായോഗ്യനെന്നും നമ്മുടെ രക്ഷ നൂറുശതമാനവും അവിടുത്തെ കൃപയാൽ മാത്രമാണെന്നും അംഗീകരിക്കുകയും ചെയ്വാനേ കഴിയൂ. അവിടുന്നു നൽകിയതു നാം സ്വീകരിച്ചുവെന്നതു ശരി തന്നെ; എങ്കിലും ആ രക്ഷാപ്രവൃത്തി തികച്ചും അവിടുത്തേതു തന്നെ.

ദൈവം തന്റെ മക്കളായി നമ്മെ തെരഞ്ഞെടുത്ത അവിടുത്തെ സർവാധീശതയെന്ന സത്യം പോലെ മനുഷ്യനെ പൊടിയോളം താഴ്ത്തുന്നതായി മറ്റൊന്നുമില്ല. അതിനാലാണ് സമർത്ഥരായ ആളുകൾക്ക് അതു സ്വീകരിക്കുവാൻ പ്രയാസമായിത്തോന്നിയിട്ട് അതിനെതിരായി മല്ലടിക്കുകയും തിരുവചനത്തിന്റെ ശരിയായ അർത്ഥം മറ്റൊന്നാണെന്നു വരുത്തിത്തീർക്കുവാൻ വേണ്ടി അവർ അതിനെ വളച്ചൊടിക്കുകയും ചെയ്യുന്നത്.

ഒരു മനുഷ്യൻ ദൈവപൈതലായിരിക്കുവാനോ വിശുദ്ധനായിരിപ്പാനോ വിശ്വസ്തതയോടെ നടപ്പാനോ തീരുമാനിക്കുന്നതു കൊണ്ടല്ല അയാൾ രക്ഷിക്കപ്പെടുന്നത്. ദൈവം അയാളോടു കരുണ കാണിച്ചതു കൊണ്ടു മാത്രമാണത്. നമുക്കു ജീവനായുള്ള മാനസാന്തരം നൽകുന്നതു ദൈവമാണ്. ദൈവഹിതമാഗ്രഹിക്കുവാനും ചെയ്യുവാനുമുള്ള

ഇച്ഛ നമ്മിൽ പ്രവർത്തിപ്പിക്കുന്നതും ദൈവം തന്നെ (അപ്പോ. 11:18; ഫിലി. 2:13). അങ്ങനെയെങ്കിൽ നമുക്കെന്താണു പുകഴുവാനുള്ളത്?

റോമർ 9:16ൽ പറയുന്നതു നോക്കുക: "ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രേ സകലവും സാധിക്കുന്നത്."

1 കൊരി. 4:7 ഇപ്രകാരം പറയുന്നു: "ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളു? ലഭിച്ചതെങ്കിലോ ലഭിച്ചതല്ല എന്ന പോലെ പ്രശംസിക്കുന്ന തെന്ത്?"

ഈ രണ്ടു വാക്യങ്ങൾ ഹൃദിസ്ഥമാക്കുകയും എപ്പോഴും അവ ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്യുക. എല്ലാ സമയത്തും സ്വന്ത ദൃഷ്ടിയിൽ ചെറിയവനായിരിക്കുവാൻ അവ നിങ്ങളെ സഹായിക്കും.

പുതിയ ജനനം ജഡത്തിന്റെ ഇഷ്ടത്താൽ (മാനുഷിക നിശ്ചയത്താൽ) അല്ല, പിന്നെയോ ദൈവിക നിശ്ചയത്താലാണ് സംഭവിക്കുന്നത് (യോഹ. 1:13).

യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ഉണ്ടായത്" (യോഹ. 15:16). ഈ വസ്തുത നാം മനസ്സിലാക്കുന്നുണ്ടോ?

നാമാണ് യേശുവിനെ രക്ഷിതാവായി കൈക്കൊണ്ടതെന്നും അതാണ് നാമും അവിശ്വാസികളായ മറ്റുള്ളവരും തമ്മിലുള്ള വ്യത്യാസത്തിനു കാരണമെന്നും പലപ്പോഴും നാം സങ്കല്പിക്കുന്നു. അതിനാൽ ദൈവമാണ് നമ്മെ തെരഞ്ഞെടുത്തതെന്ന് നാമോർക്കുന്നത് നമുക്കു നല്ലതാണ്. അവിടുന്ന് നാം ജനിക്കുന്നതിനുമുമ്പ്, യഥാർത്ഥത്തിൽ ലോകത്തെ താൻ സൃഷ്ടിക്കുന്നതിനുമുമ്പുതന്നെ, നമ്മെ തെരഞ്ഞെ ടുത്തു (എഫേ. 1:4).

തുടക്കം മുതൽ ഒടുക്കം വരെ നമ്മുടെ രക്ഷ നൂറുശതമാനവും ദൈവത്തിൽനിന്നാണ്. അതിനാൽ ഒരു മനുഷ്യനും ഒരു സമയത്തും ഒന്നും പ്രശംസിക്കുവാനില്ല.

നിങ്ങൾ ദൈവത്തിനും അവിടുത്തെ രാജ്യത്തിനുംവേണ്ടി അദ്ഭുതാവഹമായ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? അങ്ങനെയെങ്കിൽ അതു മറന്നുകളയുവാൻ നിങ്ങളുടെ കഴിവിന്റെ പരമാവധി നിങ്ങൾ ശ്രമിക്കുക. ദൈവം നിങ്ങൾക്ക് ആരോഗ്യം, ശക്തി, ബുദ്ധി, കഴിവ്, പ്രാപ്തി, അവസരം, വചനപരിജ്ഞാനം, തന്നെക്കുറിച്ചുള്ള അറിവ് തുടങ്ങിയവയെല്ലാം തന്നിരുന്നില്ലെങ്കിൽ നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴിയുമായിരുന്നില്ലെന്ന് ഓർത്തുകൊള്ളുക. ഇതുപോലെ ദൈവം തന്നതിന്റെയെല്ലാം പട്ടിക തയ്യാറാക്കുവാൻ സാധ്യമല്ല. അതിന് അവസാനമില്ല. അങ്ങനെയെങ്കിൽ എങ്ങനെയാണ് നിങ്ങൾക്കു പ്രശംസിക്കുവാൻ സാധിക്കുക?

നാം എത്ര ആത്മീയരായിത്തീർന്നിരിക്കുന്നു, കർത്താവിനുവേണ്ടി നാമെത്രയധികം പ്രവർത്തിച്ചിരിക്കുന്നു എന്നെല്ലാം നാം ചിന്തിക്കുവാൻ തുടങ്ങുമ്പോൾ തന്നെ നാം പരീശരായിത്തീർന്നു കഴിഞ്ഞിരിക്കുന്നു. എല്ലാ സമയത്തും കർത്താവെന്ന വ്യക്തിയെക്കുറിച്ചു മാത്രം ചിന്തിക്കുന്ന ഒരുവനാണ് ഒരു യഥാർത്ഥ ശിഷ്യൻ.

ദൈവം ചെയ്യുന്നവയും അവിടുന്നു വിശദീകരണം നൽകാത്തവയുമായ പല കാര്യങ്ങളുണ്ട്. 'ഇല്ല'

▶ *ശേഷം പേജ് 36*

## സ്വർഗ്ഗീയ ഭവനം ഭൂമിയിൽ - IV

# ഭവനം: ദൈവത്തിനൊരു തിരുനിവാസം

സാക് പുന്നൻ

*(എന്റെ നാലാമത്തെ മകൻ സുനിലും അനുഗ്രഹും തമ്മിലുള്ള വിവാഹം വേളയിൽ നൽകിയ സന്ദേശം)*

നമ്മുടെ ജീവിതത്തിന്റെയും കുടുംബത്തിന്റെയും ഈ ഭൂമിയിൽ കാണുന്ന എല്ലാറ്റിന്റെയും അടിസ്ഥാനം ദൈവവചനമാണ്. കാരണം ഈ ഭൂമിയും അതിലുള്ളതും ദൈവം തന്റെ വചനത്താൽ സൃഷ്ടിച്ചവയാണ്. അതുകൊണ്ടു നമ്മുടെ അടിസ്ഥാനം ദൈവത്തിന്റെ വചനപ്രകാരം പണിയുന്നു എങ്കിൽ ഒരിടത്തും നമുക്കു തെറ്റു പറ്റുകയില്ല.

പുറപ്പാട് 25-ാം അദ്ധ്യായത്തിലാണ് ആദ്യമായി മനുഷ്യനോടുകൂടെ വസിക്കുവാനുള്ള ആഗ്രഹം ദൈവം വെളിപ്പെടുത്തുന്നത്. 25:8ൽ “ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്കൊരു വിശുദ്ധ മന്ദിരം ഉണ്ടാക്കണം.” ദൈവത്തിന്റെ അഗ്നി വന്ന് ആവസിച്ച ആ കൂടാരത്തെയാണ് ഇതു സൂചിപ്പിക്കുന്നത്- ദൈവത്തിന്റെ ആ തേജസ്സായിരുന്നു യിസ്രായേൽ മക്കളെ ചുറ്റുമുള്ള സകല ജാതികളിൽ നിന്നും വ്യത്യസ്തരാക്കിയത്.

പുറപ്പാടു പുസ്തകത്തിൽ കാണുന്ന മാതൃകയിലുള്ള ഒരു കൂടാരം ഉണ്ടാക്കുക വളരെ എളുപ്പമാണ്. കാരണം അതിന്റെ അളവുകളും വിശദാംശങ്ങളും ഒക്കെ അവിടെ നൽകിയിരിക്കുന്നു. നമുക്ക് അതിന്റെ കൃത്യമായ മാതൃകയിൽ തന്നെ ഒരു കൂടാരം പണിയുവാൻ കഴിയും. ഒന്നു മാത്രം നമുക്കു ഉണ്ടാക്കുവാൻ കഴികയില്ല- അതിന്മേൽ വസിച്ചിരുന്ന ദൈവതേജസ്സ്. ആ മന്ദിരത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട കാര്യവും അതു തന്നെ ആയിരുന്നു- അതിന്മേൽ വസിച്ചിരുന്ന ദൈവതേജസ്സ്. അതു തന്റെ ജനത്തിനിടയിലുള്ള ദൈവ സാന്നിധ്യത്തെ സൂചിപ്പിക്കുന്നതായിരുന്നു.

സുനിൽ, അനുഗ്രഹ്, ഇപ്പോൾ നിങ്ങൾ തമ്മിൽ വിവാഹിതരാകുന്നു. ഏറ്റവും സുപ്രധാനമായ കാര്യം നിങ്ങളുടെ ഭവനം ദൈവത്തിന് ഒരു വിശുദ്ധ മന്ദിരമായിത്തീരണമെന്നുള്ളതാണ്. നിങ്ങൾ പരസ്പരം സന്തോഷിപ്പിക്കേണ്ടതാണങ്കിലും അതിനുള്ള ഒരിടമെന്നതിനെക്കാൾ, മറ്റുള്ളവരെ അനുഗ്രഹിക്കേണ്ടതെങ്കിലും അതിനുള്ള ഒരിടം എന്നതിനെക്കാൾ ദൈവത്തിനു തന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുവാനൊരിടമായി തീരണം. അവിടെ യേശുവിനു വസിക്കുവാൻ കഴിയണം. “എനിക്കു വസിക്കുവാൻ ഒരിടം അവർ ഉണ്ടാക്കട്ടെ” എന്നാണ്

ദൈവം കല്പിച്ചത്.

നിങ്ങളോടു രണ്ടു പോരോടും എനിക്കു പറയുവാനുള്ളത് ഇതാണ്: തനിക്കു വസിക്കുവാനൊരിടം നിങ്ങളുണ്ടാക്കണമെന്നു ദൈവം കല്പിക്കുന്നു.

ചില വീടുകളിൽ ചെന്നാൽ അവിടെ ഇരിക്കുന്നതു നമുക്കു സുഖകരമായി തോന്നാറില്ല എന്നതു നമുക്കെല്ലാം അറിയാം. എന്നാൽ ചില വീടുകളിൽ നാം ചെന്നു കയറുന്ന സമയം മുതൽ നമുക്കു കുളിർമ്മ നൽകുന്ന പെരുമാറ്റമായിരിക്കും ആ വീട്ടുകാരുടേത്. ആ അനുഭവത്തെ നമുക്കു വാക്കുകൾ കൊണ്ട് വിവരിക്കാനാവില്ല. പക്ഷേ നമുക്കതറിയാം. ഒരു ക്രിസ്തീയ ഭവനം ക്രിസ്തുവിന് അപ്രകാരം സന്തോഷത്തോടെ, സ്വാതന്ത്ര്യത്തോടെ ഇരിക്കാൻ കഴിയുന്ന ഒരിടമാകണം. അവിടെ കാണുന്ന ഓരോ കാര്യവും അവിടുത്തേക്കു പ്രസാദകരമാകണം. നിങ്ങൾ വായിക്കുന്ന പുസ്തകങ്ങൾ, വരുത്തുന്ന മാസികകൾ, ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സംഭാഷണം, സംഭാഷണ വിഷയങ്ങൾ, നിങ്ങൾ കാണുന്ന ടി.വി. പരിപാടികൾ മുതലായവ. ചില വീടുകളിൽ ബൈബിൾ വാക്യങ്ങൾ തൂക്കിയിട്ടിരിക്കും. പക്ഷേ യേശുവിന് അവിടെ ഇരിക്കുവാൻ സന്തോഷം തോന്നാറില്ല. ദൈവം എത്ര പ്രതീക്ഷകളോടെയാണ് ആദമിനെയും ഹവ്വയെയും ഒന്നിപ്പിച്ചതെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഒരു പിതാവെന്ന നിലയിൽ അവരെക്കുറിച്ച് അവിടുത്തേക്ക് എന്തൊക്കെ പദ്ധതികളുണ്ടായിരുന്നു! ഞാനൊരു പിതാവാണ്. എന്റെ മകൻ ഇന്നു വിവാഹിതനാകുമ്പോൾ എത്ര നല്ല പ്രതീക്ഷകളാണ് എനിക്കുള്ളത് എന്നെനിക്കറിയാം. എന്നാൽ ആദമും ഹവ്വയും ഒന്നു ചേർന്ന സമയത്തു ദൈവത്തിനുണ്ടായിരുന്ന പ്രതീക്ഷകളുടെ ഒരംശം പോലും വരില്ല എന്നിലുള്ളത്. തനിക്ക് ഒന്നാം സ്ഥാനം നൽകുന്ന മനോഹരമായ ഒരു കുടുംബ ജീവിതം അവർക്കുണ്ടാകുമെന്ന് അവിടുന്നു ചിന്തിച്ചു. എന്നാൽ എത്ര വേഗത്തിലാണ് അവർ തന്നെ നിരാശപ്പെടുത്തിയത്! എങ്കിലും അവിടുന്ന് അവരോടു കോപിച്ചില്ല. അവിടുന്നു ദുഃഖിതനായിരുന്നു. ഇന്നു പല ക്രിസ്തീയ കുടുംബങ്ങളെയും നോക്കുമ്പോൾ അവിടെ സമാധാനത്തിനു പകരം കലഹവും പോരും കണ്ട് ദൈവഹൃദയം വളരെ ദുഃഖിതമാണ് എന്നു ഞാൻ വിചാരിക്കുന്നു. അവർ കുഴപ്പത്തിലാകുമ്പോൾ മാത്രം ദൈവത്തിങ്കലേക്കു തിരിയുന്നു. എന്നാൽ ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്കു വ്യത്യസ്തരാകേണ്ടതുണ്ട്. ആവശ്യം വരുമ്പോൾ വിളിക്കേണ്ട ഒരു ആപത്ഘട്ട അടിയന്തര നമ്പറല്ല ദൈവം. എല്ലാ സമയത്തും നമ്മുടെ ജീവിതത്തിന്റെ കേന്ദ്രം അവിടുന്നാകണം.

നാം വാങ്ങുന്ന ഓരോ ഉപകരണത്തോടുമൊപ്പം ലഭിക്കുന്ന നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ പോലെയാണ് ദൈവത്തിന്റെ വചനം. നാം വാങ്ങുന്ന ഇലക്ട്രോണിക് ഉപകരണങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുന്നതിൽ നാം ജാഗ്രത കാട്ടുന്നവരാണ്. നിങ്ങൾ വാങ്ങിയ ഉപകരണം കുഴപ്പമുണ്ടാക്കി നിങ്ങൾ അതുമായി നിർമ്മാതാവിനടുത്തേക്കു ചെല്ലുമ്പോൾ നിങ്ങളോടു ആദ്യം ചോദിക്കുക 'നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചോ' എന്നാണ്. കാരണം, നിർദ്ദേശങ്ങൾ പാലിക്കാ

ത്തവർക്ക് ഗാരന്റി വ്യവസ്ഥകളുടെ ആനുകൂല്യം ലഭിക്കുന്നതല്ല എന്ന് ആ പത്രികയിൽ പറഞ്ഞിട്ടുണ്ടാവും.

എന്നാൽ ദൈവത്തെ സംബന്ധിച്ച അത്ഭുതകരമായ സത്യം ഏതു സമയത്തും നമ്മുടെ കുഴഞ്ഞു മറിഞ്ഞ ജീവിതത്തെ നേരെയാക്കാൻ അവിടുന്നു സന്നദ്ധനാണ് എന്നതാണ്. അത് ഒരു വർഷത്തേക്കുള്ള ഒരു ഗാരന്റിയല്ല മറിച്ച് ഒരായുഷ്ക്കാലത്തേക്കു മുഴുവൻ ഉള്ളതാണ്. നിങ്ങൾ നുറുങ്ങിയ ഒരു ജീവിതവുമായി അവിടുത്തെ അടുത്തേക്കു വന്നാൽ അവിടുന്ന് അതിനെ പൂർണ്ണമാക്കിത്തരും. അതാണു ദൈവത്തെ സംബന്ധിച്ച അത്ഭുതകരമായ സത്യം. അവിടുന്നു സ്നേഹിക്കുന്ന ഒരു പിതാവാണ്. നിങ്ങളുടെ ഭവനത്തിൽ തനിക്ക് ഒരു തിരുനിവാസം ഒരുക്കണമെന്നാവശ്യപ്പെടുന്ന വ്യക്തി സ്നേഹവാനായ ഒരു പിതാവാണെന്നു നിങ്ങൾ അറിഞ്ഞിരിക്കണം. നിങ്ങളുടെ ജീവിതത്തിന്റെ ആദ്യ ദിവസം മുതൽ യേശുവിന്റെ മടങ്ങി വരവു വരെയും നിങ്ങൾ സന്തുഷ്ടരായിരിക്കണമെന്ന കാര്യത്തിൽ താത്പര്യമുള്ള വ്യക്തിയാണു നിങ്ങളുടെ പിതാവ്.

ആ സന്തോഷത്തിന്റെ ഒരംശം എന്റെ ഭാര്യയുമൊത്തു ഞങ്ങളുടെ ദാമ്പത്യ ജീവിതത്തിൽ അനുഭവിക്കുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. എനിക്കൊരു കാര്യം പറയുവാൻ കഴിയും. യേശുവിൽ കേന്ദ്രീകരിച്ചുള്ള ഒരു ജീവിതം തന്നെയാണ് ഭൂമിയിൽ ഏറ്റവും സന്തുഷ്ടമായ ജീവിതം. ചെയ്യുന്ന ഓരോ കാര്യങ്ങളിലും– സമയം ചെലവഴിക്കുന്നതിൽ, പണം ചെലവഴിക്കുന്നതിൽ തുടങ്ങി മറ്റു ചെറുതും വലുതുമായ ഓരോ കാര്യങ്ങളിലും– യേശു അതിൽ സന്തോഷിക്കുന്നുണ്ടോ എന്നന്വേഷിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തെ അതു സമാധാനത്തിലേക്കും സന്തോഷത്തിലേക്കും നയിക്കും. നിങ്ങളുടെ ജീവിതത്തിന്റെ അന്ത്യത്തിലോ അല്ലെങ്കിൽ കർത്താവിന്റെ മടങ്ങിവരവിലോ തന്റെ മുമ്പാകെ നിൽക്കുമ്പോൾ അവിടുന്നു പറയും "നന്ന്, നന്നായി ചെയ്തിരിക്കുന്നു." മറ്റുള്ളവർ നിങ്ങളെക്കുറിച്ച് എന്തു കരുതി എന്നുള്ളത് അപ്പോൾ പ്രസക്തമല്ലാതായി മാറും.

പുറമെ കാണുന്നതിലൂടെ വിലയിരുത്തുക എന്നതു മാനുഷിക സ്വഭാവമാണ്. ഞാൻ ഒരു പരീശനായി ജീവിച്ച ഒട്ടേറെ വർഷങ്ങൾ ഞാനതു ചെയ്തിട്ടുണ്ട്. എന്നാൽ ഇന്നു ഞാൻ വ്യക്തമായി മനസ്സിലാക്കുന്നു. ദൈവം കാണുന്നതു ഹൃദയന്തർഭാഗങ്ങളെയാണ് എന്ന്. ഹൃദയത്തിന്റെ ശുദ്ധിയാണ് ഏറ്റവും പ്രധാനമെന്നത് നിങ്ങൾ എപ്പോഴും ഓർത്തിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ വീട് ഒരു കൊട്ടാരമാണോ കുടിലാണോ എന്നതു രണ്ടാമത്തെ കാര്യമാണ്. ബാഹ്യമായ കാര്യങ്ങളുടെയെല്ലാം പ്രസക്തി രണ്ടാമതു മാത്രമാണ്. ദൈവം നോക്കുന്നതു ഹൃദയങ്ങളെയാണ്. അതുകൊണ്ടു നിങ്ങളുടെ ഹൃദയങ്ങൾ ഒരു വിശുദ്ധ മന്ദിരമാണെന്നുറപ്പു വരുത്തുക –ദൈവത്തിന്റെ തിരുനിവാസമാകേണ്ടതിന്.

**എവിടെ സമാധാനം ഉണ്ടോ അവിടെ**

എവിടെയാണു ദൈവം വസിക്കുന്നത്? എവിടെ സമാധാനമുണ്ടോ അവിടെ. സുവിശേഷം പ്രസംഗിക്കുവാനായി യേശു ശിഷ്യന്മാരെ ഈരണ്ടായി വിവിധ ഇടങ്ങളിലേക്കയച്ചപ്പോൾ ലൂക്കൊസ് 10:5–7ൽ കർത്താവ് അവരോടു പറഞ്ഞു: സമാധാനമുള്ള ഒരു ഭവനം അന്വേഷിക്കുക.

അത്തരം ഒരു ഭവനം കണ്ടെത്തിയാൽ അതു വിട്ടെങ്ങും പോകരുത്. അവിടെത്തന്നെ താമസിക്കുക. എന്തുകൊണ്ടാണ് യേശു അങ്ങനെ പറഞ്ഞത്? കാരണം അത്തരം ഭവനങ്ങൾ അധികമൊന്നും കണ്ടെത്തുകയില്ല എന്നു കർത്താവിനറിയാമായിരുന്നു.

കലഹമില്ലാത്ത ഇടത്തിൽ മാത്രമേ കർത്താവു വസിക്കുന്നുള്ളു. ഭാര്യാ ഭർത്താക്കന്മാർ എന്തിനു വേണ്ടി ആയിരിക്കാം കലഹിക്കുന്നത്? അധികവും ഭൗതിക വസ്തുക്കൾക്കു വേണ്ടി. അല്ലെങ്കിൽ ചെയ്ത എന്തെങ്കിലും കാര്യങ്ങൾ കുഴപ്പത്തിലായതിനെ പ്രതി. ഈ ലോകത്തിൽ കാര്യങ്ങൾ തെറ്റിപ്പോകാനിടയുണ്ട്. തെറ്റുകൾ സംഭവിക്കുമ്പോൾ നാം ഓർത്തിരിക്കേണ്ട ഒരു കാര്യം പാപം മാത്രമാണ് ഗൗരവമുള്ളത് എന്നതാണ്. അല്ലാതെയുള്ളതെല്ലാം അപ്രധാനവും അവഗണിക്കാവുന്നതുമാണ്. ഇക്കാര്യം നിങ്ങൾ എന്നും ഓർത്തിരിക്കുമെന്നു ഞാൻ കരുതുന്നു: പാപം മാത്രമാണ് പ്രാധാന്യമുള്ള കാര്യം. ഭൗതികമായ ചില നിസ്സാര കാര്യങ്ങൾക്കുവേണ്ടി നിങ്ങൾ കയ്പായിരിക്കുന്നതും പരസ്പരം മിണ്ടാതിരിക്കുന്നതും ദൈവസന്നിധിയിൽ ഗൗരവമുള്ളതാണ്. ദൈവത്തെ ദുഃഖിപ്പിക്കുന്ന കാര്യമാണ്. ഞാൻ ഒരു ജ്ഞാന ശകലം നിങ്ങളുമായി പങ്കുവയ്ക്കട്ടെ: പാപത്തെ വെറുക്കുക– കാരണം അതു മാത്രമാണു നിങ്ങളുടെ ദാമ്പത്യത്തെ നശിപ്പിക്കുന്ന ഒരേ ഒരു കാര്യം.

നിങ്ങളുടെ ഭവനം ദൈവത്തിന് ഒരു വിശുദ്ധ മന്ദിരമാണെന്ന കാര്യം മറന്നു പോകരുത്. നിങ്ങളുടെ കുടുംബത്തിനുള്ളിലെ സമാധാനം കെടുത്തുന്ന എന്തെങ്കിലും ഒരു കാര്യം ഉയർന്നു വന്നാൽ അതൊരു വിശുദ്ധ മന്ദിരമായിരിക്കയില്ല. ദൈവം നിങ്ങളോടു കോപിക്കുമെന്നും ശപിക്കുമെന്നും ഒന്നും ഞാൻ നിങ്ങളോടു പറയുകയില്ല. പക്ഷേ ദൈവം ദുഃഖിക്കും. എന്നാൽ ഒന്നാം ദിവസം മുതൽ തന്നെ യേശു സന്തോഷവാനായി നിങ്ങളുടെ വീട്ടിൽ ഉണ്ടാവണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നു എന്ന് എനിക്കറിയാം.

നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും നിങ്ങൾ ഇങ്ങനെ പറയണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. "കർത്താവേ, ആളുകൾ ഞങ്ങളെക്കുറിച്ചു സന്തുഷ്ടരായിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതിലുപരി അങ്ങു ഞങ്ങളെക്കറിച്ചു സന്തുഷ്ടനാണോ? അങ്ങയെ ദുഃഖിപ്പിക്കുന്ന എന്തെങ്കിലും ഞങ്ങൾ തമ്മിലുള്ള ബന്ധത്തിൽ– വാക്കുകളിലോ ചിന്തകളിലോ മനോഭാവങ്ങളിലോ– ഉണ്ടോ? അങ്ങു ഞങ്ങളുടെ ഭവനത്തിൽ സന്തുഷ്ടനായിരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും 'ഇതു കർത്താവിനു സന്തോഷകരമാണോ' എന്ന നിലയിൽ ഒരു വിലയിരുത്തൽ നടത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

അങ്ങനെ ചെയ്താൽ നിങ്ങളുടെ ഭവനം എങ്ങനെ ആയിത്തീരുമെന്നു നിങ്ങൾക്കു ചിന്തിക്കാമോ? കൂടാരത്തിൽ എങ്ങനെ ദൈവതേജസ് നിറഞ്ഞുവോ അങ്ങനെ നിറഞ്ഞ ഒരിടമായിത്തീരും. അങ്ങനെ ആളുകൾ നിങ്ങൾ മുഖാന്തരം ജീവനുള്ള ദൈവത്തിങ്കലേക്കു ആകൃഷ്ടരായിത്തീരും.

സമാധാനത്തിനു വേണ്ടി തങ്ങളുടെ അവകാശങ്ങളെ ത്യജിക്കുന്ന ഭാര്യാഭർത്താക്കന്മാരുടെ നടുവിൽ

ദൈവം വസിക്കുന്നു. ഒരിക്കൽ ഒരു ട്രെയിൻ കയറാൻ വേണ്ടി തിരക്കു പിടിച്ചു റെയിൽവേ സ്റ്റേഷനിലേക്കു പോകുന്ന യുവ ദമ്പതികൾ എന്റെ അടുത്തു വന്ന് എന്നോടു ചോദിച്ചു: "ബ്രദർ സാക്, താങ്കൾക്ക് രണ്ടു മിനിറ്റു സമയം കൊണ്ടു ഞങ്ങൾക്ക് ഒരു പ്രബോധനം നൽകാൻ കഴിയുമോ?" "തീർച്ചയായും. ഇതാ ശ്രദ്ധിക്കുക: എപ്പോഴും തമ്മിൽ ക്ഷമ ചോദിക്കുവാൻ ഒരുങ്ങിയിരിക്കുക. അതു പോലെ എല്ലായ്പോഴും ക്ഷമിക്കുവാനും ഒരുങ്ങിയിരിക്കുക."

നിങ്ങൾ ഒരു തെറ്റു ചെയ്ത ഉടൻ ക്ഷമ ചോദിക്കുവാനും ക്ഷമ ചോദിച്ചാൽ ഉടൻ ക്ഷമിക്കുവാനും ഒരുക്കമെങ്കിൽ നിങ്ങളുടെ ഭവനം നിത്യവും ഒരു സമാധാന ഭവനമായിരിക്കുമെന്നു ഞാൻ ഉറപ്പു തരാം.

നിങ്ങളുടെ ഭവനം അങ്ങനെ ആയിരിക്കട്ടെ. എന്നാൽ ഇക്കാര്യത്തിൽ നിങ്ങൾ വളരെ സംവേദനത്വം ഉള്ള ആളായിരിക്കണം. നിങ്ങളുടെ കാലിൽ ഒരു മുള്ളു തറച്ചാൽ ഒരു നിമിഷം പോലും നിങ്ങൾ താമസിക്കുകയില്ല അതെടുത്തു കളയാൻ. അപ്രകാരം നിങ്ങളുടെ മനസ്സാക്ഷിയിൽ ഒരു കുത്തൽ അനുഭവപ്പെടുന്ന നിമിഷം തന്നെ അതെടുത്തു മാറ്റുവാൻ ശ്രമിക്കുക. അതൊരു മുള്ളാണ്. അതിനു നിങ്ങളെ നശിപ്പിക്കുവാൻ കഴിയും. കാലിൽ തറച്ച മുള്ളിനെക്കാൾ അധികം ഉപദ്രവം അതിനു നിങ്ങളുടെ ഹൃദയത്തോടു ചെയ്യുവാൻ കഴിയും. എന്തു വില കൊടുത്തും സമാധാനം അന്വേഷിക്കുക. നിങ്ങളുടെ നഷ്ടങ്ങളെ സാരമാക്കേണ്ടതില്ല. അതു പണമോ, സമയമോ, മാനമോ എന്തുമായിക്കൊള്ളട്ടെ. അതൊന്നും സമാധാനത്തോളം വിലയുള്ളതല്ല. പണവും സമാധാനവും ഒരു തുലാസ്സിന്റെ രണ്ടു തട്ടിൽ വച്ചു തൂക്കാൻ ശ്രമിച്ചാൽ പണത്തെക്കാൾ എത്രയധികം തൂക്കമുള്ളതാണു സമാധാനമെന്നു നിങ്ങൾ തിരിച്ചറിയും. ഓർത്തിരിക്കുക.

ഒരു ദിവസം വീട്ടിൽ എന്തോ കുഴപ്പം സംഭവിച്ചു? ഭക്ഷണം കരിഞ്ഞു പോയി? ഭക്ഷണം കരിഞ്ഞു പോയതുകൊണ്ട് ഒരു നേരം ഭക്ഷണം കഴിക്കാൻ സാധിച്ചില്ല എന്നേയുള്ളു. അതുകൊണ്ടെന്താണു സംഭവിക്കുക? അതു നിങ്ങളെ കൂടുതൽ ആരോഗ്യമുള്ളവരും ശരീര സൗഖ്യമുള്ളവരുമാക്കും. ഒരുപക്ഷേ കൂടുതൽ ആത്മീയരുമാക്കും! എന്നാൽ അതിന്റെ പേരിൽ നിങ്ങൾ കോപിച്ചാൽ, പിശാച് ജയിക്കും.

ദൈവം ആരംഭിച്ച ആദ്യ കുടുംബത്തിൽ എന്താണു സംഭവിച്ചതെന്ന് ഓർമ്മിക്കുക. ആദാം ഹവ്വമാരുടെ ഇടയിലേക്കു കടന്നു കയറുവാൻ ഒരവസരത്തിനു വേണ്ടി പിശാച് പുറത്തു കാത്തു നിൽക്കുകയായിരുന്നു. അവൻ വിജയിച്ചു. അവൻ ഇയ്യോബിനും ഭാര്യയ്ക്കും ഇടയ്ക്കു കടന്നുകയറുന്നതിലും വിജയിച്ചു. ഇസഹാക്കിനും റെബേക്കയ്ക്കുമിടയിൽ കടന്നു കയറുന്നതിലും അവൻ വിജയിച്ചു.

ഒരു ഭാര്യയ്ക്കും ഭർത്താവിനും ഇടയിൽ സാത്താൻ കടന്നു കയറുന്നതു ദൈവത്തിനിഷ്ടമല്ല. അതു നിങ്ങൾക്ക് ഒരിക്കലും സംഭവിക്കാതിരിക്കട്ടെ. ദൈവം നിങ്ങളുടെ ഭവനത്തിൽ സന്തുഷ്ടനായിരിക്കട്ടെ. എല്ലായ്പോഴും അവിടുന്നു നിങ്ങൾക്കു സമാധാനം നൽകട്ടെ.

**എവിടെ ഭാര്യാ ഭർത്താക്കന്മാർ നുറുക്കമുള്ളവരാണോ അവിടെ**

രണ്ടാമതായി എനിക്കു പറയുവാനുള്ളതു യെശയ്യാ 57:15-ൽ കാണുന്ന കാര്യത്തെക്കുറിച്ചാണ്. "ദൈവം ഉന്ന

തനും പരിശുദ്ധനുമെങ്കിലും താഴ്മയും നുറുക്കവുമുള്ള ഹൃദയത്തിലും വസിക്കുന്നു." താഴ്മയും നുറുക്കവുമുള്ളവരോടു കൂടെയാണ് ദൈവം വസിക്കുന്നത്. നുറുക്കമുള്ള ഒരു വ്യക്തി മറ്റുള്ളവരെക്കാളധികം സ്വന്തം കുറവുകളെക്കുറിച്ചു ബോധമുള്ളവനാണ്. മറ്റുള്ളവരുടെ കുറവുകളെക്കുറിച്ചും പരാജയങ്ങളെക്കുറിച്ചും ചിന്തിക്കുന്നവരാണ് അധികമാളുകളും. മിക്ക കുടുംബങ്ങളിലെയും സംഭാഷണമെല്ലാം മറ്റുള്ളവരുടെ കുറ്റങ്ങളും പരാജയങ്ങളുമാണ്. അതു കാണുക നമുക്കു വളരെ എളുപ്പമാണ്. അവരിലെ നല്ല വശങ്ങൾ നാം ശ്രദ്ധിക്കുന്നില്ല. ഇക്കാര്യത്തിൽ നാമെല്ലാം ഒരുപോലെ കുറ്റക്കാരാണ്. കഴിഞ്ഞ കാലമെല്ലാം ഞാൻ ഈ കാര്യത്തിൽ കുറ്റക്കാരനായിരുന്നു. എന്നാൽ ഈ തിന്മയെക്കുറിച്ചു ദൈവം എനിക്കു വെളിച്ചം തന്നപ്പോൾ ഞാൻ അനുതപിച്ചു.

നമുക്കാരെയും കല്ലെറിയുവാൻ അവകാശമില്ല, കാരണം നാം തന്നെ പാപികളാണ്. ദൈവത്തിന്റെ കൃപയാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളവരുടെ കുറ്റം പറയുക എന്ന പാപവും മറ്റനേകം പാപങ്ങളും വീണ്ടും വീണ്ടും തുടർന്നു കൊണ്ടിരിക്കുവാൻ ആഗ്രഹിക്കുന്നവരല്ല നാം. കുളിമുറിയിലെ കണ്ണാടിയും ഒരു ഡ്രൈവർക്കു തന്റെ പിന്നിലെ വാഹനങ്ങളെ കാണാനുള്ള കണ്ണാടിയും തമ്മിലുള്ള വ്യത്യാസം നമുക്കറിയാം. ബാത്തു റൂമിലെ കണ്ണാടിയിൽ നാം നമ്മുടെ സ്വന്തം മുഖം കാണുന്നു. വാഹനത്തിലെ കണ്ണാടിയിൽ നാം അന്യരെ കാണുന്നു. യാക്കോബ് 1:23-25ൽ ദൈവത്തിന്റെ വചനം ഒരു കണ്ണാടിയാണെന്നു നാം കാണുന്നു. എന്നാൽ അത് ഏതുതരം കണ്ണാടിയാണ്? കുളിമുറിയിലെ കണ്ണാടിയോ വാഹനത്തിലെ കണ്ണാടിയോ? ആരുടെ മുഖമാണു നാം അതിൽ കാണുന്നത്? മറ്റുള്ളവരോടു പ്രസംഗിക്കാനുള്ള ഒരു വചനമാണോ നീ അതിൽ കാണുന്നത്? അതോ നിനക്കനുസരിക്കുവാനുള്ള ഒരു വചനമോ? എബ്രായർ 10:7 ഇങ്ങനെ പറയുന്നു: "പുസ്തച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു."

ഞാൻ വാഹനത്തിലെ ഒരു കണ്ണാടി പോലെ ദൈവവചനത്തെ കണ്ടുകൊണ്ട് ഒട്ടേറെ വർഷങ്ങൾ ഒരു ഭോഷനായി ജീവിച്ചു – മറ്റുള്ളവരോടു പ്രസംഗിക്കുവാനുള്ള വാക്യങ്ങൾ കണ്ടെത്തിക്കൊണ്ട്. ആ സമയങ്ങളിലൊക്കെ ഞാൻ അരിഷ്ടനായിരുന്നു. മറ്റുള്ളവരിൽ നുകം വയ്ക്കുന്നവനായിരുന്നു. ഞാൻ അതിൽ നിന്നെല്ലാം സ്വതന്ത്രനായിരിക്കുന്നു. ഇന്നും എനിക്കു സ്വന്തമായ ബോധ്യങ്ങളുണ്ട്. പക്ഷേ ഞാൻ അവയെ ആരുടെ മേലും അടിച്ചേൽപ്പിക്കില്ല. ഞാൻ മറ്റുള്ളവരുമായി അതു പങ്കുവയ്ക്കും. പക്ഷേ ആരും അവ ഏറ്റെടുക്കാൻ നിർബ്ബന്ധിക്കില്ല. അതെന്റെ ജോലിയല്ല. ഞാൻ ദൈവമുമ്പാകെ ജീവിക്കണമെന്ന നിർബ്ബന്ധം മാത്രമേ എനിക്കുള്ളു.

എനിക്കുള്ള വെളിച്ചം അടുത്തയാൾക്കുണ്ടാകുവാനുള്ള സാധ്യതയില്ല എന്ന അത്ഭുതകരമായ സത്യം കൂടി എനിക്കിപ്പോൾ മനസ്സിലായിരിക്കുന്നു. കഴിഞ്ഞ ഇരുപതിലധികം വർഷമായി ഈ സത്യം എന്നെ സഹായിച്ചു കൊണ്ടിരിക്കുന്നു. എനിക്കു ചുറ്റുമുള്ള എല്ലാവർക്കും എനിക്കുള്ള ഈ വെളിച്ചവും പാപബോധവും ഉണ്ടാകുമെന്നു ഞാൻ വിചാരിച്ചു. എന്നാൽ പോയ വർഷ

ങ്ങളിലൂടെ ഞാൻ കണ്ടെത്തി ഓരോ വ്യക്തിക്കും ഒരു പ്രത്യേക അളവിലുള്ള വെളിച്ചം മാത്രമേ ഉള്ളൂ. മാത്രമല്ല ഓരോരുത്തർക്കും അറിവിന്റെ പരിമിതിയുണ്ടെന്നും ഞാൻ കണ്ടെത്തി. സർവ്വശക്തനായ ദൈവം ഓരോ വ്യക്തിയെക്കുറിച്ചും തങ്ങൾക്കുള്ള വെളിച്ചത്തിൽ ജീവിക്കണമെന്നു മാത്രമേ ആഗ്രഹിക്കുന്നുള്ളൂ എന്നും മറ്റുള്ളവർക്കുള്ള വെളിച്ചത്തിൽ ആരും ജീവിക്കേണ്ടതില്ല എന്നുമുള്ള സത്യം ഞാൻ ഗ്രഹിച്ചു. ദൈവം നമുക്കു തന്നിരിക്കുന്ന വെളിച്ചം എത്രയുണ്ടെന്നു നമുക്കറിയാം. മറ്റൊരാൾക്കു ദൈവം എത്ര വെളിച്ചം നൽകിയിട്ടുണ്ടെന്നു നമുക്കറിഞ്ഞു കൂടാ. അതുകൊണ്ടു നാം കരുണയുള്ളവരാകണം.

(ഈ സമയത്ത് വിവാഹ വേദിയിലെ വീഡിയോ ലൈറ്റ് പെട്ടെന്ന് അണഞ്ഞു പോയി).

ഇപ്പോൾ ലൈറ്റ് പെട്ടെന്നണഞ്ഞു പോയപ്പോഴത്തെ അവസ്ഥ കണ്ടോ? അതൊരു ദൃഷ്ടാന്തമാണ്. ചില ആളുകൾക്ക് നല്ല വെളിച്ചമുള്ളപ്പോൾ മാത്രമേ വ്യക്തമായി കാണുവാൻ കഴിയൂ. എന്നാൽ ചില ആളുകൾക്കു മങ്ങിയ വെളിച്ചത്തിലും കാര്യങ്ങളെ വ്യക്തമായി കാണുവാൻ കഴിയും. നമ്മുടെ കൺമുമ്പിൽ തന്നെ ഈ സത്യം യഥാതഥമായി ആ ലൈറ്റിന്റെ പ്രശ്നത്തിലൂടെ കാട്ടിത്തന്നതു ദൈവത്തിന്റെ നന്മയാണ്.

അതുകൊണ്ടു സുനിൽ, ചില മേഖലകളിൽ നിനക്കുള്ള വെളിച്ചം അനുഗ്രഹിന് ഉണ്ടാവില്ല.

അതുപോലെ അനുഗ്രഹ്: ചില മേഖലകളിൽ നിനക്കുള്ള വെളിച്ചം സുനിലിനും ഉണ്ടാവില്ല. നിങ്ങൾ ഓരോരുത്തരും തങ്ങൾക്കുള്ള വെളിച്ചത്തിൽ ജീവിക്കുകയും പങ്കാളിയെ സ്വന്തം വെളിച്ചത്തിൽ ജീവിക്കുവാൻ അനുവദിക്കുകയും വേണം.

ആറാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്ക് രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയെക്കാൾ അറിവുണ്ട്. ആറാം ക്ലാസ്സുകാരൻ രണ്ടാം ക്ലാസ്സുകാരന് തന്റെയൊപ്പം അറിവുണ്ടാകണമെന്നു പ്രതീക്ഷിക്കുന്നത് ഭോഷത്തമാണ്. എന്റെ ഈ 65-ാം വയസ്സിൽ ഒരു 26 കാരന് ദൈവവഴികളിൽ എന്റെയൊപ്പം പരിജ്ഞാനമുണ്ടെന്നു പ്രതീക്ഷിക്കുന്നതു ഭോഷത്തമാണ്. എന്നാൽ ഭോഷനായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

അധികം ക്രിസ്ത്യാനികളും ഭോഷന്മാരാണ്. തങ്ങൾ 30 വർഷങ്ങൾ കൊണ്ട് ആർജ്ജിച്ച പരിജ്ഞാനം മറ്റുള്ളവർ ഒരു വർഷം കൊണ്ട് ആർജ്ജിക്കണമെന്ന് അവർ പ്രതീക്ഷിക്കുന്നു.

ഈ യുവ ദമ്പതികൾക്ക് എത്ര മാത്രം ജ്ഞാനമുണ്ടാകണമെന്ന് എനിക്കു പ്രതീക്ഷിക്കാൻ കഴിയും? ഇരുപതു കളിലുള്ള യൗവനക്കാരുടെ ജ്ഞാനം മാത്രം.

സുനിൽ, അനുഗ്രഹ്, നിങ്ങൾക്ക് അധികം ഉത്സാഹം പകരുന്ന ഒരു കാര്യം ഞാൻ നിങ്ങളോട് പറയാം. നിങ്ങളുടെ പ്രായത്തിൽ ഞാൻ ചെയ്തു കൂട്ടിയ മടയത്തരങ്ങളുടെ ഒരു പത്തിലൊന്നു മാത്രമേ നിങ്ങൾ ചെയ്യുവാൻ പോകുന്നുള്ളൂ. അതു നിങ്ങൾക്കു ധൈര്യമുണ്ടാക്കുന്ന കാര്യമാണ് എന്നു ഞാൻ കരുതട്ടെ. ദൈവം എന്നോടു കരുണ കാണിച്ചു. എന്റെ എല്ലാ ഭോഷത്തങ്ങളിലും ദൈവം ആശ്വാസം പകർന്നു. ഉത്സാഹം തന്നു.

ഒരു പിതാവെന്ന നിലയിൽ ഞാൻ നിങ്ങളോടു രണ്ടു പേരോടും പറയട്ടെ. അനുഗ്രഹ്, ഞാൻ നിന്റെ അമ്മാ

യിയപ്പനല്ല, അപ്പനാണ് എന്നുകൂടി പറഞ്ഞുകൊള്ളട്ടെ. വളരെ മുമ്പു തന്നെ ഞാൻ തീരുമാനമെടുത്തിരുന്നു ഞാൻ ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനനാകയാൽ എനിക്കു ഒരിക്കലും മരുമക്കളുണ്ടാവില്ല. മക്കൾ മാത്രമേ ഉണ്ടാകു എന്ന്. അക്കാര്യം അടുത്ത ചില വർഷങ്ങളിൽ നിനക്കു പരീക്ഷിച്ചുതന്നെ മനസ്സിലാക്കാവുന്നതാണ്. ഞാൻ നിന്നോടു പെരുമാറുന്നതു മരുമകളോടെന്ന പോലെയാണോ മകളെപ്പോലെയാണോ എന്ന്. എനിക്ക് ഏതെങ്കിലും അവസരത്തിൽ വീഴ്ച വന്നാൽ ഇന്നു ഞാൻ പറഞ്ഞ ഈ കാര്യം എന്നെ നിനക്ക് ഓർമ്മിപ്പിക്കാവുന്നതാണ്. തീർച്ചയായും അതു ഞാൻ സ്വീകരിക്കും.

നിങ്ങളുടെ പിതാവ് എന്ന നിലയിൽ എനിക്കു നിങ്ങളോടു പറയുവാനുള്ളത് ഇതാണ്. എനിക്കുള്ള വെളിച്ചം നിങ്ങൾക്കുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നില്ല. നിങ്ങൾക്ക് 65 ആകുന്നതിനു മുമ്പെ എനിക്കുള്ള വെളിച്ചവും ജ്ഞാനവും നിങ്ങൾക്കുണ്ടാകുമായിരിക്കാം– ഒരുപക്ഷേ നിങ്ങൾക്കു 45 ആകുമ്പോഴേക്ക് എനിക്കിന്നുള്ള ജ്ഞാനം നിങ്ങൾക്കുണ്ടാകുമായിരിക്കാം. ഒരുപക്ഷേ 65 ആകുമ്പോഴേക്കും എനിക്ക് ഇന്നുള്ളതിലും അധികം ജ്ഞാനം നിങ്ങൾക്കുണ്ടാകുമായിരിക്കാം.

അതുകൊണ്ട് 40 വർഷം കൊണ്ട് തങ്ങൾ ആർജ്ജിച്ച ജ്ഞാനം നിങ്ങൾക്കുണ്ടെന്നു പ്രതീക്ഷിക്കുന്ന ആളുകളെ കണ്ടു മുട്ടുമ്പോൾ അവരെ അവഗണിക്കുക. യെശയ്യ 42:19ൽ ഒരു മനോഹരമായ വചനമുണ്ട്. "യഹോവയുടെ ഒരു യഥാർത്ഥ ദാസൻ ചെകിടനും കുരുടനും ആയിരിക്കും." നിങ്ങളുടെ ചുറ്റുമുള്ള ആളുകളുടെ അഭിപ്രായങ്ങൾക്കു നിങ്ങൾ ചെകിടരും കുരുടരുമായിത്തീരുക. ആ വാക്യം എന്നെ വളരെ സഹായിച്ചു. അതു നിങ്ങളെയും സഹായിക്കും. നിങ്ങൾ ആളുകളുടെ അഭിപ്രായത്തിനു ബധിരരും കുരുടരുമാകുന്നത്രത്തോളം മാത്രമേ നിങ്ങൾക്കു ദൈവസാന്നിദ്ധ്യത്തിൽ ജീവിക്കുവാൻ കഴിയൂ.

അതുകൊണ്ടു നിങ്ങളെ വിമർശിക്കുന്നവരുടെ കുറവുകളല്ല, നിങ്ങളുടെ കുറവുകൾ തന്നെ കണ്ടെത്തുവാൻ ശ്രമിക്കുക. അവർ നിങ്ങളെ വിമർശിച്ചുകൊണ്ടു സ്വയം നശിക്കുന്നെങ്കിൽ നശിക്കട്ടെ. ഞാൻ വർഷങ്ങൾക്കു മുമ്പ് അങ്ങനെ ഒരു തീരുമാനം എടുത്തിരുന്നു. ഞാൻ മറ്റുള്ളവരെ വിമർശിച്ചുകൊണ്ടു സ്വയം നാശത്തിനു വിധേയനാവുകയില്ല എന്ന്. ഞാൻ വളരെ ഭോഷത്തങ്ങൾ എന്റെ ചെറുപ്പകാലത്തു ചെയ്തു കൂട്ടി. ഇന്ന് എനിക്കു കുറച്ചു കൂടി പരിജ്ഞാനം ലഭിച്ചിരിക്കുന്നു. പൗലൊസ് പറയുന്നു: "ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ പെരുമാറി. ശിശുവിനെപ്പോലെ സംസാരിച്ചു. ശിശുവിനെപ്പോലെ പ്രവർത്തിച്ചു. ഞാൻ മുതിർന്ന ശേഷമോ ശിശുവിനുള്ളതു ത്യജിച്ചു കളഞ്ഞിരിക്കുന്നു (1കൊരി. 13:11).

നിങ്ങളെയും വേഗത്തിൽ മുതിർന്നവരാകുവാൻ ഞാൻ ഉത്സാഹിപ്പിക്കുന്നു.

**എവിടെ ഭാര്യയും ഭർത്താവും വിശുദ്ധരാകുന്നോ അവിടെ**

ഭാര്യയും ഭർത്താവും എല്ലാ ദിവസവും വിശുദ്ധിയിൽ ജീവിക്കുന്നിടത്തു ദൈവം വസിക്കുന്നു.

യെഹസ്കേൽ 43:12ൽ ഇങ്ങനെ പറയുന്നു: "ഇതാകുന്നു ആലയത്തെക്കുറിച്ചുള്ള പ്രമാണം; പർവ്വത

ത്തിന്റെ മുകളിൽ അതിന്റെ അതിർത്തിക്കകമെല്ലാം അതിവിശുദ്ധ മായിരിക്കേണം.”

കൂടാരത്തിനു മൂന്നു ഭാഗങ്ങളുണ്ടായിരുന്നു. പുറത്തെ പ്രാകാരം, വിശുദ്ധ മന്ദിരം, അതി വിശുദ്ധ മന്ദിരം. ഇതിൽ അതിവിശുദ്ധ സ്ഥലമായിരുന്നു ഏറ്റവും ചെറുത്.

പുതിയ ഉടമ്പടിയിൽ പ്രാകാരവും വിശുദ്ധ സ്ഥലവും ഇല്ല. എല്ലാം അതിവിശുദ്ധ മന്ദിരമാണ്. കൂടാരത്തിലെപ്പോലെ ദൈവതേജസ്സ് ഒരു കോണിൽ മാത്രമല്ല മന്ദിരത്തിന്റെ അതിരിന്നകമെല്ലാം അതിവിശുദ്ധമായിരിക്കും എന്നാണ്.

എന്താണതിന്നർത്ഥം? നിങ്ങളുടെ ജീവിതം ഞായറാഴ്ചകളിൽ മാത്രമല്ല എല്ലാ ദിവസവും അതിവിശുദ്ധമായിരിക്കുമെന്നാണ്. നിങ്ങൾ ബൈബിൾ വായിക്കുമ്പോൾ മാത്രമല്ല വിശുദ്ധരാകുന്നത്, എന്തു ചെയ്യുമ്പോഴും വിശുദ്ധരാണ്. നിങ്ങളുടെ ജീവിതത്തിന്റെ, ഭവനത്തിന്റെ, ഓരോ കോണും മൂലയുമെല്ലാം വിശുദ്ധമായിരിക്കണം. വിശുദ്ധി എന്നത് ഏതെങ്കിലും കർമ്മങ്ങൾ ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന ഒന്നല്ല– ദൈവത്തിനു പ്രസാദകരമല്ലാത്ത കാര്യങ്ങളെ നിങ്ങൾക്കു ലഭിച്ച വെളിച്ച പ്രകാരം ജീവിതത്തിൽ നിന്നും നീക്കുമ്പോൾ ഉണ്ടാകുന്നതാണ്. നിങ്ങൾ ഇരുവരുടെയും ജീവിതത്തിൽ ഇതു സത്യമായി തീരട്ടെ.

നിങ്ങൾ ഒരുമിച്ചുള്ള ജീവിതത്തെ സംബന്ധിച്ചു ദൈവത്തിനു മനോഹരമായ ഒരു പദ്ധതി ഉണ്ട്. ആദമിനെ ദൈവം സൃഷ്ടിക്കുമ്പോൾ അവിടെ ഹവ്വ ഉണ്ടായിരുന്നില്ല. ആദമിന്റെ മൂക്കിൽ ദൈവം ജീവശ്വാസം ഊതി. അവൻ കണ്ണു തുറന്നപ്പോൾ കണ്ടതു ദൈവത്തെയാണ്. അതുപോലെ സുനിൽ, നീ എല്ലാ ദിവസത്തിലും പ്രഭാതത്തിൽ കണ്ണു തുറന്നു ദൈവത്തെ തന്നെയായിരിക്കും കാണുക. തുടർന്ന് ആദാമിനു ഒരു നിദ്ര വരുത്തിയ ശേഷം അവന്റെ വാരിയെല്ലെടുത്തു ഹവ്വയെ സൃഷ്ടിച്ചു. ഹവ്വ കണ്ണു തുറന്നപ്പോൾ അവളും ആദ്യം കണ്ടതു ദൈവത്തെ തന്നെ ആയിരുന്നു. അനുഗ്രഹ്, നീയും എല്ലാ ദിവസവും രാവിലെ കണ്ണു തുറക്കുമ്പോൾ കാണുന്നതു ദൈവത്തെ തന്നെയാകണം. അതിനു ശേഷമായിരുന്നു ദൈവം അവരെ ഒന്നിപ്പിച്ച് വിവാഹം കഴിപ്പിച്ചത്. അവർ ആദ്യം ദൈവത്തെ കണ്ടതുകൊണ്ട് അവർ പരസ്പരം വളരെ സ്നേഹിച്ചു. ദാമ്പത്യ ജീവിതത്തിൽ സ്നേഹം നീണ്ടു നിൽക്കുന്നതിന്റെ രഹസ്യം നിത്യേനയുള്ള ഈ കാഴ്ചയാണ്.

ആദമിനു ദൈവം ചെയ്തു കൊടുത്തതു സുനിലിനു ദൈവം നൽകിത്തന്നിരിക്കുന്നു. 26 വർഷങ്ങൾക്കു മുമ്പ് നീ ജനിക്കുമ്പോൾ മാതാപിതാക്കളായ ഞങ്ങൾക്കു വലിയ സന്തോഷമായിരുന്നു. ആ ദിവസത്തിനു വളരെ മുമ്പെ തന്നെ ദൈവം നിന്റെ ജനനത്തെക്കുറിച്ചറിഞ്ഞിരുന്നു. ഞാനും നിന്റെ അമ്മയും വിവാഹിതരാകും മുമ്പെ തന്നെ നിന്റെ പേര് ദൈവം ജീവപുസ്തകത്തിൽ എഴുതിക്കഴിഞ്ഞിരുന്നു. നിന്റെ വിവാഹത്തിനു വേണ്ടിക്കൂടി ദൈവം കരുതിയിരുന്നു എന്നത് അത്ഭുതകരമാണ്. അതുകൊണ്ട് നീ ജനിച്ചു ചില വർഷങ്ങൾ കഴിഞ്ഞപ്പോൾ ഇന്ത്യയുടെ മറ്റൊരു ഭാഗത്ത് ഒരു കൊച്ചു പെൺകുട്ടിയെ കൂടി ദൈവം ഭൂജാതയാക്കി. ഇക്കാര്യം നിനക്കോ അനുഗ്രഹിനോ അറിയുമായിരുന്നില്ല. ദൈവം ചേരുമ്പടി ചേർക്കുന്നതിൽ ഒരു വിദഗ്ധനാണ്. നിങ്ങൾക്ക് ഇരു

വചനദീപം

## വിശുദ്ധ ജീവിതം - 8

(കഴിഞ്ഞ ലക്കം തുടർച്ച...)



# ശക്തിയുടെ രഹസ്യം

**സാമുവൽ ലോഗൻ ബ്രെങ്കിൾ**

*“യഹോവയ്ക്കായി കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും”* (യെശ. 40:31).

സർവ്വ പ്രാധാനമായി ലോകത്തിനു കൊടുക്കാനുള്ള ഒരു സന്ദേശം ഏതെന്ന് എന്നോട് ആരെങ്കിലും ചോദിച്ചാൽ “യഹോവയ്ക്കായി കാത്തിരിക്ക” എന്നു ഞാൻ പറയും. ഞാൻ ഏതു സ്ഥലത്തു പോയാലും ഏതു സഭാവിഭാഗത്തിലും ഒരുപോലെ കാണുന്ന കാഴ്ച ദൈവജനം പിന്മാറിപ്പോയിരിക്കുന്നു എന്നുള്ളതത്രേ. യഹോവയ്ക്കായി കത്തിയെരിഞ്ഞുകൊണ്ടും കത്തിജ്വലിച്ചുകൊണ്ടും ഇരുന്നവർ ശക്തി കുറഞ്ഞവരും പ്രകാശം നഷ്ടപ്പെട്ടവരുമായി തീർന്നിട്ടുണ്ട്. അവർ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചവരും യേശുക്രിസ്തുവിനോടുള്ള സ്നേഹത്തിൽ നിന്നു പിന്മാറിയവരും ആയിത്തീർന്നിട്ടുണ്ട്. അവരുടെ പിന്മാറ്റത്തിന്റെ കാരണം ഓരോരുത്തരോടും ചോദിച്ചാൽ പലർക്കും പല കാരണങ്ങൾ പറവാനുണ്ടായിരിക്കും. എന്നാൽ എല്ലാവരും ഒരുപോലെ സമ്മതിക്കുന്ന കാര്യം അവർ യഹോവയ്ക്കായി കാത്തിരുന്നില്ല എന്നുള്ളതാണ്. അവരുടെ വിശ്വാസത്തെ മറിച്ചു കളയുവാനും ധൈര്യം കെടുത്തിക്കളയുവാനും ജീവിതം തകർത്തു കളയുവാനുമായി ശത്രു സകല ശക്തിയോടുംകൂടെ എതിർത്തപ്പോൾ അവർ


▶ *ശേഷം പേജ് 37*

---

വർക്കും വേണ്ടിയുള്ള ഈ പദ്ധതിയെക്കുറിച്ചു നിങ്ങൾ അറിഞ്ഞതേയില്ല. ഈ കുട്ടി വളർന്നുകൊണ്ടിരിക്കുമ്പോൾ അവൾക്കു വേണ്ടി നീ തന്നെയായിരുന്നു ദൈവത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നത്. അങ്ങനെ ഒരു ദിവസം അവിടുന്നു നിങ്ങളെ കൂട്ടിവരുത്തി. ആദമിനെയും ഹവ്വയെയും കൂട്ടി വരുത്തിയ പ്രകാരം തന്നെ. നിങ്ങളെ സംബന്ധിച്ചു ദൈവം എത്ര നല്ലവനാണ്!

അതുകൊണ്ടു നിങ്ങളെക്കുറിച്ചുള്ള എന്റെ പ്രാർത്ഥന ഇതാണ്. നിങ്ങളുടെ ജീവിതത്തെ സംബന്ധിച്ചു ദൈവം തികെച്ചും സന്തുഷ്ടനായിരിക്കും- നിങ്ങളുടെ ഭവനം ഒരു വിശുദ്ധ മന്ദിരമായി, ദൈവത്തിന് ഒരു തിരുനിവാസമായി നിങ്ങൾ പണിയുമെങ്കിൽ.

ദൈവം നിങ്ങളെ ഇരുവരെയും അനുഗ്രഹിക്കുമാറാകട്ടെ. ആമേൻ. ■



ബൈബിളിലൂടെ...

# ഫിലിപ്പിയർ

## എല്ലാ പ്രശംസയും ക്രിസ്തുവിൽ

**യേശു** തന്നെത്തന്നെ ഒരു ദാസനായി താഴ്ത്തി. അതുകൊണ്ടു ദൈവം അവനെ ഉയർത്തി. നിങ്ങൾ സ്വയം എത്രയധികം താഴ്ത്തുന്നുവോ അത്രയധികം ദൈവം നിങ്ങളെ ആത്മീയമായി ഉയർത്തും. ആളുകൾക്കു മീതെയല്ല, പാപത്തിനും ലോകത്തിനും പിശാചിനും മീതെ ദൈവം നിങ്ങളെ ഉയർത്തും.

2:14ൽ 'എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‌വീൻ' എന്നു പ്രബോധിപ്പിക്കുന്നു. ഇതൊരു അസാദ്ധ്യമായ നിലവാരമെന്നു പലരും കരുതുന്നതിനാൽ ഈ കല്പനയെ അവഗണിക്കാറാണു പൊതുവേ പതിവ്. എന്നാൽ ദൈവശക്തിയാൽ ഇതൊക്കെ സാദ്ധ്യമാണ്. ഇതിനു തൊട്ടു മുമ്പുള്ള 13-ാം വാക്യ



*ജീവിതാവസാനം വരെ പർവ്വതത്തിൻ ചുവട്ടിൽ കഴിയാനുള്ളവരല്ല നാം. നമുക്കു മുകളിലേക്കു പ്രയാണം ചെയ്യേണ്ടതുണ്ട്.*

ത്തിൽ ദൈവം തന്നെയാണു നമ്മിൽ ഇച്ഛയും പ്രവൃത്തിയും ഉളവാക്കുന്ന തെന്നു നാം കാണുന്നു. ക്രിസ്തുവിന്റെ താഴ്മയും നിസ്വാർത്ഥ സ്നേഹവും നമുക്കു സ്വയം നമ്മിൽ ഉത്പാദിപ്പിക്കുവാൻ കഴിയില്ല. ആദ്യമേ ദൈവം തന്നെ ഒരു പ്രവൃത്തി നമ്മിൽ തുടങ്ങണം. അതു ദൈവം തുടങ്ങിയിരിക്കുന്നു. എന്നാൽ ദൈനംദിന ജീവിതത്തിന്റെ ഓരോ സാഹചര്യത്തിലും ദൈവം അതു പ്രവർത്തിച്ചെടുക്കേണ്ടതായിട്ടുണ്ട്. അങ്ങനെ നമ്മുടെ ദൈനംദിന ജീവിതത്തിൽ ക്രിസ്തു സ്വഭാവത്തിൽ നാം വളരും (2 കൊരി. 4:16). അപ്പോഴാണ് പരാതിയും പിറുപിറുപ്പും കൂടാതെ ജീവിക്കുവാൻ നമുക്കു സാധ്യമാവുക.

തുടർന്നു തന്റെ രണ്ടു സഹപ്രവർത്തകരുടെ മാതൃകയെക്കുറിച്ചു പൗലൊസ് രേഖപ്പെടുത്തുന്നു– തിമൊഥെയോസും (2:19–22), എപ്പഫ്രോദിത്തോസും (2:25–30). ക്രിസ്തുവിലുള്ള നിസ്വാർത്ഥയുടെ ഉദാഹരണങ്ങളായി പൗലൊസ് ഇവരെ വെളിപ്പെടുത്തുന്നു. തന്നോടു കൂടെയുള്ള സഹപ്രവർത്തകരുടെ കൂട്ടത്തിൽ തിമൊഥെയോസിനെ മാത്രമാണു ഫലിപ്പ്യയിലേക്ക് അയയ്ക്കുവാൻ പൗലൊസ് തിരഞ്ഞെടുക്കുന്നത്. കാരണം മറ്റുള്ളവരൊക്കെ സ്വന്തം കാര്യം മാത്രം നോക്കുന്നവരായിരുന്നു! അവരും വീണ്ടും ജനനം പ്രാപിച്ചവരും പരിശുദ്ധാത്മാഭിഷേകം ഉള്ളവരുമാണ്. അവർ അന്യഭാഷയിൽ സംസാരിക്കുന്നവരും പ്രസംഗിക്കുവാൻ കഴിവുള്ളവരുമാണ്. അവർക്ക് ആത്മാക്കളെ നേടാനുള്ള ദാഹവുമുണ്ട്. എങ്കിലും അവർ സ്വന്തം നേട്ടങ്ങൾ അന്വേഷിച്ചിരുന്നു – മാനം, ധനം, സുഖം, സൗകര്യം ഒക്കെ. പൗലൊസ് ഒരു ആത്മീയനായിരുന്നതിനാൽ ഈ നല്ല സഹോദരന്മാരുടെ നിലവാരത്തെ വിവേചിച്ചറിഞ്ഞിരുന്നു. തിമൊഥെയോസ് മാത്രം നിസ്വാർത്ഥനാണെന്നു തിരിച്ചറിഞ്ഞിരുന്നു. ഇന്നും നമുക്കു ക്രിസ്തീയ വേലക്കാരിൽ ഇത്തരം രണ്ടു കൂട്ടരെ കണ്ടെത്താൻ കഴിയും.

എല്ലാ കൂട്ടത്തിലും നമുക്കു നല്ല സഹോദരന്മാരെയും വളരെ നല്ലസഹോദരീ സഹോദരിമാരെയും കണ്ടെത്താൻ കഴിയും. സ്വാർത്ഥം അന്വേഷിക്കാത്തവരാണ് വളരെ നല്ല സഹോദരങ്ങൾ. ഞാൻ കണ്ടിട്ടുള്ള അധികം ക്രിസ്തീയ ശുശ്രൂഷകരും സ്വാർത്ഥം അന്വേഷിക്കുന്നവരായാണ് കാണപ്പെട്ടിട്ടുള്ളത്. അവർ തിമൊഥെയോസിനെ പോലെയല്ല. പ്രഥമമായും പ്രധാനമായും ക്രിസ്തുവിനെ അന്വേഷിക്കുന്നവരെയാണു ദൈവം അന്വേഷിക്കുന്നത്. അവർക്കാണു താൻ വെളിപ്പാടുകളെ നൽകുന്നത്. നിത്യമായ ഒരു പ്രവൃത്തി ചെയ്യുവാൻ ഉപയോഗിക്കുന്നത് അവരെയാണ്. തിമൊഥെയോസും എപ്പഫ്രോദിത്തോസും അത്തരക്കാരായിരുന്നു. കർത്തൃ ശുശ്രൂഷ കാരണമായി എപ്പഫ്രോദിത്തോസ് മരണത്തോട് അടുത്തു. എങ്കിലും തന്റെ ജീവിതം കർത്താവിന്റ ജീവനെ പ്രതിഫലിപ്പിക്കുന്നതായിരുന്നു.

3:1ൽ "ഒരേ കാര്യം ആവർത്തിച്ചു എഴുതുന്നതിൽ എനിക്കു നാണക്കേട് ഒട്ടും തോന്നുന്നില്ല. അതു നിങ്ങളുടെ സുരക്ഷിതത്വത്തിനു നല്ലതാണെന്നു ഞാൻ കരുതുന്നു." തന്റെ ലേഖനങ്ങളിൽ കാര്യങ്ങൾ ആവർത്തിച്ചെഴുതുന്നതിൽ തനിക്കു ലജ്ജയോ വിരസതയോ ഇല്ലെന്നു പൗലൊസ് വ്യക്തമാക്കുന്നു. അദ്ദേഹം വിശ്വാസികളുടെ നന്മയെ ലക്ഷ്യം വച്ചിരുന്നു.

സ്വന്തം ബഹുമാനമായിരുന്നില്ല ലക്ഷ്യം വച്ചിരുന്നത്. അധികം പ്രസംഗകരും തങ്ങളുടെ പ്രസംഗങ്ങളിൽ ആവർത്തനങ്ങളുണ്ടാകാതിരിക്കാൻ വളരെ ശ്രദ്ധിക്കുന്നു- കാരണം ശ്രോതാക്കളുടെ ബഹുമാനം നഷ്ടപ്പെടാതിരിക്കാൻ. അവർ തങ്ങളുടെ പ്രസംഗങ്ങളുടെ കുറിപ്പുകളും അവ പ്രസംഗിച്ച സ്ഥലങ്ങളും കുറിച്ചുവയ്ക്കുന്നു. ആവർത്തനം ഒരേ സ്ഥലത്തുണ്ടാകാതിരിക്കാൻ. അവർ പ്രസംഗ തൊഴിലാളികളാണ്. പ്രവാചകന്മാരല്ല. പഴയ നിയമ പ്രവാചകന്മാർ തങ്ങളുടെ സന്ദേശങ്ങൾ ആവർത്തിച്ചു പറയുന്നവരായിരുന്നു. കാരണം അവർ ലക്ഷ്യം വച്ചിരുന്നത് ആളുകളുടെ അംഗീകാരമോ പണമോ ആയിരുന്നില്ല. പകരം ആളുകൾ മനം തിരിഞ്ഞു ദൈവത്തെ അനുസരിക്കുന്നതിലായിരുന്നു. പൗലൊസും തന്റെ പ്രസംഗങ്ങൾ പല തവണ ആവർത്തിച്ചിരുന്നു. കാരണം ആളുകൾ അതു വീണ്ടും വീണ്ടും കേൾക്കണമെന്നു പൗലൊസ് ആഗ്രഹിച്ചിരുന്നു.

3:2ൽ പൗലൊസ് പറയുന്നു: ''നായ്ക്കളെ സൂക്ഷിക്കുവിൻ. ആകാത്ത വേലക്കാരെ സൂക്ഷിക്കുവിൻ. ബാഹ്യമായ പരിച്ഛേദന മാത്രം നടത്തുന്ന വ്യാജ പരിച്ഛേദനക്കാരെ സൂക്ഷിക്കുവിൻ. നാം തന്നെ യഥാർത്ഥ പരിച്ഛേദനക്കാർ. ശരീര ഭാഗം മുറിച്ചു മാറ്റുന്ന പരിച്ഛേദനയുടെ അർത്ഥം ജഡത്തിൽ പുകഴുവാൻ ഒന്നുമില്ല. എല്ലാ പ്രശംസയും ക്രിസ്തുവിലാണ് എന്നതത്രേ" (3:3). പ്രശംസയ്ക്കാണെങ്കിൽ തനിക്കു ജഡത്തിൽ വളരെ നേട്ടങ്ങളുണ്ടു പറയാനെന്നു പൗലൊസ് വ്യക്തമാക്കുന്നു. ഒന്നാമതു താൻ ഒരു പരീശനാണ്. എന്നു മാത്രമല്ല ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് ഒരു കുറ്റം പോലും പറയാനില്ലാത്തവൻ. അതിന്നർത്ഥം ചെറുപ്പം മുതല്ക്കെ താൻ പത്തു കല്പനകളും കൃത്യമായി അനുസരിച്ചു ഭക്തിയോടെ ജീവിച്ചു പോരുന്നു എന്നത്രേ. എന്നാൽ ക്രിസ്തുവിനെ കണ്ടു മുട്ടിയപ്പോൾ തന്റെ മാനുഷിക നന്മകൾ വെറും ചവറു മാത്രമെന്നു ബോദ്ധ്യപ്പെട്ടു. "ചവറെ"ന്നും "അഴുക്കെ"ന്നും ഉള്ള പ്രയോഗങ്ങൾ ഞാൻ കൂടെക്കൂടെ ഉപയോഗിക്കാറുണ്ട്. ഭൂമിയിലെ വിലകുറഞ്ഞ കാര്യങ്ങളെക്കുറിച്ചു പറയുമ്പോഴാണത്. എന്നാൽ ആ വാക്കുകൾ എന്റെ സ്വയ നിർമ്മിതിയല്ല, പൗലൊസിൽ നിന്നു കടമെടുത്തതാണ്. ഇവിടെ 3:11ൽ അദ്ദേഹം ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതു കാണാം. ക്രിസ്തുവിന്റെ തേജസ്സിനു മുമ്പിൽ മനുഷ്യന്റെ നീതിയും ഭൗതിക ശ്രേഷ്ഠതകളുമെല്ലാം വെറും ചവറും മാലിന്യവും പോലെയാണ് എന്നദ്ദേഹം കണ്ടെത്തി. നിങ്ങൾക്കങ്ങനെ തോന്നിയിട്ടുണ്ടോ? ക്രിസ്തുവിനോടു താരതമ്യം ചെയ്യുമ്പോൾ ലോകത്തിന്റെ സമ്പത്തും ധനവുമെല്ലാം ചവറുപോലെ മൂല്യമില്ലാത്തതാണെന്നു നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? മനുഷ്യർ നൽകുന്ന മാനവും ആദരവും വെറും അഴുക്കുപോലെയാണെന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ദൈവഹിതം ചെയ്യുക. ദൈവം ആഗ്രഹിക്കുന്ന ഇടത്തു നിങ്ങൾ ആയിരിക്കുക. ക്രിസ്തു സ്വഭാവത്തിൽ വളരുക. ദൈവം നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്ന ശുശ്രൂഷ നിവർത്തിക്കുക- നിത്യതയുടെ വെളിച്ചത്തിൽ ആവശ്യമുള്ള കാര്യങ്ങൾ ഇവ മാത്രമാണ്.

മറ്റു ശുശ്രൂഷകർ മാനിക്കപ്പെടുകയും നിങ്ങൾ മാനിക്കപ്പെടാതിരിക്കയും ചെയ്യുന്നു എങ്കിൽ എന്താണ്?

ക്രിസ്തുവിന്റെ നിന്ദ ചുമക്കുക എന്ന താണു നമ്മുടെ വിളി. ഭൗമികമായ മാനം വെറും ചവറു തന്നെയാണ്. മറ്റൊരു ക്രിസ്തീയ ശുശ്രൂഷകൻ സമ്പന്നതയിലും സൗകര്യത്തിലും ജീവിക്കുന്നതിൽ നിങ്ങൾ അസൂയാലുവാണോ? എങ്കിൽ പണത്തെയോ സുഖസൗകര്യങ്ങളെയോ ചവറെന്നു താങ്കൾ കണ്ടിട്ടില്ല. അതിൽ താങ്കൾക്കു ദുഃഖം തോന്നുന്നുണ്ടോ? ഭൗമിക സുഖത്തെയും ധനത്തെയും മാനത്തെയും ചവറെന്നു കണ്ടെത്തിയ ഒരു വ്യക്തിയായിരുന്നു പൗലൊസ്. ഇവയുടെ സ്വാധീനത്തിൽ നിന്നും സ്വതന്ത്രനായിരുന്നതിനാലായിരുന്നു വിഘ്നം കൂടാതെ കർത്താവിന്റെ വേലയിൽ ആയിരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞത്.

ക്രിസ്തുവിന് അന്യമായതെല്ലാം ചവറെന്നു കണ്ടെത്തുന്ന ഒരു വ്യക്തിക്കു മാത്രമേ വിശ്വസ്തമായി കർത്താവിന്റെ വേല നിവർത്തിക്കുവാൻ കഴിയൂ. ഈ ഭൂമിയിൽ ജീവിക്കുവാൻ നമുക്കു പണം ആവശ്യമാണ്. നമുക്കു വേല ചെയ്തു പണം സമ്പാദിക്കാം. മറ്റുള്ളവർ നല്കുന്ന ദാനങ്ങൾ സ്വീകരിക്കയും ആകാം. (എന്നാൽ ചോദിച്ചു വാങ്ങുന്നതും ദാനം അന്വേഷിക്കുന്നതും ദൈവവേലക്കാർക്കു ചേർന്നതല്ല). ലഭിക്കുന്ന പണം ജീവിതാവശ്യങ്ങൾക്ക് - ഭക്ഷണം, വസ്ത്രം, വീട്ടു വാടക, കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം മുതലായവയ്ക്ക് - ഉപയോഗിക്കാവുന്നതാണ്. എന്നാൽ ധനത്തിന്റെ, വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നമ്മെ മറ്റുള്ളവരുമായി താരതമ്യം ചെയ്യുന്നവരോ, കണക്കു കൂട്ടലുകൾ നടത്തുന്ന മനോഭാവമുള്ളവരോ ശുശ്രൂഷ തെരഞ്ഞെടുക്കുന്നതിൽ പണം ഒരു മാനദണ്ഡമാക്കുന്നവരോ ആണെങ്കിൽ നാം ദൈവത്തിന്റെ വഴിയിൽ നിന്നും തികച്ചും വിദൂരതയിലാണ്. പണം ഒരിക്കലും നമ്മുടെ യജമാനനാകുവാൻ പാടില്ല. നമ്മുടെ ദാസനായിരിക്കണം.

സ്വർഗ്ഗത്തിലെ വീഥികൾ തങ്കനിർമ്മിതമാണ്. തങ്കം സ്വർഗ്ഗത്തിൽ നമ്മുടെ പാദങ്ങൾക്കു കീഴിലാണ്. ഭൂമിയിലും ദൈവദാസന്മാർക്കു ധനം അങ്ങനെ തന്നെയായിരിക്കണം. ഇവിടെ ഭൂമിയിൽ അതു തലയിലാണ് പൊതുവേ വയ്ക്കുന്നത്. കാൽക്കീഴിൽ വയ്ക്കുവാൻ നാം ശീലിച്ചാൽ നാം സ്വർഗ്ഗത്തിലേക്കു പോകുവാൻ തയ്യാറായിക്കഴിഞ്ഞു. എന്നാൽ പൊന്ന് നിങ്ങളുടെ തലയിൽ (മനസ്സിൽ) ഇരിക്കുന്നേടത്തോളം നിങ്ങൾ സ്വർഗ്ഗത്തിൽ പോകുവാൻ തയ്യാറെടുത്തിട്ടില്ല. ധനത്തെ അതിന്റെ സ്ഥാനത്തു വയ്ക്കുവാൻ കഴിയുന്നത്ര വേഗത്തിൽ പഠിക്കുന്നതാണു നിങ്ങൾക്കു നല്ലത്. അതു പോലെ തന്നെയാണ് ലോകമാനം. ലോകത്തിന്റെ മാനാപമാനങ്ങളെയും ധനത്തെപ്പോലെ ചവറായി കാണുവാൻ നമുക്കു കഴിയണം.

ഇവിടെ പൗലൊസ് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹത്തെക്കുറിച്ചു പറയുന്നു. അതു വലിയ ഒരു പ്രസംഗകൻ ആകണമെന്നതോ പ്രസിദ്ധൻ ആകണമെന്നതോ ഒന്നുമായിരുന്നില്ല. ക്രിസ്തുവിനെ അധികമായി അറിയണമെന്നതായിരുന്നു അത്. ക്രിസ്തുവിന്റെ കഷ്ടങ്ങളോട് അനുരൂപപ്പെട്ടിട്ട് അവിടുത്തെ പുനരുത്ഥാനത്തിന്റെ ശക്തിയെ അധികമായി അനുഭവിച്ചറിയണമെന്നതായിരുന്നു (3:10). എന്നാൽ താൻ ലക്ഷ്യം വച്ചതൊന്നും ഇതുവരെ പ്രാപിച്ചില്ല എന്നു തുടർന്നു പറയുന്നു. ക്രിസ്തു

വിന്റെ പൂർണ്ണതയെ പ്രാപിക്കുവാൻ തനിക്കു കഴിഞ്ഞിട്ടില്ല (3:12). എന്നാൽ മറ്റൊരർത്ഥത്തിൽ താൻ തികഞ്ഞവനാണ് എന്നു പൗലൊസ് പറയുന്നു (3:15). തന്നെപ്പോലെ തികവുള്ള മറ്റു ചിലരും കൂടി ഉണ്ടെന്നു പൗലൊസ് പറയുന്നു. അവരെ മാതൃകകളായി കാണുവാൻ അദ്ദേഹം ഫിലിപ്പിയരെ ഉത്സാഹിപ്പിക്കുന്നു. ഈ വൈരുദ്ധ്യം നിങ്ങൾക്കു പിടികിട്ടിയോ? അപൂർണ്ണതയിലെ പൂർണ്ണത. യഥാർത്ഥ ആത്മീയതയിലെ വൈരുദ്ധ്യമാണത്. പൂർണ്ണതയെന്ന വാക്കു ഭയത്തോടെയാണു പല വിശ്വാസികളും കേൾക്കുന്നത്. കാരണം അവർ ശ്രദ്ധയോടെ പുതിയ നിയമം പഠിച്ചിട്ടില്ല. നമുക്ക് ഇവിടെ ഭൂമിയിൽ കൈവരിക്കുവാൻ കഴിയുന്ന ഒരു പൂർണ്ണതയുണ്ട്. കർത്താവിന്റെ മടങ്ങി വരവിൽ മാത്രം കൈവരിക്കാൻ കഴിയുന്ന പൂർണ്ണതയുമുണ്ട്.

ഭൂമിയിലായിരിക്കുമ്പോൾ നമുക്കു പ്രാപിക്കാൻ കഴിയുന്ന ഒരു പൂർണ്ണതയാണ് പൂർണ്ണതയുള്ള (കുറ്റമറ്റ) മനസ്സാക്ഷി. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ എല്ലാം ഏറ്റു പറഞ്ഞ ഒരു മനസ്സാക്ഷി (അ. പ്ര. 24:16). ബോധ്യമുള്ള എല്ലാ പാപങ്ങളെയും ഏറ്റു പറഞ്ഞു യേശുവിന്റെ രക്തത്താൽ കഴുകൽ പ്രാപിക്കുക (1 യോഹ. 1:7,9). നഷ്ട പരിഹാരം ചെയ്യുക, കൊടുക്കാനുള്ളതു കൊടുത്തു തീർക്കുക, ക്ഷമ ചോദിക്കുക മുതലായവ. അവിടെ നമ്മുടെ മനസ്സാക്ഷി പൂർണ്ണതയുള്ളതാകും. ഭൂമിയിൽ നമുക്കു പ്രാപിക്കാൻ കഴിയുന്ന പൂർണ്ണതയാണിത്. എന്നാൽ യേശുക്രിസ്തുവിന്റെ സ്വരൂപത്തിന്റെ പൂർണ്ണത നമുക്കു പ്രാപിക്കാൻ കഴിയുകയില്ല. അതിനെക്കുറിച്ചാണ് പൗലൊസ് പറയുന്നത്: ലഭിച്ചു കഴിഞ്ഞു എന്നു പറയാൻ കഴിയുന്നില്ല. പിടിക്കാമോ എന്നു വച്ചു മുമ്പോട്ട് ഓടുകയാണ്. ക്രിസ്തുവിൽ ദൈവത്തിന്റെ പരമവിളിയുടെ ലക്ഷ്യത്തിലേക്ക്. കർത്താവിന്റെ മടങ്ങി വരവിൽ മാത്രമേ ആ പൂർണ്ണത പ്രാപിക്കാനാവൂ. പക്ഷേ അതൊരു കൊടുമുടിയുടെ അഗ്രം പോലെയാണ്. നാം വീണ്ടും ജനിക്കുമ്പോൾ പർവ്വതത്തിന്റെ ചുവട്ടിലാണു നാം. കർത്താവിനെ പോലെയാവുക എന്നാൽ പർവ്വതത്തിന്റെ നെറുകയിലെത്തുക എന്നാണ്. ഓരോ ദിവസവും ഏതാനും അടിവീതം നാം കയറുന്നു. അങ്ങനെ നാം പൂർണ്ണതയിലേക്ക് ആയുന്നു. ജീവിതാവസാനം വരെ പർവ്വതത്തിൻ ചുവട്ടിൽ കഴിയാനുള്ളവരല്ല നാം. നമുക്കു മുകളിലേക്കു പ്രയാണം ചെയ്യേണ്ടതുണ്ട്.

അതുകൊണ്ട് എല്ലാ സമയത്തും നിർമ്മലമായ ഒരു മനസ്സാക്ഷി സൂക്ഷിക്കുന്നവരെ നമുക്കു മാതൃകകളാക്കാം (വാ.17). എല്ലാവരെയും മാതൃകകളാക്കുവാൻ നമുക്കു കഴിയില്ല. കാരണം അധികം പേരും ഈ വഴിയിൽക്കൂടി സഞ്ചരിക്കുന്നവരല്ല. അവർ ക്രിസ്തുവിന്റെ ക്രൂശിനു ശത്രുക്കളായി നടക്കുന്നവരാണ് (വാ.18) അവരുടെ ദൈവം വയറ് (വാ.19). എങ്ങനെയാണ് നമ്മുടെ വയറ് (വിശപ്പ്) നമ്മുടെ ദൈവമായിരിക്കുന്നു എന്നറിയുന്നത്? നിങ്ങളുടെ ഭാര്യ ഒരു ദിവസം ഉണ്ടാക്കിയ ഭക്ഷണം അത്ര സ്വാദിഷ്ഠമല്ലായിരുന്നു. നിങ്ങൾ വളരെ അസ്വസ്ഥനാവുകയും അവരോടു മോശമായി സംസാരിക്കുകയും ചെയ്തു. അതിന്നർത്ഥം താങ്കളുടെ നാവിലെ രസമുകുളങ്ങളുടെ അടിമയാണു താങ്കൾ എന്നാണ്. അങ്ങനെയാണെങ്കിൽ ഭക്ഷണത്തിനു മുമ്പുള്ള താങ്കളുടെ

പ്രാർത്ഥന യേശുക്രിസ്തുവിനോടാണെന്നു താങ്കൾ സങ്കല്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. പ്രാർത്ഥിക്കുന്നതു രസമുകുളങ്ങളോടാണ്. നിങ്ങളുടെ വയറിനെ ഒരിക്കലും ദൈവമാക്കരുത്. കർത്താവായ ക്രിസ്തു തന്നെ നിങ്ങളുടെ ദൈവമായിരിക്കട്ടെ. ഭക്ഷണം ലഭിക്കുമ്പോൾ അതിനായി ദൈവത്തിനു നന്ദി കരേറ്റുക. അതു മോശമായിരിക്കുമ്പോൾ പ്രത്യേകിച്ചും. നിങ്ങൾ ജോലിക്കു പോകുന്നതിനു മുമ്പെ പ്രഭാത ഭക്ഷണം തയ്യാറായില്ല എന്നു വരികിൽ ഭാര്യയോടു ക്ഷോഭിക്കാതിരിക്കുക. അതിനു പകരം ഇങ്ങനെ പറയുക: "ഇന്നു കാലത്തെ ഞാൻ ഉപവസിക്കണമെന്നതായിരിക്കാം കർത്താവിന്റെ ഇഷ്ടം. അതുകൊണ്ടാകാം പ്രഭാതഭക്ഷണം തയ്യാറാകാതിരിക്കാൻ അവിടുന്ന് അനുവദിച്ചത്. ഭക്ഷണത്തോടുള്ള പ്രിയത്തിൽ നിന്നും എന്നെ മോചിപ്പിക്കാൻ കർത്താവ് അതു ചെയ്തതാകാം." അതുകൊണ്ടു സ്തോത്രം ചെയ്തുകൊണ്ട് ഭക്ഷണം കൂടാതെ ജോലിക്കു പോവുക. വയറിനെ ദൈവമാകുവാൻ അനുവദിക്കാതിരിക്കുക. നാം സ്വർഗ്ഗീയ പൗരന്മാരാണ് (3:20).

4:4ൽ പരിശുദ്ധാത്മാവ് "കർത്താവിൽ എപ്പോഴും സന്തോഷിക്കുവാൻ" നമ്മെ ഉത്സാഹിപ്പിക്കുന്നു. വല്ലപ്പോഴും സന്തോഷിക്കുവാനല്ല, മിക്കപ്പോഴും സന്തോഷിക്കുവാനല്ല. വർഷങ്ങൾക്കു മുമ്പെ ഈ വാക്യം എന്നെ വെല്ലു വിളിക്കുകയുണ്ടായി. ഞാൻ കർത്താവിനോടു പറഞ്ഞു: 'കർത്താവേ, ഇത് എന്റെ ജീവിതത്തിൽ സത്യമായിട്ടില്ല, അങ്ങ് ഇത് എന്റെ ജീവിതത്തിൽ സത്യമാക്കണമേ.' നിങ്ങൾക്കു വല്ലപ്പോഴും ആരോഗ്യവാനായിരിക്കുവാൻ മാത്രമേ താത്പര്യമുള്ളോ അതോ എല്ലായ്പോഴും ആരോഗ്യവാനായിരിക്കുവാനാണോ താത്പര്യം? നാമെല്ലാം എല്ലായ്പോഴും ആരോഗ്യമുള്ളവരായിരിപ്പാൻ താത്പര്യമുള്ളവരാണ്. അതുപോലെ തന്നെ വല്ലപ്പോഴും സന്തോഷിക്കുവാനാണോ അതോ എല്ലായ്പോഴും സന്തോഷിക്കുവാനാണോ താത്പര്യം? നിങ്ങൾ ചോദിക്കുമായിരിക്കും അതു സാദ്ധ്യമാണോ എന്ന്. ദൈവകൃപയാൽ സാദ്ധ്യമാണ്. അതു അസാദ്ധ്യമാണന്ന് അറിഞ്ഞിരുന്നു എങ്കിൽ കർത്താവ് അങ്ങനെ ഒരു കല്പന നമുക്കു നൽകുമായിരുന്നില്ല. ഇതു നമ്മുടെ ജീവിതത്തിൽ സത്യമായി തീർന്നിട്ടില്ലെങ്കിൽ കർത്താവിനോട് ഏറ്റു പറയുക. പരിശുദ്ധാത്മാവിനാൽ നിങ്ങളെ നിറയ്ക്കുകയും ക്രിസ്തുവിൽ നിന്നന്യമായതെല്ലാം ചവറാണെന്നു കാണുവാൻ തക്കവണ്ണം നിങ്ങളെ പഠിപ്പിക്കേണ്ടതിന് അപേക്ഷിക്കയും ചെയ്യുക. അപ്പോൾ എല്ലാ സമയത്തും സന്തോഷിക്കുവാൻ നമുക്കു കഴിയും. ക്രിസ്തുവിൽ നിന്നന്യമായതൊക്കെ ചവറാണെന്നു കാണാൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടാണ് ഭൂരിപക്ഷം ക്രിസ്ത്യാനികളും പരാതിക്കാരും പിറുപിറുപ്പുകാരും ഞരങ്ങിക്കൊണ്ടു ജീവിക്കുന്നവരുമായി തീരുന്നത്. - എല്ലായ്പ്പോഴും സന്തോഷിക്കുക എന്നത് അസാദ്ധ്യമാണന്ന ചിന്ത അവരിൽ വേരൂന്നിയിരിക്കുന്നത്. റോമിലെ ഒരു ഇരുണ്ട തടവറയിൽ കിടന്നുകൊണ്ടാണ് പൗലൊസ് ഈ വാക്കുകൾ എഴുതിയത്. അദ്ദേഹത്തിന് അവിടെ സന്തോഷിക്കുവാൻ കഴിയുമായിരുന്നെങ്കിൽ നമുക്കെന്തുകൊണ്ട് സാധ്യമല്ല.

4:6ൽ നമ്മെ വെല്ലുവിളിക്കുന്ന

മറ്റൊരു കാര്യം കൂടി അദ്ദേഹം പറയുന്നു: “ഒന്നിനെക്കറിച്ചും ആകുലപ്പെടരുത്.” നാം കയറേണ്ട മറ്റൊരു കൊടുമുടിയാണത്. ആകുലത വളരെ വേഗത്തിൽ നമ്മിലേക്കു കടന്നു വരുന്ന ഒന്നാണ്. നമ്മുടെ ആവശ്യങ്ങൾക്കു വേണ്ട പണം കയ്യിലില്ലാതെ വന്നാൽ ആകുല ചിന്ത നമ്മെ ഭരിക്കുവാൻ തുടങ്ങും. നമ്മുടെ കുഞ്ഞുങ്ങൾ സ്കൂളിൽ നിന്നു വരാൻ വൈകിയാൽ ആകുല ചിന്ത നമ്മെ ഭരിക്കുവാൻ തുടങ്ങും. നിങ്ങൾ ഒരു യുവാവായിരിക്കുന്നു. പ്രായം കഴിഞ്ഞിട്ടും വിവാഹത്തിനുള്ള സാദ്ധ്യതകൾ ഒന്നും കാണുന്നില്ലെന്നു വരുമ്പോൾ നിങ്ങൾ ആകുല ചിത്തനാകും. ഇപ്രകാരം നിരവധി കാര്യങ്ങൾ നമ്മെ ആകുല ചിന്തയിലേക്കു നയിക്കാം. ഭൂമിയിൽ ഈ പർവ്വതം കീഴടക്കാൻ ഒരു പക്ഷേ നമുക്കു കഴിഞ്ഞെന്നു വരില്ല. എന്നാൽ നാം മുമ്പോട്ടു തന്നെ പോകുന്നെങ്കിൽ ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും ആശ്രയവും വർദ്ധിക്കും. ഏതു സമയത്ത് അകുലത കടന്നു വന്നാലും നമുക്ക് അതുമായി കർത്താവിന്റെ അടുത്തേക്കു പോകുവാൻ കഴിയും. ഒരു പഴയ പാട്ടിൽ പാടുംപോലെ: “അനാവശ്യ ഭാരങ്ങൾ എത്ര നാം ചുമക്കുന്നു. എത്ര ശാന്തി നാം നിരസിക്കുന്നു. പ്രാർത്ഥനയിൽ കർത്തൃ സന്നിധിയിലേക്ക് ഓരോന്നും പറഞ്ഞൊഴിക്കാത്തതു മൂലം.” നമ്മുടെ പ്രാർത്ഥനകളിൽ സ്തോത്രം കൂടി അർപ്പിക്കേണ്ടതുണ്ട്. സ്തോത്രം എന്നു വച്ചാൽ “കർത്താവേ, എന്റെ പ്രാർത്ഥന അങ്ങു കേട്ടിരിക്കയാൽ ഞാൻ നന്ദി കരേറ്റുന്നു” എന്നു പറയുന്നതാണ്. പ്രാർത്ഥന സ്വർഗ്ഗത്തിൽ കേട്ടിരിക്കുന്നു എന്നു നാം വിശ്വസിച്ചുറച്ചിരിക്കുന്നു. പിന്നെ, കർത്താവ് അക്കാര്യം നോക്കിക്കൊള്ളും. ഒരിക്കൽ നിങ്ങൾ ദൈവത്തിനു സ്തോത്രം അർപ്പിച്ചാൽ, നന്ദി കരേറ്റിയാൽ നിങ്ങൾക്കു പ്രാർത്ഥനയിൽ നിന്നെഴുന്നേൽക്കാം. അക്കാര്യത്തിൽ പിന്നീട് ആകുലപ്പെടേണ്ടതില്ല. വീണ്ടും ആകുല ചിന്ത ശേഷിക്കുന്നു എങ്കിൽ ഒരുപക്ഷേ നന്ദി കരേറ്റാത്തതു കൊണ്ടാകാം.

ഉൽകൃഷ്ടമായ കാര്യങ്ങളിൽ മനസ്സു വയ്ക്കുവാൻ നമ്മെ തുടർന്നു പ്രബോധിപ്പിക്കുന്നു (4:8). തുടർന്നു ദൈവം തന്റെ ജ്ഞാനത്തിൽ തന്നെ ആക്കി വയ്ക്കുന്ന എല്ലാ സാഹചര്യങ്ങളിലും സമൃദ്ധിയിലും ദാരിദ്ര്യത്തിലും തൃപ്തനായിരിക്കുവാൻ പഠിച്ചതിന്റെ രഹസ്യം പൗലൊസ് നമ്മോടു പറയുന്നു. അധികം ക്രിസ്ത്യാനികളും പഠിച്ചിട്ടില്ലാത്ത ഒരു വലിയ രഹസ്യമാണിത് -അതെ മഹത്തായ ഒരു രഹസ്യം.

തുടർന്ന് ജയോത്സവമായ ഒരു പ്രഖ്യാപനം പൗലൊസ് നടത്തുന്നു: “എന്നെ ശക്തനാക്കുന്ന ക്രിസ്തു മുഖാന്തരം ഞാൻ സകലവും പ്രവർത്തിക്കുവാൻ കഴിവുള്ളവനാകുന്നു” (4:13). ക്രിസ്തു നമ്മെ ശക്തരാക്കുമ്പോൾ നാം എല്ലായ്പോഴും സന്തോഷിക്കുവാനും ഒന്നിനെക്കുറിച്ചും ആകലപ്പെടാതിരിക്കുവാനും പ്രാപ്തരായിരിക്കും. എന്നാൽ സ്വന്ത ശക്തികൊണ്ട് ഒരിക്കലും നമുക്ക് ഈ വിജയം ഉണ്ടാക്കാൻ കഴിയില്ല. കർത്താവു നൽകുന്ന ശക്തിയാൽ അതു സാദ്ധ്യമാണ്.

ഫിലിപ്യയിലെ സഭ മാത്രമായിരുന്നു പൗലൊസിനെ സാമ്പത്തികമായി സഹായിച്ചിരുന്നത്. ധനസഹായം സ്വീകരിക്കുന്ന കാര്യത്തിലും അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ടായി

രുന്നത് ഫിലിപ്യ സഭയോടു മാത്രമായിരുന്നു (4:14-18). അങ്ങനെ ഔദാര്യം കാട്ടിയ സഭയോടു പൗലൊസ് ഇങ്ങനെ പറഞ്ഞു: "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും" (4:19). ദൈവഭക്തിയുള്ള ജീവനത്തിന് ആവശ്യമായതെല്ലാം ദൈവം നൽകിത്തരും. ഈ വാഗ്ദാനം പ്രാഥമികമായി ഭൗതിക കാര്യങ്ങളെക്കുറിച്ചല്ല പറയുന്നത്; ദൈവമഹത്വത്തിന്റെ ധനത്തെക്കുറിച്ചാണ്. പാപത്തെയും സാത്താനെയും ജയിക്കുവാൻ ആവശ്യമായതൊക്കെ അവിടുന്നു നമുക്കു നൽകിത്തരും. പരിശുദ്ധാത്മാവിന്റെ നിറവോടെ സന്തോഷവും സമാധാനവുമുള്ള ഒരു ജീവിതം. അതോടൊപ്പം നമുക്കാവശ്യമായ ഭൗതിക സൗകര്യങ്ങളും. ഇവിടെ ഊന്നൽ നൽകിയിരിക്കുന്നത് ആർഭാടങ്ങൾക്കല്ല ആവശ്യങ്ങൾക്കാണ് എന്നതു ശ്രദ്ധിക്കുക. ദൈവിക ശുശ്രൂഷയിൽ ഔദാര്യം കാണിച്ചവർക്കാണ് ഈ വാഗ്ദാനം എന്ന കാര്യം നാം വിസ്മരിക്കരുത്. അങ്ങനെയുള്ളവരിൽ നിന്നും ദൈവം ഒന്നും പിടിച്ചു വയ്ക്കുന്നില്ല. അവർക്കു ദൈവം തനിക്കുള്ള ഏറ്റവും നല്ലതു തന്നെ നൽകുന്നു.

(അവസാനിച്ചു)

(മൊഴിമാറ്റം: **ബോബി ചെറിയാൻ**)

# നീയും ദൈവവും

**– മദർ തേരേസ –**

മനുഷ്യർ പലപ്പോഴും യുക്തിരഹിതരും
അവിവേകികളും സ്വാർഥമതികളുമാണ്
എങ്കിലും നീ ക്ഷമിച്ചേക്കുക.

നീ ദയാലുവാകുമ്പോൾ മനുഷ്യർ നിന്നെ
ഗൂഢ താത്പര്യങ്ങളുള്ളവനെന്നു
കുറ്റപ്പെടുത്താം
എങ്കിലും നീ ദയാലുവാകുക.

നിന്റെ ജീവിതം യഥാർത്ഥത്തിൽ
ഫലമുള്ളതാകുമ്പോൾ
അവിശ്വസ്ത സ്നേഹിതരും യഥാർത്ഥ
ശത്രുക്കളും നിനക്കുണ്ടാകാം
എങ്കിലും നീ മുന്നോട്ടു തന്നെ പോകുക.

നീ സത്യസന്ധനും വിശ്വസ്തനുമാകു-
മ്പോൾ
മനുഷ്യരാൽ നീ വഞ്ചിക്കപ്പെടാം
എങ്കിലും സത്യസന്ധനും
വിശ്വസ്തനുമായി തുടരുക.

വർഷങ്ങൾ അധ്വാനിച്ചുണ്ടാക്കിയ നിന്റെ സൃഷ്ടി
ഒറ്റ രാത്രി കൊണ്ടു തകർക്കപ്പെടാം
എങ്കിലും നീ നിർമാണം തുടരുക.

നീ അനുഭവിക്കുന്ന സന്തോഷവും
സുരക്ഷിതത്വവും
ചിലരിൽ അസൂയ ഉളവാക്കാം
എങ്കിലും നീ സന്തുഷ്ടനായി തുടരുക.

ഇന്നു നീ ചെയ്യുന്ന നന്മകൾ പലതും
നാളെ വിസ്മരിക്കപ്പെട്ടേക്കാം
എങ്കിലും നന്മ ചെയ്യുന്നതു നീ തുടരുക.

നിനക്കുള്ളതിൽ ഏറ്റവും മെച്ചമായതു
നൽകിയാലും
'അതു പോരാ' എന്നു പരാതി വന്നേക്കാം
എങ്കിലും ഏറ്റവും മെച്ചമായതു
നൽകുന്നതു തുടരുക.

അന്തിമ വിശകലനത്തിൽ നീ സത്യം അറിയും
ഇടപാടുകളെല്ലാം നീയും ദൈവവും
തമ്മിലായിരുന്നു
ഒരിക്കലുമത്,
മറ്റു മനുഷ്യരുമായിട്ടായിരുന്നില്ല എന്ന്.

- മൊഴിമാറ്റം: **സാജു, ആലപ്പുഴ**

ദൈവം യോജിപ്പിച്ചത്

## മരിയയും ഹഡ്സനും –4

# 'ഘോരമാം ശോധനയിൽ ആഴങ്ങൾ കടക്കുന്നു...'



**തിരക്കിട്ട** പ്രവർത്തനങ്ങളിൽ നിന്നും വേറിട്ട് അല്പം വിശ്രമിക്കേണ്ടതിനായി ഹഡ്സനും കുടുംബവും ലണ്ടനിൽ തിരിച്ചെത്തിയത് ദൈവിക നടത്തിപ്പായിരുന്നു. ലണ്ടനിൽ എത്തിയ അവർ നേരെ പോയത് കുടുംബസ്ഥയായ കുഞ്ഞുപെങ്ങൾ അമീലിയയുടെ വീട്ടിലേക്കും. നീണ്ട ആറു വർഷങ്ങൾക്കു ശേഷമുള്ള പുനഃസമാഗമം കുടുംബാംഗങ്ങൾക്കേവർക്കും ആഘോഷമായിരുന്നു.

അമീലിയ, നാത്തൂൻ മരിയയെ ചൈനയിലെ വേഷവിധാനമൊക്കെ മാറ്റിച്ചിട്ട്, ഇംഗ്ലീഷ് സ്റ്റൈലിൽ അണിയിച്ചൊരുക്കി. ഹഡ്സന്റെ ജന്മനാടായ ബാൺസ്ലേയിൽ ചെന്നപ്പോൾ മരിയയെ കാണാൻ അയൽക്കാരും ബന്ധുക്കളും വന്നു. കൂട്ടത്തിൽ 'വിവരക്കൂടുതൽ' ഉള്ള ഒരു കാരണവർ ഹഡ്സനോട് പറഞ്ഞു: "ഈ കോങ്കണ്ണിനൊക്കെ ഇപ്പോൾ നല്ല ഓപ്പറേഷൻ ഉണ്ടെന്നാ കേൾക്കുന്നത്." ഹഡ്സന് വന്ന രോഷം ചില്ലറയല്ല! ഉടൻ ചുട്ട മറുപടി: "ഞാൻ അവളെയും അവളുടെ കോങ്കണ്ണിനെയും ഇഷ്ടപ്പെട്ടു തന്നെയാ കല്യാണം കഴിച്ചത്. ഇനി അതിനെക്കുറിച്ച് ആരും തല പുകയ്ക്കേണ്ട!''

ഹഡ്സനും മരിയയ്ക്കും ഒരു ആൺകുഞ്ഞു കൂടി ജനിക്കുന്നതു വരെ അമീലിയയുടെ കുടുംബത്തോടൊപ്പം താമസിച്ചു. ചൈന ഉൾനാട് പ്രദേശങ്ങളുടെ സുവിശേഷീകരണത്തെക്കുറിച്ചു ഹഡ്സനും മരിയയും വാതോരാതെ അവരോട് സംസാരിച്ചുവെങ്കിലും അമീലിയയ്ക്കും ഭർത്താവ് ബെഞ്ചമിനും ഇളക്കമൊന്നും ഉണ്ടായില്ല. ലണ്ടനിലിരുന്നു തന്നാൽ കഴിയുന്നത്ര സഹായ സഹകരണങ്ങൾ നൽകാമെന്നു ബെഞ്ചമിൻ വാഗ്ദാനം നൽകി.

ആരോഗ്യം അൽപ്പം മെച്ചപ്പെട്ടതായി ഹഡ്സന് തോന്നിയെങ്കിലും ഒരു ചെക്ക്-അപ്പ് നടത്താനായി നേരത്തേ പരിചയമുള്ള ഡോക്ടർ ആൻഡ്രൂവിനെ സമീപിച്ചു. വിദഗ്ധമായ പരിശോധനയ്ക്കു ശേഷം ഡോക്ടർ വിധി പ്രഖ്യാപിച്ചു: "വിദൂര രാജ്യങ്ങളിലേക്കു പോകാനുള്ള മോഹങ്ങളൊക്കെ ഉപേക്ഷിക്കുന്നതാണ് നല്ലത്. അല്ലെങ്കിൽ ജീവൻ

നഷ്ടമാകും. താങ്കളുടെ കരളും നാഡീവ്യൂഹങ്ങളും ഒക്കെ തകരാറിലാണ്.'' ഇതിനോടകം തിരക്കിട്ട പ്രവർത്തന പരിപാടികൾ തുടങ്ങിയ ഹഡ്സനെ ഡോക്ടറുടെ പ്രഖ്യാപനം തെല്ലും നിരാശപ്പെടുത്തിയില്ല. ചൈനക്കാരൻ സഹോദരൻ വാങ്‌ലി-ട്ജനുമൊത്തു പുതിയ നിയമത്തിന്റെ ഒരു പുതിയ പരിഭാഷ നിംഗ്പോ ഭാഷയിലേക്കു തുടങ്ങിയിരുന്നു.

ഡോക്ടറുടെ നിർദ്ദേശമനുസരിച്ചു തനിക്ക് ഉടനെ ചൈനയിലേക്കു മടങ്ങാൻ സാധ്യമല്ലെന്നു മനസ്സിലാക്കിയ ഹഡ്സൻ, മെഡിക്കൽ ഡിപ്ലോമാ കോഴ്സു പൂർത്തിയാക്കുവാൻ തീരുമാനിച്ചു. അതിനു സഹായകരമായ വിധത്തിൽ ലണ്ടനിൽ ഒരു വസതി കണ്ടു പിടിച്ച്, ഹഡ്സനും കുടുംബവും താമസമാക്കി. പണത്തിന്റെ കുറവുകൊണ്ട് വീടിനകത്തു സജ്ജീകരണങ്ങൾ തീരെയില്ലായിരുന്നു. എങ്കിലെന്താ കുറവ്? ഇടയ്ക്കു മരിയ തന്റെ പഴയ ഹാർമോണിയം എടുത്തു വായിച്ചു വീടിനെ സംഗീതത്താൽ നിറയ്ക്കും. ഹഡ്സന്റെ ആരോഗ്യം മെച്ചപ്പെട്ടു. പ്രവർത്തനത്തിനു കൂടുതൽ ഉന്മേഷം ലഭിച്ചു. എന്തു ജോലിയും ചെയ്യാൻ സദാ സന്നദ്ധനായി വാങ്‌ലി-ട്ജനും കൂടെയുണ്ട്. ചെനയിലെ ഉൾനാട് ഗ്രാമങ്ങളുടെ സുവിശേഷീകരണത്തിന്റെ ആവശ്യകതയെപ്പറ്റി അവസരം കിട്ടുന്ന വേദികളിലൊക്കെ പ്രഭാഷണങ്ങൾ നടത്തി. വിശാലമായ ചൈനയുടെ സമുദ്ര തീരത്തിന്റെ അകലെ സ്ഥിതി ചെയ്യുന്ന പന്ത്രണ്ട് പ്രവശ്യകളിലേക്കു കുറഞ്ഞത് ഇരുപത്തിനാലു മിഷനറിമാരെയെങ്കിലും ആവശ്യമുണ്ട്. ചില നേരം ഒറ്റയ്ക്കും മരിയയോട് ചേർന്നും ഈ വിഷയത്തിനു വേണ്ടി പ്രാർത്ഥിച്ചു.

1863-ലെ ഒരു വേനൽക്കാലം ഹഡ്സനും കുടുംബവും ജോർജ് മുള്ളറോടൊപ്പം ചെലവഴിച്ചു. ബ്രിസ്റ്റോൾ എന്ന സ്ഥലത്തുള്ള അദ്ദേഹത്തിന്റെ അനാഥാലയത്തിലെ കുട്ടികളോടു ഹഡ്സൻ സംസാരിച്ചു. അവരുടെ ബെഥേസ്ദാ സഭയിൽ പ്രസംഗിക്കുകയും ചെയ്തു. ചൈന ഉൾനാടു മിഷന്റെ എക്കാലത്തെയും നല്ലൊരു ഗുണകാംക്ഷിയായിരുന്നു ജോർജ് മുള്ളർ. 'പ്രസംഗികളുടെ പ്രഭു' എന്നറിയപ്പെട്ടിരുന്ന ചാൾസ് സ്പർജനെ കേൾക്കുവാനായി ഹഡ്സനും മരിയയും ലണ്ടനിലെ മെട്രോ പൊളിറ്റിൻ ടാബർനാക്കിളിലേക്കു ചെന്നു. അവർ പരസ്പരം അനുമോദിക്കുക മാത്രമല്ല, ചില രാത്രി യോഗങ്ങളിൽ പ്രസംഗിക്കുവാൻ ഹഡ്സന് അവസരം ലഭിക്കുകയും ചെയ്തു. കുടംബത്തെ വിട്ടിട്ട് വന്ന വാങ്‌ലി-ട്ജൻ തിരിച്ചു ചൈനയിലേക്കു മടങ്ങിപ്പോയി. ചൈനയിലെ മിഷനറി പ്രവർത്തനത്തിന്റെ ആവശ്യകതയെ വിശദീകരിക്കുന്ന ഒരു ലേഖന പരമ്പര 'ബാപ്റ്റിസ്റ്റ്' മാസികയിൽ എഴുതുന്നതിനുള്ള ക്ഷണം ഹഡ്സന് ലഭിച്ചു. അതിനായി വിവരങ്ങൾ ശേഖരിച്ചപ്പോൾ അദ്ദേഹം അസ്വസ്ഥനായി. വർഷം തോറും മിഷനറിമാരുടെ എണ്ണം കുറഞ്ഞു വരുന്നു. ലോകത്തെ വിജാതീയരിൽ പകുതിയോളം താമസിക്കുന്ന ചൈനയിലെ മിഷനറിമാരുടെ സംഖ്യ ഒരു വർഷം കൊണ്ടു നൂറ്റിപതിനഞ്ചിൽ നിന്നും തൊണ്ണൂറ്റൊന്ന് ആയി കുറഞ്ഞു. 'ആർക്കും ഇതേപ്പറ്റി ഭാരമില്ലേ? ക്ഷീണിതനും രോഗിയുമായ ഞാൻ ഇനി എന്തു ചെയ്യേണ്ടൂ?' ഹഡ്സൻ വ്യാകുലമാനസനായി. ഭിത്തിയിൽ തൂക്കിയി

ട്ടിരിക്കുന്ന ചൈനയുടെ ഭൂപടം നോക്കി, ദിവസേന ദൈവിക വാഗ്ദാനങ്ങൾ അവകാശമായെടുത്തു പ്രാർത്ഥിക്കുവാൻ തുടങ്ങി. ചൈനയിലെ പ്രവർത്തനങ്ങൾക്കു താൻ തന്നെ നേതൃത്വം എടുക്കണമെന്ന് ഒരുവശത്തു ബോധ്യമുള്ളപ്പോൾ തന്നെ മറുവശത്ത് അവിശ്വാസവും ഭയവും മനസ്സിനെ വേട്ടയാടി. ചില രാത്രികളിൽ ഉറക്കംപോലും നഷ്ടപ്പെട്ടു. ബ്രൈറ്റൺ എന്ന സ്ഥലത്തുള്ള ഒരു പഴയ സുഹൃത്തു ഹഡ്സനെ അങ്ങോട്ടേക്കു ക്ഷണിച്ചു. ഒരു ചെറിയ മാറ്റം ഭർത്താവിന് അനിവാര്യമാണെന്നു മനസ്സിലാക്കിയ മരിയ അവിടേക്കു പോകുവാൻ ഹഡ്സനെ ഉൽസാഹിപ്പിച്ചു.

ബ്രൈറ്റണിലെത്തിയ ഞായറാഴ്ച സുഹൃത്തിനോടൊപ്പം ഒരു വലിയ സഭയിലെ ആരാധനയ്ക്കായി കടന്നു ചെന്നു. ധരാളം വിശ്വാസികൾ ആഴ്ചതോറും കൂടി വരുന്നു. ദൈവവചനം കേൾക്കുന്നു. അതിലുപരി അവർക്കു മറ്റുള്ളവരെക്കുറിച്ചു ഭാരമുണ്ടോ? ഹഡ്സന്റെ ചിന്തകൾ ചൈനയിലേക്കു പോയി. സുവിശേഷം ഒരു പ്രാവശ്യം പോലും കേൾക്കാതെ അനേകായിരങ്ങൾ ദിവസേന മരണം വഴിയായി മാറ്റപ്പെടുന്നു. ഇങ്ങനയുള്ള ഭാരത്താൽ അസ്വസ്ഥനായ ഹഡ്സൻ മീറ്റിംഗിൽ തുടരാതെ അവിടെ നിന്നും ഇറങ്ങി അടുത്തുള്ള കടൽ തീരത്തേക്കു ചെന്നു. കടലലകൾ പോലെ തന്റെ ഉള്ളിൽ ഉയരുന്ന ആത്മീയ, മാനസിക സംഘർഷങ്ങൾ സ്വർഗ്ഗീയ പിതാവിന്റെ മുമ്പാകെ തുറന്നിട്ട്, ദൈവഹിതം ചെയ്യുവാൻ വീണ്ടും സമർപ്പിച്ചു. താനും കൂടെയുള്ള മിഷനറിമാരും ചൈനയിൽ പട്ടിണി കിടന്നു മരിക്കേണ്ട സാഹചര്യമുണ്ടായാലും സാരമില്ല ശുശ്രൂഷയുടെ നേതൃത്വം ഏറ്റെടുത്ത് അങ്ങോട്ടേക്കു പോകുവാൻ തീരുമാനിച്ചു. ഇയ്യോബിനെപ്പോലെ "അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും" (13:15) എന്ന് ഉള്ളിൽ നിർണ്ണയിച്ചു. ഇങ്ങനെ അവിശ്വാസമെന്ന കോട്ട തകർന്നപ്പോൾ സകല ഭാരവും നീങ്ങിപ്പോയി. ദൈവിക സമാധാനത്തിലും സന്തോഷത്തിലും ഹൃദയം നിറഞ്ഞു. വളരെ നാളുകൾക്കു ശേഷം അന്നു സുഖനിദ്രയെന്തെന്ന് അറിഞ്ഞു. രണ്ടു ദിവസങ്ങൾക്കു ശേഷം ലണ്ടനിൽ മടങ്ങിയെത്തി. ഭർത്താവിന്റെ മുഖം കണ്ടപ്പോൾ തന്നെ ബ്രൈറ്റണിൽ എന്തോ അത്ഭുതം സംഭവിച്ചുവെന്നു മരിയയ്ക്കു മനസ്സിലായി. തുടർന്നു ഹഡ്സൻ സുഹൃത്തിനോടൊപ്പം ലണ്ടൻ കൗണ്ടി ബാങ്കിൽ പോയി ചൈന ഇൻലാൻഡ് മിഷന്റെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ചു. പത്തു പവൻ അതിൽ നിക്ഷേപിച്ചു. പിൽക്കാലത്തു വളരെ പ്രശസ്തി നേടിയ ചൈന ഇൻലാൻഡ് മിഷനെപ്പറ്റി (C.I.M) കാണുന്ന ആദ്യത്തെ പരാമർശമാണിത്.

ബ്രൈറ്റണിൽ വച്ചു തനിക്കുണ്ടായ ഉൾവിളിയും ദൈവസന്നിധിയിൽ എടുത്ത തീരുമാനങ്ങളും ഹഡ്സൻ മരിയയോട് പങ്കു വച്ചു. ഇതിനോടകം നാലു കുഞ്ഞുങ്ങളുടെ അമ്മയായി മാറിയിരുന്നു മരിയ. ക്ഷയ രോഗം ബാധിച്ച് ശരീരത്തിൽ ക്ഷീണിതയായിരുന്നുവെങ്കിലും, ഭർത്താവിന്റെ ദർശനം തന്റെ ദർശനമായി സ്വീകരിച്ചു. തനിക്ക് അല്പമേ ശക്തിയുള്ളുവെങ്കിലും ഭർത്താവിനോടൊപ്പം ചൈനയിൽ വീണ്ടും പോകുമെന്നും തീരുമാനിച്ചു. ഈയവസരത്തിൽ ഹഡ്സൻ എഴുതിയ, ചൈനയിലെ ആത്മീയ ആവ

ശ്യത്തെയും അതു നിറവേറ്റേണ്ട ആവശ്യകതയേയും പരാമർശിക്കുന്ന ഒരു പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടു. ഹഡ്സൻ കയ്യും പിറകിൽ കെട്ടി മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു തന്റെ ചന്തമില്ലാത്ത സംസാര ഭാഷയിൽ പറഞ്ഞു കൊടുത്ത തെല്ലാം മരിയ ഇരുന്ന് ഒഴുക്കുള്ള അച്ചടി ഭാഷയിലേക്കു മാറ്റിയതായിരുന്നു.

ചില നാളുകൾക്കു ശേഷം സ്കോട്ട്ലൻഡിലെ പെർത്ത് എന്ന സ്ഥലത്ത് ഒരു മിഷനറി കോൺഫ്രൻസിൽ പങ്കെടുക്കുവാൻ ഹഡ്സന് അവസരം ലഭിച്ചു. ചൈനയിലെ തന്റെ അനുഭവങ്ങളും കൂടുതൽ പ്രവർത്തനത്തിന്റെ ആവശ്യവും അവിടെ പങ്കു വച്ചു. ഒരു ചീന കപ്പലിൽ തന്നോടൊപ്പം യാത്ര ചെയ്ത ഒരു സുഹൃത്തിന്റെ ദാരുണമായ അന്ത്യം ഹഡ്സൻ വിവരിച്ചു. ഈ സുഹൃത്ത് എങ്ങനെയോ കടലിൽ വീഴാൻ ഇടയായി. അവനെ രക്ഷപ്പെടുത്താനുള്ള ഹഡ്സന്റെ ശ്രമം പരാജയപ്പെട്ടപ്പോൾ, അടുത്തുണ്ടായിരുന്ന മീൻ പിടിക്കുന്ന ബോട്ടിലുള്ളവരോട് വലയിറക്കി അയാളെ വലിച്ചെടുക്കാൻ ആവശ്യപ്പെട്ടു. അവരാകട്ടെ അതിനെന്തു കൂലി തരും? എന്നു തർക്കിച്ചു സമയം കളഞ്ഞു. തന്റെ കയ്യിലുള്ളതെല്ലാം തന്നേക്കാം എന്നു ഹഡ്സൻ പറഞ്ഞു. ഒടുവിൽ വലയിറക്കി അയാളെ എടുത്തപ്പോഴേക്കും ജീവൻ നഷ്ടപ്പെട്ടിരുന്നു. ഈ സംഭവം കേട്ട സദസ്യരെല്ലാം ക്ഷോഭിച്ചു. ഇത്രയ്ക്കു ഹൃദയശൂന്യരായ മനുഷ്യർ ചൈനയിലുണ്ടോ എന്ന് ആശ്ചര്യപ്പെട്ടു. ഉടൻ സിംഹഗർജ്ജനം പോലെ ഹഡ്സൻ പ്രതിവചിച്ചു. "ദൈവം യോനയോടു ചോദിച്ചതുപോലെ, ഒരു മനുഷ്യനു വേണ്ടി നിങ്ങൾ ഇങ്ങനെ ക്ഷോഭിക്കുന്നു. എന്നാൽ വലംകയ്യും ഇടംകയ്യും തമ്മിൽ തിരിച്ചറിഞ്ഞു കൂടാത്ത അനേകായിരം ആത്മാക്കളുള്ള മഹാനഗരമായ ചൈനയെക്കുറിച്ചു നിങ്ങൾക്കു ഭാരമില്ലേ?" ഇതിനെത്തുടർന്നു ബ്രിട്ടനിലെ സഭകളിലെല്ലാം ഹഡ്സൻ ക്ഷണിക്കപ്പെട്ടു. അനേകം പേർ ചൈനയിലേക്കു മിഷനറിയായി പോകുവാനുള്ള ആഗ്രഹവുമായി ഹഡ്സനെ സമീപിച്ചു. മരിയയും ഹഡ്സനും പ്രാർത്ഥനയോടെ അതിൽ നിന്നും ചിലരെ തിരഞ്ഞെടുത്തു. ഇതിനിടയ്ക്കു ഹഡ്സൻ മെഡിക്കൽ ഡിപ്ലോമ പരീക്ഷ പാസ്സായി, എം. ആർ.സി.എസും കരസ്ഥമാക്കി.

1866 മേയ് മാസത്തിൽ അഞ്ചര വർഷത്തെ ലണ്ടൻ താമസത്തിനു ശേഷം ഹഡ്സനും കുടുംബവും മറ്റു മിഷനറിമാരും ഉൾപ്പെടുന്ന സംഘം ചൈനയിലേക്കു യാത്രയായി. ലാമർമൂർ എന്ന കപ്പലിലെ മുഴുവൻ സ്ഥലവും അവർക്കു ലഭിച്ചു. പതിനാറു പുതിയ മിഷനറിമാരുണ്ടായിരുന്നു. ചൈനാ ഇൻലാൻഡ് മിഷനറിമാരായി എട്ടുപേർ നേരത്തെ തന്നെ ചൈനയിൽ ഉണ്ടായിരുന്നു. അങ്ങനെ ആകെ 24 പേർ. ആദ്യ ദിവസങ്ങളിൽ മിഷനറിമാരുടെ സാന്നിധ്യം കപ്പൽ ജോലിക്കാർക്കു പിടിച്ചില്ല. ഒരു മിഷനറി ഉണ്ടെങ്കിൽ തന്നെ ശല്യമായിരിക്കെ, കപ്പൽ മുഴുവൻ മിഷനറിമാരായാൽ എന്തു കഷ്ടമായിരിക്കും എന്നവർ പരിഭവിച്ചു. എന്നാൽ ഈ മിഷനറിമാർ കപ്പലിലെ എല്ലാ ജോലികളും ചെയ്യാൻ തയ്യാറായപ്പോൾ അവരുടെ പ്രതികരണം വ്യത്യാസപ്പെട്ടു. മിഷനറിമാർക്കായുള്ള പ്രാർത്ഥനകളിലും ബൈബിൾ ക്ലാസ്സുകളിലും അവരും പങ്കെടുക്കുവാൻ തുടങ്ങി. ഈ യാത്ര

യിൽ തന്നെ കപ്പലിലെ ഉയർന്ന ഉദ്യോഗസ്ഥരും ഭൂരിഭാഗം ജോലിക്കാരും യേശുകർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. ഹഡ്സനും മരിയയും തുടർമാനമായി ചൈനീസു ഭാഷയുടെ പരിശീലനവും മിഷനറിമാർക്കു കൊടുത്തു.

എന്നാൽ യാത്ര തുടങ്ങി കുറച്ചു നാളുകൾക്കുള്ളിൽ തന്നെ മിഷനറിമാർക്കിടയിൽ ഭിന്നതയും പിണക്കവും ആസൂയയും ഉയർന്നു വന്നത് ഹഡ്സനെ അസ്വസ്ഥനാക്കി. ഓരോരുത്തരോടും വ്യക്തിപരമായി സമയം ചെലവഴിച്ച്, പ്രബോധിപ്പിച്ചു ദൈവകൃപയാൽ ആ പ്രതിസന്ധികളെ തരണം ചെയ്തു. എങ്കിലും അവരുടെ ഇടയിൽ ഒറ്റുകാരൻ യൂദാസിനെപ്പോലെ ഒരാളുണ്ടായിരുന്നു. ഹഡ്സനും അതറിയില്ലായിരുന്നു.

ചൈനയോട് അടുത്തപ്പോൾ, പുറംകടലിൽ വച്ച് 12 ദിവസത്തോളം കപ്പൽ ചുഴലിക്കാറ്റിൽ പെട്ട് കിടന്നു. ഈശാന മൂലൻ ആഞ്ഞടിച്ചു കപ്പൽ ആടിയുലയുന്ന അവസ്ഥ. രക്ഷപ്പെടുമെന്നുള്ള ആശയൊക്കെയും അറ്റു പോയി. ജോലിക്കാരെല്ലാം നിരാശരായി. ഹഡ്സൻ കുഞ്ഞുങ്ങളെയെല്ലാം ചുംബിച്ചിട്ട്, ജോലിക്കാരെയും മിഷനറിമാരേയും ഉൽസാഹിപ്പിച്ച് ഒരു ക്യാപ്റ്റനു തുല്യം നിന്നു മുൻകയ്യെടുത്തു കപ്പൽ തകർന്നു പോകാതിരിപ്പാൻ തക്കവണ്ണം പരിശ്രമിച്ചു. മിഷനറിമാരെല്ലാം തന്നെ ആശാരി, കൊല്ലൻ, തട്ടാൻ, യന്ത്രപ്പണി എന്നിങ്ങനെയുള്ള തൊഴിൽ പരിചയം ഉള്ളവരായിരുന്നു. അകത്തു കയറുന്ന വെള്ളമൊക്കെ രാവും പകലുമെന്നില്ലാതെ അവർ പമ്പു ചെയ്തു കളഞ്ഞു. കടൽക്ഷോഭത്തിനിടയിലും ഹഡ്സൻ അക്ഷോഭ്യനായി കാണപ്പെട്ടതായി സഹപ്രവർത്തകൻ ഓർക്കുന്നു. മരിയ കാറ്റിനാൽ ഉലയുന്ന തന്റെ ക്യാബിനുള്ളിൽ നാല് കുഞ്ഞുങ്ങളുമായി ദൈവത്തിന്റെ സ്നേഹത്തിലും കൃപയിലും ശരണപ്പെട്ടു ശാന്തയായി ഇരുന്നു. പിന്നീട് തന്റെ ഡയറിയിൽ ഇപ്രകാരം കുറിച്ചു: 'ഈ പ്രതിസന്ധികളിലൂടെ കടന്നപ്പോൾ എന്റെ ഹൃദയത്തിലും ഹബക്കൂക്ക് പ്രവാചകന്റെ വചനം ഓർമ്മ വന്നു. 'എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും. എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും' (ഹബ. 3:18).

ഒടുവിൽ കടൽ ശാന്തമായ ശേഷം കപ്പൽ തുറുമുഖത്തെത്തി. കപ്പലിന് കേടു പാടുകൾ സംഭവിച്ചുവെങ്കിലും ആരുടെയും ജീവന് ആപത്തുണ്ടായില്ല. ദൈവത്തിന്റെ കരുതലിനായി അവർ സ്തോത്രം ചെയ്തു. യാത്രക്കാരായി ഹഡ്സനെയും സംഘത്തേയും കിട്ടിയതിന് കപ്പൽ ജോലിക്കാരും ദൈവത്തിനു നന്ദി പറഞ്ഞു. കാരണം അതേ പാതയിൽ സഞ്ചരിച്ച മറ്റൊരു കപ്പലിലെ ഇരുപത്തിരണ്ട് യാത്രക്കാരിൽ പതിനാറു പേരുടെ ജീവനും കൊടുങ്കാറ്റിൽ നഷ്ടമായി.!

പുതുതായി വന്ന മിഷനറിമാർക്കെല്ലാം താമസ സൗകര്യം കണ്ടുപിടിക്കുന്നതു വളരെ വിഷമമായിരുന്നുവെങ്കിലും ഹഡ്സന്റെ പ്രാർത്ഥനയും തെരച്ചിലും കൊണ്ട് 'ഹാങ്ചൗവ്' എന്ന സ്ഥലത്തുള്ള കെട്ടിട വളപ്പു മിഷന്റെ താവളമായി വാടകയ്ക്കു ലഭിച്ചു. ചൈനയിലെ ജനങ്ങളോട് താദാത്മ്യം പ്രാപിക്കുന്നതിനായി, അവരുടെ വേഷം ഭക്ഷണരീതി, തുടങ്ങിയവയിലേക്കു മാറേണ്ട ആവശ്യം മിഷനറിമാരോട് നേരത്തെ തന്നെ പറഞ്ഞിരുന്നതാണ്. എന്നാൽ മറ്റു സംഘടനയിലെ മിഷനറിമാ

രെയൊക്കെ അവരുടെ തന്നെ വേഷത്തിൽ കണ്ടപ്പോൾ, ഇവരിൽ ചിലരൊക്കെ എതിർപ്പു പ്രകടിപ്പിക്കാൻ തുടങ്ങി. അവരിൽ പ്രധാനി 'ലൂയിസ് നിക്കോൾ' എന്ന ചെറുപ്പക്കാരനായിരുന്നു. ഒടുവിൽ ഹഡ്സന്റെ പ്രേരണകൊണ്ട് എല്ലാവരും ചൈനീസ് വേഷത്തിലേക്കു മാറി. ക്രമേണ ലൂയിസ് നിക്കോളിനിൽ കൂടി കൈപ്പുള്ള വേര് മുളയ്ക്കുവാൻ തുടങ്ങി. മറ്റൊരു ഗ്രൂപ്പിലെ മിഷനറിയുമായി ചേർന്നു ഹഡ്സനും മരിയയ്ക്കും എതിരെ ഇയാൾ കിംവദന്തികൾ പരത്തി. എന്നാൽ ടെയ്ലർ ദമ്പതികൾ നിക്കോളിനോട് ഹൃദയത്തിൽ സ്നേഹവും ക്ഷമയും നിലനിർത്തി. നിക്കോൾ ഇംഗ്ളണ്ടിലേക്കും ഹഡ്സനെതിരായ ആരോപണങ്ങൾ എഴുതി അയച്ചു. അപ്പോഴും ഹഡ്സനും മരിയയും തങ്ങളെ ന്യായീകരിക്കുവാനായി ഒന്നും ചെയ്തില്ല. കാരണം ഹാങ്ചൗവിലെ ശുശ്രൂഷയിൽ കൂടി അനേകം ചൈനക്കാർ രക്ഷിക്കപ്പെട്ടുവരുന്ന സമയമായിരുന്നു.

ഇംഗ്ലണ്ടിലുള്ള ഒരു സുഹൃത്ത് ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഹഡ്സനും മരിയയും ഇങ്ങനെയാണ് മറുപടി പറഞ്ഞത്: "സാത്താന്റെ കോട്ടകൾക്കെതിരെ പോരാടുവാനാണ് ഞങ്ങൾ ഇവിടേക്കു വന്നത്. ദൈവത്തിന്റെ ശക്തി അതിനു മതിയായതാണ്. ഞങ്ങളുടെ സ്വന്ത ശക്തിയിൽ മനുഷ്യരോടു പോരാടുന്നില്ല. ചുരുങ്ങിയ നാളുകൾക്കുള്ളിൽ ഇവിടെ വിശ്വാസികൾ ഉണ്ടാകുന്നതു കണ്ട് ഞങ്ങൾ നിഗളിച്ചു പോകാതെ താഴ്മയിൽ നിൽക്കുവാൻ ദൈവം ഇതൊക്കെ അനുവദിക്കും."

അധികം താമസിയാതെ നിക്കോൾ ചൈനീസ് വേഷം ഉപേക്ഷിച്ചു പാശ്ചാത്യ രീതി സ്വീകരിച്ചു. ഉടനെ അവിടുത്തെ നാടുവാഴി വന്ന്, താമസിച്ചിരുന്ന വീട്ടിൽ നിന്ന് ഇറക്കിവിടുകയും സഹായകനായ ചൈനക്കാരൻ വിശ്വാസിയെ മർദ്ദിച്ചവശനാക്കുകയും ചെയ്തു. കാരണം ജീവിതശൈലിയിൽ തങ്ങൾ ചൈനക്കാരെപ്പോലെയായിരിക്കും എന്നു നാടുവാഴിക്കു ഹഡ്സൻ നേരത്തെ ഉറപ്പു കൊടുത്തിരുന്നതാണ്. വീണ്ടും ക്ഷമയോടെ ഹഡ്സനും മരിയയും നിക്കോളിനോട് സംസാരിച്ചുവെങ്കിലും പ്രയോജനമുണ്ടായില്ല. ധിക്കാരപൂർവ്വം നിക്കോൾ ഹഡ്സനോട് പ്രതികരിച്ചപ്പോഴും തന്റെ ഭർത്താവ് എത്ര ക്ഷമ പാലിച്ചുവെന്നത് മരിയ ഓർക്കുന്നു. മിഷനിലെ മറ്റു സഹോദരങ്ങളുടെ ഇടയിലും ഭിന്നതയും മത്സരവുമുണ്ടായി.

ഇതിനിടയിൽ ടെയ്ലർ ദമ്പതികൾക്ക് അഞ്ചാമത് ഒരു പെൺകുഞ്ഞു കൂടി പിറന്നു. എപ്പോഴും പ്രകാശമുള്ള മുഖഭാവമായിരുന്നു മരിയയ്ക്ക്. മിക്കവരും ചൈന ഉൾനാട് മിഷന്റെ നട്ടെല്ല് ആയി മരിയയെ കരുതിയിരുന്നു. സുപ്രധാന കാര്യങ്ങളെല്ലാം ഹഡസ്ൻ മരിയയുമായി ചർച്ച ചെയ്തിരുന്നു. എങ്കിലും അനാവശ്യമായി മരിയ ഒന്നിലും തലയിട്ടില്ല. വിവാഹം കഴിഞ്ഞു പത്തു വർഷമായെങ്കിലും അവരുടെ സ്നേഹം ഗാഢമായിരുന്നു.

മിഷനിലെ ഭിന്നതയും മൽസരവും മൂലം വേദനയിലിരിക്കുന്ന ഹഡ്സന്റെയും മരിയയുടേയും അടുത്തേക്കു കഷ്ടതയുടെ കയ്പ്പു നീരിന്റെ പാത്രം എത്തി. ഹഡ്സന്റെ മക്കളിൽ ഏറ്റവും മിടുക്കിയായിരുന്നു മൂത്ത മകൾ എട്ടു വയസ്സുള്ള ഗ്രേസി. ചൈനയിലേക്കുള്ള യാത്രയ്ക്കിട

യിൽ കപ്പൽ ജോലിക്കാർ യേശുവിനായ് ഹൃദയം സമർപ്പിക്കുന്നതു കണ്ട് ഗ്രേസിയും തന്റെ കൊച്ചുഹൃദയം യേശുവിനായ് നൽകി. തന്റെ മാതാപിതാക്കൾ ചെയ്യുന്നതെന്താണെന്ന് അവൾ നന്നായി മനസ്സിലാക്കിയിരുന്നു. ഒരു നാൾ യാത്രയ്ക്കിടയിൽ ഒരു മനുഷ്യൻ വിഗ്രഹം ഉണ്ടാക്കുന്നത് അവൾ കണ്ടു. അവൾ പിതാവിനോട് പറഞ്ഞു; "പപ്പാ! അയാളോട് യേശുവിനെപ്പറ്റി പറഞ്ഞാൽ പിന്നീടൊരിക്കലും ഇതു ചെയ്കില്ല." ഉടൻ ഹഡ്സൻ അങ്ങനെ ചെയ്തു. ആ രാത്രിയിലെ ഗ്രേസിയുടെ പ്രാർത്ഥന ഹഡ്സന്റെ കണ്ണിനെ നനയിച്ചു. ആ മനുഷ്യനെ രക്ഷിക്കണമെന്നും, യേശുവിനെ സാക്ഷിക്കുവാൻ തന്റെ പപ്പയ്ക്കു ശക്തി കൊടുക്കണമെന്നും അവൾ ദൈവത്തോട് അപേക്ഷിക്കുകയായിരുന്നു. ആ ഗ്രേസിയാണു ചില നാളുകൾക്കുള്ളിൽ 'മെനിഞ്ചൈറ്റിസ്' എന്ന രോഗം ബാധിച്ചു സ്വർഗ്ഗീയ ഭവനത്തിലേക്കു പോയത്. ഹഡ്സൻ തന്റെ സുഹൃത്തിനെഴുതി: "എന്റെ മാംസവും ഹൃദയവും ക്ഷയിച്ചു പോകുന്നു. ദൈവം എന്നേക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയുമാകുന്നു" (സങ്കീ. 73:26).

ഗ്രേസിയുടെ വിയോഗം മിഷനറിമാരുടെ ഇടയിൽ സഹതാപത്തിന്റെ അലകൾ സൃഷ്ടിച്ചു. ഒരർത്ഥത്തിൽ അതു മിഷനെ രക്ഷിച്ചുവെന്നു പറയാം. പരസ്പരം ഉണ്ടാക്കിയ ചില മുറിവുകൾ ഉണങ്ങി. ഐക്യത ഉണ്ടായി. എങ്കിലും നിക്കോളും കൂടെ ചിലരും വിമതൻമാരായി തുടർന്നു. ഹഡ്സൻ, എന്തെങ്കിലും ഒരു നടപടി എടുക്കാതെ നിവൃത്തിയില്ല എന്ന നില വരെ കാത്തിരുന്നു. ഒടുവിൽ നിക്കോളിനെയും കൈപ്പുള്ള വേരിനാൽ മലിനപ്പെട്ടുപോയ ചിലരേയും മിഷനിൽ നിന്നു പുറന്തള്ളി. ഇതു നേരത്തെ ചെയ്യേണ്ടിയിരുന്നുവെന്ന അഭിപ്രായമായിരുന്നു, ഹഡ്സന്റെ അനുഭാവികൾക്ക്! *(തുടരും)*

**-ബിനി ഷിബു**

# ദൈവസന്നിധിയിൽ ഒരു ജഢവും...

*11-ാം പേജിൽ നിന്ന് തുടർച്ച ...*

എന്നു ദൈവം ഉത്തരം നൽകുന്ന പല പ്രാർത്ഥനകളുമുണ്ട്. എന്താണു കാരണമെന്നു നമുക്കറിഞ്ഞുകൂടാ. മഹാസമുദ്രത്തെ ഒരു കപ്പിൽ ഉൾക്കൊള്ളിക്കുക അസാധ്യമായിരിക്കുന്നതുപോലെ നമ്മോടുള്ള തന്റെ പെരുമാറ്റങ്ങൾ മുഴുവൻ വിശദീകരിക്കുവാൻ ദൈവത്തിന് അസാധ്യമാണ്. ദൈവത്തിന്റെ ജ്ഞാനം ഒരു മഹാസമുദ്രം പോലെയും നമ്മുടെ മനസ്സ് ഒരു ചെറിയ കപ്പുപോലെയുമാണ്.

"മനുഷ്യാ, ദൈവത്തെ വിമർശിക്കുവാൻ നിങ്ങൾ ആര്?" എന്ന് തിരുവെഴുത്തു ചോദിക്കുന്നു (റോമർ 9:19, 20 ലിവിംഗ് ബൈബിൾ). നാം സ്വന്ത കണ്ണിൽ ചെറിയവരായിരിക്കുമ്പോൾ ദൈവത്തിന്റെ വഴികളെപ്പറ്റി നമുക്ക് ഒരു പരാതിയും ഉണ്ടാവുകയില്ല. അവിടുത്തെ വഴികൾ നമുക്ക് ഗ്രാഹ്യമല്ലാതിരിക്കുമ്പോൾ തന്നെ അവിടുത്തെ സർവാധീശത നാം അംഗീകരിക്കുന്നതുകൊണ്ട് നാം ദൈവത്തിനു കീഴ്പ്പെട്ടുകൊടുക്കുന്നു. *(തുടരും)*

*21-ാം പേജിൽ നിന്ന് തുടർച്ച ...*

# ശക്തിയുടെ രഹസ്യം

യഹോയ്ക്കായി കാത്തിരുന്നെങ്കിൽ അവർ തങ്ങളുടെ ശക്തിയെ പുതുക്കുകയും കഴുകന്മാരെപ്പോലെ ചിറകടിച്ചു പറക്കുകയും ചെയ്യുമായിരുന്നു. തളർന്നു പോകാതെ ശത്രുക്കളുടെ നടുവിൽ കൂടെ പാഞ്ഞു കയറിപ്പോകുവാൻ അവർക്കു കഴിയുമായിരുന്നു. പ്രതികൂലങ്ങളുടെ നടുവിൽക്കൂടെ ക്ഷീണിച്ചു പോകാതെ നടക്കുവാൻ ശക്തിയും അവർക്കു ലഭിക്കുമായിരുന്നു.

രാവിലെയും വൈകുന്നേരവും ചില നിമിഷങ്ങൾ പ്രാർത്ഥിക്കുക എന്നുള്ളതല്ല യഹോവയ്ക്കായി കാത്തിരിക്കുക എന്നുള്ളത്. ദൈവസന്നിധിയിൽ പോയിരുന്നു മറുപടി ലഭിക്കുന്നതു വരെ പ്രാർത്ഥിക്കുന്നത്രേ യഹോവയ്ക്കായി കാത്തിരിക്കുക എന്നുള്ളതിന്റെ അർത്ഥം. ദൈവസന്നിധിയോട് അടുത്ത ചെല്ലുകയും സ്വർഗ്ഗത്തിന്റെ കിളി വാതില്ക്കൽ മുട്ടിക്കൊണ്ടിരിക്കയും ദൈവത്തിന്റെ വാഗ്ദാനങ്ങളെ അവകാശം പറയുകയും, ദൈവത്തോടു നമ്മുടെ ന്യായവാദങ്ങളെ അറിയിക്കുകയും ലൗകികമായ സകല കാര്യങ്ങളെയും മറന്നു കളകയും മറുപടി കിട്ടുന്നതു വരെ മടുത്തു പോകാതെ യാചിച്ചു കൊണ്ടിരിക്കയും ചെയ്യുന്നതത്രേ യഹോവയ്ക്കായി കാത്തിരിക്കുക എന്നുള്ളത്. ഏതു ബലഹീനനായ മനുഷ്യനും ഇപ്രകാരം ചെയ്യുമെങ്കിൽ വീരന്മാർ തളർന്നു പോകുമ്പോൾ അവർ ജയാളിയായി ദൈവസന്നിധിയിൽ എഴുന്നേറ്റു മടങ്ങി വരും.

ഇപ്രകാരം യഹോവയ്ക്കായി കാത്തിരിക്കുന്ന കാലഘട്ടങ്ങളിലാണ് മറ്റുള്ളവർ അത്ഭുതപ്പെടത്തക്കവണ്ണമുള്ള ജ്ഞാനവും ശക്തിയും വിശ്വാസികൾ പ്രാപിക്കുന്നത്. പ്രതികൂല സാഹചര്യങ്ങൾ വരുമ്പോൾ സഹായത്തിനായി മറ്റുള്ളവരുടെ അടുക്കൽ കൂടി എത്താതെ ദൈവത്തിനായി കാത്തിരിക്കുമെങ്കിൽ ദൈവത്തിന്റെ മുമ്പിൽ വീരന്മാരായി ത്തീരുവാൻ ആർക്കും കഴിയും. സങ്കീർത്തനക്കാരൻ ഏറ്റവും പ്രയാസമേറിയ കഷ്ടാവസ്ഥയിൽ ആയപ്പോൾ അവൻ ചെയ്തതു ഇതു തന്നെയാണ്. ''ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരുന്നു; അവൻ എങ്കലേക്കു ചാഞ്ഞു എന്റെ നിലവിളി കേട്ടു, നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി; എന്റെ ഗമനത്തെ സ്ഥിരമാക്കി; അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു'' (സങ്കീ. 40:1-3).

ഞാൻ ഒരിക്കൽ ഒരു കൂട്ടം വിശ്വാസികൾ കൂടിയിരുന്ന സ്ഥലത്തു ചെന്നു. അവരിൽ അനേകരും ക്ഷീണിച്ചവരും തളർന്നവരും നിരാശപ്പെട്ടവരും ആയിരുന്നു. അവരുടെയിടയിൽ അനേക പ്രശ്നങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അവരിൽ ഒരു സഹോദരി മുഖപ്രസന്നതയുള്ളവളും അവളുടെ ഹൃദയത്തിൽ നിന്നു സ്തുതിയുടെ ശബ്ദം പൊങ്ങിക്കൊണ്ടിരിക്കുന്നവളുമായി കാണപ്പെട്ടു. കൂട്ടു വിശ്വാസികളിൽ പലരും തോൽവി ഭവിച്ചവരും നിരാശയുള്ളവരും പിന്മാറിപ്പോയവരുമായി കണ്ടതിനാൽ തന്റെ കാലുകൾ ഏകദേശം ഇടറിപ്പോയി എന്ന് അവൾ

എന്നോടു പറഞ്ഞു. അവൾ ദൈവ സന്നിധിയിൽ ചെന്നു യഹോവ യ്ക്കായി കാത്തിരുന്നു. മറ്റുള്ളവരുടെ തോൽവികളെ നോക്കിക്കൊണ്ടിരി ക്കുന്നത് അവളുടെ വീഴ്ചയ്ക്കു കാര ണമായിത്തീരുമെന്നു ദൈവം അവൾക്കു വെളിപ്പെടുത്തിക്കൊടു ത്തു. എല്ലാവരും തെറ്റിപ്പോയാലും അവൾ യേശുവിനെ അനുഗമിക്കയും അവനോടു പറ്റിച്ചേർന്നിരിക്കയും ചെയ്യുന്നതാണ് ആവശ്യമെന്നു ദൈവം അവൾക്കു വെളിപ്പെടുത്തി ക്കൊടുത്തു. മറ്റുള്ളവരുടെ കുറവു നോക്കിക്കൊണ്ടിരിക്കുന്നത് തന്റെ ബലഹീനതയാണെന്ന് അവൾ ദൈവസന്നിധിയിൽ സമ്മതിച്ചു. അവ ളുടെ കുറ്റങ്ങളെ അവൾ ദൈവ ത്തോട് ഏറ്റു പറഞ്ഞു. ദൈവ ത്തോടു അവൾ ചെയ്തിരുന്ന ഉടമ്പ ടികളെ അവൾ പുതുക്കി. ദൈവം തന്റെ തേജസ്സിനാലും സന്തോഷ ത്താലും അവളെ നിറച്ചു. മറ്റുള്ളവ രുടെ ബലഹീനതകളെയും കുറവു കളെയും നോക്കി നിരാശപ്പെട്ടു കൊണ്ടിരിക്കുന്നത് ആപല്ക്കരമാ ണെന്ന് ദൈവസന്നിധിയിൽ കാത്തി രുന്നപ്പോഴാണ് അവൾക്കു മനസ്സി ലായത് എന്ന് അവൾ എന്നോടു പറ ഞ്ഞു. ദൈവസന്നിധിയിൽ കാത്തിരു ന്നതിന്റെ ഫലമായി തനിക്കു ജീവി തത്തിൽ പുതുക്കം ലഭിച്ചു എന്നു മാത്രമല്ല അവളുടെ കൂട്ടു വിശ്വാസി കളുടെ ശക്തിക്ക് അതു മുഖാന്തരമാ യിത്തീരുമെന്നു അവൾക്ക് ഉറപ്പും ലഭിച്ചു.

‘‘എന്റെ ഉള്ളമേ, ദൈവത്തെ നോക്കി മൗനമായിരിക്ക. എന്റെ പ്രത്യാശ അവങ്കൽ നിന്നു വരുന്നു” (സങ്കീ. 62:5). ‘‘ഞാൻ യഹോവ യ്ക്കായി കാത്തിരിക്കുന്നു; എന്റെ ഉള്ളം കാത്തിരിക്കുന്നു; അവന്റെ വച നത്തിൽ ഞാൻ പ്രത്യാശ വെച്ചിരി ക്കുന്നു. ഉഷസ്സിനായി കാത്തിരിക്കു ന്നവരെക്കാൾ എന്റെ ഉള്ളം യഹോവ യ്ക്കായി കാത്തിരിക്കുന്നു” (സങ്കീ. 130:5–6) എന്നത്രേ ദാവീദ് പറഞ്ഞി രിക്കുന്നത്. യഹോവയിങ്കൽ പ്രത്യാശ വെക്കുക. ധൈര്യപ്പെട്ടിരി ക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതെ, യഹോവയിങ്കൽ പ്രത്യാശ വെക്കുക” (സങ്കീ. 27:14) എന്നത്രേ നിരാശപ്പെട്ടിരിക്കുന്ന സകല വിശ്വാ സികളോടും ദാവീദിനു പറയുവാനു ള്ളത്.

ദൈവത്തോടുള്ള അദൃശമായ ബന്ധത്തിൽ നടക്കുന്നതിലത്രെ വിശ്വാസിയുടെ തോൽവിയുടെയോ ജയത്തിന്റെയോ രഹസ്യം ഇരിക്കുന്ന ത്. യഹോവയ്ക്കായി കാത്തിരിക്കു ന്നവർ ഒരുനാളും തോറ്റു പോകയി ല്ല. മറ്റുള്ളവരുടെ കണ്ണിന്റെ മുമ്പിൽ അവന്റെ ജീവിതം ഒരു തോൽവി എന്നു തോന്നിയേക്കാം. എന്നാൽ മടുത്തു പോകാതെ കാത്തിരുന്നാൽ വിജയം നിശ്ചയമാണ്.

“നീയോ പ്രാർത്ഥിക്കുമ്പോൾ അറ യിൽ കടന്നു വാതിൽ അടച്ചു രഹ സ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും’’ (മത്താ. 6:6) എന്നത്രെ കർത്താവു തന്റെ ശിഷ്യ ന്മാരെ പഠിപ്പിച്ചത്. അതിനാൽ ക്രിസ്തീയ ജീവിതത്തിലെ സകല തോൽവികളുടെയും രഹസ്യം യഹോവയ്ക്കായി കാത്തിരിക്കുന്ന തിൽ വിശ്വാസികൾ കാണിക്കുന്ന അലസതയാണ്. വിശ്വാസികളുടെ രഹസ്യമുറിയിലത്രെ ദൈവികജ്ഞാ നവും ശക്തിയും ദൈവസ്നേഹവും കൊണ്ട് അവർ നിറയപ്പെടുന്നത്.

*(തുടരും)*

# THE POWER OF THE HOLY SPIRIT

**Sandeep Poonen**

Acts 1:8 tells us that we will receive power when the Holy Spirit has come upon us. So what does that power look like?

Many Christians look at the book of Acts and see the signs and wonders and miracles that the disciples did, and seek for this as the evidence of the power of the Holy Spirit. Indeed, to perform the supernatural works of God requires the power of the Holy Spirit. And especially for those who go out to preach the gospel in all the world, Jesus promises that power to heal and perform miracles will accompany them (Mark 16:14-18). However, we are also clearly told that the ability to perform miracles is not given to all believers (1 Corinthians 12:29-31).

Additionally, looking to signs and wonders as the definitive proof of power of the Holy Spirit can be misleading. The Bible tells me that there are some who will perform miracles in the name of Jesus who had NO knowledge of God and will be rejected by God (Matthew 7:21-23). And we see that the Antichrist will deceive many people with great signs that he performs, including causing fire to come down from heaven like Elijah did (Revelation 13:11-18).

So what is the power of the Holy Spirit that is given to ALL believers? I think we can find a clear description of this in Ephesians 3:14-19 – *14 For this reason I bow my knees before the Father, 15 from whom every family in heaven and on earth derives its name, 16 that He would grant you, according to the riches of His glory, to be strengthened with power through His Spirit in the inner man, 17 so that Christ may dwell in your hearts through faith; and that you, being rooted and grounded in love, 18 may be able to comprehend with all the saints what is the breadth and length and height and depth, 19 and to know the love of Christ which surpasses knowledge, that you may be filled up to all the fullness of God*.

Verse 16 tells me that I can be strengthened with power through the Holy Spirit. And I see that in verses 17-19, Paul goes on to tell me what that power of the Holy Spirit looks like:

1) In the inner man

First of all, we must know beyond all doubt that the power of the Holy Spirit available to ALL believers is strength for the inner man. The holy life described in the Law was focused on one's external life. But Jesus demonstrated the full life of God by ALWAYS doing the will of God (Hebrews 10:5-7). And the Holy Spirit has been given to us so that we too can have the life of God gushing forth from our innermost beings (John 7:37-39). It is so easy to get focused on the miracles and ministry successes of others. But we must be diligent, and even ruthless, to renew our minds that the power of the Holy Spirit is for our *inner* lives.

2) Rooted and grounded in love

The foundational strength of the power of the Holy Spirit is that Christ might dwell in our hearts through faith. And how do we know if Christ is indeed dwelling in our hearts? We will be rooted and grounded in the love of God.

To be rooted and grounded describes a life that is like a plant whose roots have reached deep into the ground, that it cannot be uprooted by the next wind or storm of trial and affliction. And it is the love of God that nourishes and secures the roots of such a plant.

Such a life is only possible through faith. I see the faith spoken of here as being the opposite of our feelings and our intellectual ideas. So for Christ to dwell in my heart through faith means that no feeling or emotion or intellectual thought can shake my conviction strong assurance that Christ is in my heart (Romans 8:31-39). Jesus wants to dwell (live; abide) in our hearts. He does not want to be an occasional visitor, who is kicked out

with every next wave of emotion, bad mood, or intellectual doubt. Christ can dwell in us even when we face difficult trials or circumstances that don't go our way.

For this, we need strength that comes only through the Holy Spirit's power. So we must seek for the Holy Spirit's power. This life of security in God's love simply *cannot* come by seeking to be a better version of you, or thinking new age thoughts of gratitude and bliss.

So this is what all of us must FIRST seek the power of the Holy Spirit for: To have a growing SECURITY in the love of God that is unaffected by all our circumstances and trials.

### 3) Comprehending the love of God with the saints

As we are diligent to be rooted and grounded in our personal lives, the Holy Spirit seeks to give us power to comprehend the love of God with ALL the saints (v18). Some might wonder why we are asked to fellowship with other believers. Some might be tempted to devalue the gathering together with other believers, claiming that the inner life is all that matters. This might sound very logically convincing, but it's just not Scriptural. The heart of Jesus and Paul was to reach more and more people, so that many could be one.

Paul talks about this comprehension as knowing the length and breadth and height and depth of God's love. To me, this describes a comprehension with our minds and our emotions and our actions. So we hear God's Word and we find out a greater lengths and heights of God's love. And we sing songs of praise and thanksgiving and devotion and our emotions are stirred up to the greater depths of God's love. And we serve each other and with others in practical ways that help us see the greater breadths of God's love.

This is NOT an individual act that I can do in secret or by myself. This is also not something that I can do by merely attending a good church. The comprehension spoken of here is a proactive action. It is to seize and to catch. For this too, I need the power of the Holy Spirit.

So this is a wonderful purpose of the church gathering: Each one of us, ***together with all the saints in our local church***, can seize and lay a hold of the ever increasing love of God. So I must come to every church meeting longing to be filled with the power of the Holy Spirit –hoping that as a local body, we can together seize a greater dimension of the love of God.

### 4) Knowing the love of God that surpasses knowledge

The knowing described here is very different from the comprehension just spoken about. There is a finite limitation to the love of God that we *comprehend* with all the saints, since we cannot deeply commune with others in our spirits/hearts. God wants us to pursue Him and know His love *beyond* all the love of God that we comprehend and fathom with others.

This is also more than being rooted and grounded in the love of God where Jesus dwells in us. Jesus doesn't want to just dwell in us so that we become secure in His love. He wants to be more than a powerful security guard that keeps us safe and secure. And it is possible that Christ can live and abide with us, but we don't ever marvel at His unfathomable ways and His unsearchable judgments and the rich depths of His wisdom and knowledge (Romans 11:33-36). God wants us to press in even deeper to an intimate friendship with God that surpasses all human knowledge. For this too, we need the power of the Holy Spirit.

What a wonderful life that is possible only through the power of the Holy Spirit! I had earlier mentioned 1 Corinthians 12:29-31 to state that all won't have the gift to perform miracles. But Paul tells me clearly in verse 31 that we can all have something more excellent than any of the gifts of the Spirit – the life of the love of God described in 1 Corinthians 13.

The love of God has been poured out through the Holy Spirit that has been given to us (Romans 5:5). This is a lavish pouring out of love that God wants us all to be perpetually immersed in. So may the Lord immerse us again and again with this true power of the Holy Spirit – perpetual baptisms into the infinite Love of God. ■

*4-ാം പേജിൽ നിന്ന് തുടർച്ച*

# 'ലഭിച്ചതല്ല എന്നപോലെ...

പഴയ നിയമ ഭക്തനായ ദാവീദ് 'ഭാഗ്യവാന്മാർ' എന്നു വിളിക്കുന്നവരെ പുതിയ ഉടമ്പടിയിൽ പൗലൊസ് 'കൃപ' ലഭിച്ചവർ എന്നു പേരുമാറ്റി വിളിക്കുന്നതു ഇവിടെ ഓർക്കുക. (റോമർ 4:4-9 വചനങ്ങൾ ശ്രദ്ധിക്കുക).

ചുരുക്കത്തിൽ നമുക്കു പ്രശംസിക്കുവാൻ ഒന്നുമില്ല. എല്ലാം ദൈവത്തിന്റെ കൃപയാണ്. നമുക്ക് ഒരു അർഹതയും ഉണ്ടായിരുന്നില്ല. 'ഒരു അർഹതയും ഇല്ലായിരുന്നു' എന്നതു മാത്രമാണു കൃപയ്ക്കുള്ള നമ്മുടെ അർഹത. ദൈവകൃപ നമ്മെ തേടി വന്നു. രക്ഷിച്ചു. നടത്തുന്നു. അക്കരെ കൊണ്ടു ചെന്ന് എത്തിക്കും.

അപ്പോൾ പിന്നെ ഈ രക്ഷണ്യ പ്രവൃത്തിയിൽ നമുക്കൊരു പങ്കാളിത്തവുമില്ലേ? നമ്മുടെ ഉത്തരവാദിത്തം രക്ഷയിൽ പ്രവർത്തിക്കുന്ന ദൈവകൃപയോടുള്ള ബന്ധത്തിൽ എന്താണ്? ദൈവമാണ് എല്ലാം ചെയ്യുന്നതെങ്കിൽ ഇതിൽ നമ്മുടെ സഹകരണവും പങ്കാളിത്തവും എന്താണ്?

സത്യം രണ്ടു ചിറകുള്ള ഒരു പക്ഷിയെപ്പോലെയാണെന്നും സത്യത്തിന്റെ രണ്ടു വശങ്ങളും ഒരുപോലെ ഊന്നൽ നൽകി പറയാതിരുന്നാൽ നാം തെറ്റിപ്പോകുമെന്നും ഒരു ദൈവഭൃത്യൻ പറയാറുള്ളത് ഓർത്തു പോകുന്നു. ദൈവകൃപ എല്ലാം ചെയ്യുന്നു എന്നു പറയുമ്പോൾ തന്നെ ഇക്കാര്യത്തിലുള്ള നമ്മുടെ ഉത്തരവാദിത്തവും സഹകരണവും കാണാതെ പോകരുത്. ഒരൊറ്റ അധ്യായം മാത്രമുള്ള യൂദയുടെ ലേഖനത്തിലെ രണ്ടു വാക്യങ്ങൾ ഇതിനോടുള്ള ബന്ധത്തിൽ പ്രസക്തമാണ്. 24-ാം വാക്യത്തിൽ യൂദ ദൈവകൃപയാണ്, ദൈവമാണു നമ്മെ വീഴാതെ നിർത്തുന്നതെന്നും അക്കരെ കൊണ്ടു ചെന്ന് എത്തിക്കുന്നതെന്നും പറയുന്നു. "വീഴാതെ വണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിർത്തുവാൻ ശക്തിയുള്ളവൻ" എന്നു ദൈവത്തെ യൂദ വിശേഷിപ്പിക്കുന്നു. എന്നാൽ ഈ വസ്തുത നൂറു ശതമാനം ശരിയായിരിക്കുമ്പോൾ തന്നെ വിശ്വാസികളുടെ ഉത്തരവാദിത്തത്തെ യൂദ ഇങ്ങനെ ഊന്നി പറയുന്നു: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നും കൊണ്ട് ദൈവസ്നേഹത്തിൽ നിങ്ങളെ തന്നെ സൂക്ഷിച്ചു കൊൾവിൻ" (21-ാം വാക്യം). നോക്കുക: ദൈവമാണു വീഴാതെ വണ്ണം നമ്മെ സൂക്ഷിക്കുന്നത് (able to keep us). അപ്പോൾ തന്നെ ദൈവസ്നേഹത്തിൽ നാം നമ്മെത്തന്നെ സൂക്ഷിക്കേണ്ടതുണ്ട് (keep yourselves).

യൂദ ഇത്രയും സന്തുലതയോടെ രണ്ടു വശവും ഒരുപോലെ ഊന്നിപ്പറയുവാൻ കാരണമുണ്ട്. കാരണം 'നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിക്കു ഹേതുവാക്കി യേശുക്രിസ്തുവിനെ ഫലത്തിൽ നിഷേധിക്കുന്ന ചിലർ അന്നു സഭയിൽ നുഴഞ്ഞു വന്നിരുന്നു' (യൂദ 4). ദൈവകൃപയെ എന്തും ചെയ്യാനുള്ള ലൈസൻസായി കാണുന്നവർ. (perverting the grace of our God in to licentiousness).

ഒന്നാം നൂറ്റാണ്ടിൽ സംഭവിച്ചത് അന്ത്യകാലത്തു ഇന്നു വീണ്ടും സംഭവിക്കുന്നത് ക്രിസ്തീയ ഗോളത്തിലെ പുതിയ പഠിപ്പിക്കലുകളെ ശ്രദ്ധിച്ചാൽ നമുക്കു കാണാൻ കഴിയും. പാപം ചെയ്താൽ പോലും മാനസാന്തരപ്പെടുകയോ ഏറ്റു പറയുകയോ വേണ്ടെന്നും പാപം ചെയ്യുന്ന ഒരു വിശ്വാസി പാപത്തിലേക്കല്ല ദൈവകൃപയിലേക്കാണു വീഴുന്നതെന്നതിനാൽ അനുതാപം വേണ്ടെന്നുമുള്ള പഠിപ്പിക്കലുകൾ ഇന്നു വ്യാപകമാണ്. എന്നാൽ ഇതേപ്പറ്റി യോഹന്നാൻ അപ്പൊസ്തലൻ വളരെ വ്യക്തമായി പറയുന്നത് ഇങ്ങനെയാണ്: "നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ചു... ശുദ്ധീകരിക്കാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1യോഹ. 1:9). തീർച്ചയായും ദൈവകൃപ നമ്മുടെ

പാപങ്ങളെ ക്ഷമിച്ചു കാര്യങ്ങളെ യഥാസ്ഥാനത്താക്കും. പക്ഷേ അതിനുള്ള വ്യവസ്ഥ 'നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ ... (If we confess our sins...)' എന്നതാണ്.

പൗലൊസ് അപ്പൊസ്തലനും കൃപയെ ലൈസൻസായി കാണുന്നതിനെതിരെ ശക്തമായി പ്രതികരിക്കുന്നുണ്ട്.: "ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ നാം പാപം ചെയ്ക എന്നോ? ഒരുനാളും അരുത്" "ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിനു പാപം ചെയ്തു കൊണ്ടിരിക്ക എന്നോ? ഒരുനാളും അരുത്" (റോമർ 6:15,1,2).

പത്രൊസ് അപ്പൊസ്തലന്റെ നിലപാടും വ്യത്യസ്തമല്ല. വരുവാനിരിക്കുന്ന കൃപയെക്കുറിച്ചും (1:10), വരുവാനുള്ള കൃപയെക്കുറിച്ചും (1:13) പറഞ്ഞുകൊണ്ട് തന്റെ ആദ്യലേഖനം ആരംഭിക്കുന്ന പത്രൊസ് തന്റെ രണ്ടാം ലേഖനത്തിലേക്കു വരുമ്പോൾ കൃപയെ ലൈസൻസായി കാണുന്ന പ്രവണതകൾക്കെതിരെ യൂദയെപ്പോലെ ശക്തമായി പ്രതികരിക്കുന്നുണ്ട് (2:1–3). അന്നു കൃപയെ ലൈസൻസാക്കുന്നവരുടെ എണ്ണം പെരുകിയതു കൊണ്ടാകണം വ്യാജകൃപയിൽ നിന്നു യഥാർത്ഥ കൃപയെ തിരിച്ചറിയുവാൻ ദൈവവചന പ്രകാരമുള്ള കൃപയെ പത്രൊസ് സത്യകൃപ (true grace) എന്നൊരു പ്രത്യേക പേരിട്ടു വിളിക്കുന്നത് (1 പത്രൊ. 5:12).

നോക്കുക: ഒന്നാം നൂറ്റാണ്ടിൽ തന്നെ 'കൃപയിലാണ് ഇനി എങ്ങനെയും ജീവിക്കാം' എന്ന ചിന്തയ്ക്കെതിരെ യോഹന്നാൻ, പൗലൊസ്, പത്രൊസ്, യൂദ എന്നിവരെല്ലാം കർശനമായ മുന്നറിയിപ്പു നൽകുന്നു: ദൈവകൃപ എന്തും ചെയ്യാനുള്ള ലൈസൻസല്ല. കൃപയിൽ നില്ക്കാനും ദൈവകൃപയോടു സഹകരിക്കാനും നമുക്ക് ഉത്തരവാദിത്തമുണ്ട്.

ഇവിടെ ഒരു സംശയം വരാം. നമുക്കും ഇതിൽ ഒരു പങ്കാളിത്തവും പ്രവർത്തനവും ഉണ്ടെങ്കിൽ പ്രവൃത്തിയല്ല കൃപയാണ് എല്ലാം ചെയ്യുന്നതെന്നു പറയുന്നതിൽ ഒരു വൈരുദ്ധ്യമില്ലേ എന്നാണു ചിലരുടെ സംശയം. പൗലൊസ് ഇതിനു മറ്റൊരു സന്ദർഭത്തിൽ ഒരു മറുപടി നൽകുന്നുണ്ട്. പൗലൊസ് സ്വന്ത അനുഭവം ഇങ്ങനെ പറയുന്നു: "ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു; എന്നാൽ ഞാനല്ല എന്നോടു കൂടെയുള്ള ദൈവകൃപയത്രേ" (1കൊരി. 15:10). അദ്ധ്വാനിച്ചതു പൗലൊസാണ്; അല്ല പൗലൊസിനോടു കൂടെയുള്ള ദൈവകൃപയാണ്. അപ്പോൾ അദ്ധ്വാനിച്ച പൗലൊസ് കൃപയുടെ കരത്തിൽ ഒരു ഉപകരണം മാത്രമായിരുന്നു. അതുകൊണ്ടു പൗലൊസ് അവിടെ തന്നെ ഇങ്ങനെ വിശദീകരിക്കുന്നു: "ഞാൻ ആകുന്നതു ദൈവകൃപയാൽ ആകുന്നു. എന്നോടുള്ള അവന്റെ കൃപ വ്യർഥമായതുമില്ല."

ഈ കാര്യത്തെ ഇങ്ങനെ വിശദീകരിക്കാം: എല്ലാം ചെയ്തതു ദൈവകൃപയാണ്. അപ്പോൾ തന്നെ തന്നിലുള്ള ദൈവകൃപയെ വ്യർഥമാക്കാതെ സൂക്ഷിക്കാനുള്ള ഉത്തരവാദിത്തം പൗലൊസിനുണ്ടായിരുന്നു.

നമുക്കു നമ്മെത്തന്നെ ദൈവസ്നേഹത്തിലും ദൈവകൃപയിലും സൂക്ഷിപ്പാനുള്ള ഇച്ഛയും അതിനു വേണ്ട പ്രവൃത്തിയും നൽകുന്നത് ദൈവമാണെന്നു പൗലൊസ് മറ്റൊരിടത്തു പറയുന്നു (ഫിലി. 2:12). 'ദൈവത്തിൽ നിന്നു ലഭിച്ചതല്ലാതെ നമുക്ക് എന്തുള്ളു?' – പൗലൊസിന്റെ തന്നെ വാക്കുകൾ. "ലഭിച്ചതെങ്കിലോ ലഭിച്ചതല്ല എന്നപോലെ പ്രശംസിക്കുന്നത് എന്ത്?" (1കൊരി. 4:7). ഉവ്വ്, നമുക്ക് ഒന്നും പ്രശംസിക്കുവാനില്ല. എല്ലാ പുകഴ്ചയും മഹത്വവും ആത്യന്തികമായി ദൈവത്തിനു തന്നെ.

പൗലൊസിന്റെ വാക്കുകൾ കൊണ്ടു തന്നെ ഈ ചിന്തകൾ അവസാനിപ്പിക്കുന്നതായിരിക്കും ഭംഗി. "സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ. അവന് എന്നേക്കും മഹത്വം. ആമേൻ" (റോമ. 11:36).

# OUT OF TOUCH WITH YOUR LORD

Only a word, yes, only a word
That the Spirit's small voice whishpered, 'Speak';
But the brother passed onward, unblessed and weak,
Whom you were meant to have stirred
To encourage devotion and love anew-
Because, when the message came to you,
*You were out of touch with your Lord*.

Only a smile, yes, only a smile,
That a brother o'erburdened with grief
Expected from you; 'twould have given relief,
For his heart ached sore the while.
But, weary and cheerless, he went away-
Because, as it happened that very day,
*You were out of touch with your Lord.*

Only a note, yes, only a note,
To a friend in a distant land;
The Spirit said, 'Write', but then you had planned
Some different work, and you thought
It mattered little. You did not know
'Twould have saved a soul from sin and woe-
*You were out of touch with your Lord.*

Only a song, yes only a song,
That the Spirit said, 'Sing to-night;
Your voice is your Master's by purchased right.'
But you thought, 'Mid this motley throng,
I care not to sing about the City of God';
And the heart that your words might have reached grew cold-
*You were out of touch with your Lord.*

Only a day, only a day,
But oh, can you guess my friend,
Where the influence reaches and where it will end
Of the hours that you frittered away?
The Master's command is, 'Abide in Me';
And fruitless and vain will your service be
*If you're out of touch with your Lord.*

**JEEVAMOZHIKAL** RNI/KERBIL/-2003/21404 Regn.No. KL/KTM/46/2015-17
April 2016 www. jeevamozhikal.org Date of Publication 28-03-2016
Annual Subscription Rs.100/-

# ദേശീയോദ്യാനം നൽകുന്ന പാഠം

'ഗോഡ്സ് സർപ്രൈസിങ് പ്ലാൻ ഫോർ യുവർ ഗുഡ്' (നിങ്ങളുടെ നന്മയ്ക്കായുള്ള ദൈവത്തിന്റെ അത്ഭുത പദ്ധതി) എന്ന പ്രശസ്തമായ ലേഖനത്തിൽ അമേരിക്കയിലെ യെല്ലോസ്റ്റോൺ ദേശീയ പാർക്കിന്റെ ചരിത്രം വിവരിച്ചിരിക്കുന്നതു രസകരമാണ്.

അമേരിക്കയിൽ മൂന്നു സംസ്ഥാനങ്ങളിലായി 9000 ചതുരശ്ര കിലോ മീറ്ററിൽ വ്യാപിച്ചു കിടക്കുന്ന ഈ പാർക്ക് 1872ലാണ് ഔദ്യോഗികമായി നിലവിൽ വന്നത്. പുല്ലും കുറ്റിച്ചെടികളും മരങ്ങളും അപൂർവ്വമായ മറ്റു ചെടികളും നിറഞ്ഞ ഈ ദേശീയോദ്യാനത്തിൽ മാനുകൾ, മ്ലാവുകൾ, മുയലുകൾ എന്നിവ കൂടാതെ ചെന്നായ്ക്കളും ധാരാളം ഉണ്ടായിരുന്നു. ദേശീയോദ്യാനം സംരക്ഷിച്ചിരുന്ന ഫെഡറൽ ഗവണ്മേന്റിലെ ഉദ്യോഗസ്ഥർ പക്ഷേ കുറച്ചു കഴിഞ്ഞപ്പോൾ ഒരു കാര്യം കണ്ടെത്തി. ചെന്നായ്ക്കൾ മാനിനെയും മ്ലാവിനെയും ഒക്കെ ധാരാളമായി കൊന്നു തിന്നുന്നു. അതുകൊണ്ട് 1914ൽ ദേശീയോദ്യാനത്തിലെ ചെന്നായ്ക്കളെയെല്ലാം അവർ കൊന്നു കളഞ്ഞു. എല്ലാം ഭംഗിയായി എന്നവർ കരുതി.

എന്നാൽ ക്രമേണ മറ്റൊരു പ്രശ്നം ഉടലെടുത്തു. ചെന്നായ്ക്കളെ പേടിക്കേണ്ടാത്തതുകൊണ്ട് മാനും മ്ലാവും സമതലത്തിലേക്ക് ഇറങ്ങി വന്നു. അവയുടെ എണ്ണം പെരുകി. അവ പാർക്കിലെ കുറ്റിച്ചെടികളും അപൂർവ്വ സസ്യങ്ങളും തിന്നും ചവിട്ടിയും നശിപ്പിച്ചു. ചെടിയും മരവും കുറഞ്ഞപ്പോൾ മണ്ണൊലിപ്പു കൂടി. ഫലം അതുവഴി ഒഴുകിയിരുന്ന ചില പുഴകളുടെ രൂപത്തിൽ പോലും മാറ്റം വന്നു. ദേശീയോദ്യാനം മെല്ലെ നശിക്കാൻ തുടങ്ങി.

ഇതിനെന്താ പരിഹാരം? വിദഗ്ധർ ഏറെ ചിന്തിച്ച ശേഷം കാനഡയിൽ നിന്നു കുറെ ചെന്നായ്ക്കളെ വീണ്ടും പാർക്കിലെത്തിച്ചു. ഫലം മാനുകളുടെയും മ്ലാവുകളുടെയും എണ്ണം കുറഞ്ഞു. അവ സമതലത്തിൽ നിന്നു മാറി. വീണ്ടും മരങ്ങളും ചെടികളും ഉണ്ടായി. മണ്ണൊലിപ്പു നിന്നു. പുഴകളിൽ ധാരാളം ജലമായി. അവിടെ അപൂർവതരം മത്സ്യങ്ങളുടെ എണ്ണവും കൂടി. പാർക്ക് വീണ്ടും മനോഹരമായി. ചെന്നായ്ക്കളുടെ തിരിച്ചു വരവാണു ദേശീയോദ്യാനത്തിനു വീണ്ടും നവജീവൻ നൽകിയത്.

യെല്ലോസ്റ്റോൺ നാഷനൽ പാർക്കിൽ നിന്നു നമുക്ക് ഒരു പാഠം പഠിക്കാനില്ലേ? കഷ്ടതകളും ബുദ്ധിമുട്ടിക്കുന്ന സാഹചര്യങ്ങളും ചെന്നായ്ക്കളെപ്പോലെയാണ്. അവ ഇല്ലാതിരുന്നെങ്കിൽ എന്നു നാം ആഗ്രഹിക്കും. എന്നാൽ നമ്മുടെ ജീവിതോദ്യാനത്തെ മനോഹരമാക്കുന്നതിൽ അവയ്ക്കൊരു പങ്കില്ലേ?

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.